**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 15, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--367]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പൊതുമരാമത്ത് വകുപ്പ് മന്ത്രി | : 1051 മുതൽ 1178 വരെ |
| പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി | : 1179 മുതൽ 1261 വരെ |
| റവന്യൂ വകുപ്പ് മന്ത്രി | : 1262 മുതൽ 1345 വരെ |
| വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി | : 1346 മുതൽ 1417 വരെ |

**<u>റോഡുകളുടെ പരിപാലനവും ഗുണനിലവാരവും</u>**

1051 **ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകളുടെയും ഉപറോഡുകളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കരാർ കാലാവധി തീരുന്നതിന് മുമ്പ് തകരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ കരാറുകാരുടെ ചെലവിൽ തന്നെ നടപ്പാക്കുന്നത് കർശനമാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നബാർഡ് സഹായത്തോടെയോ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയോ ഗ്രാമീണ മേഖലകളിൽ റോഡുകൾ നവീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ചങ്ങനാശ്ശേരിമണ്ഡലത്തിലെ റോഡ് നിർമ്മാണത്തിനായുള്ള ബജറ്റ് വിഹിതം**

1052 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പി.ഡബ്ള്യൂ.ഡി-യുടെ കീഴിലുള്ള ഒ.ഡി.ആർ (മറ്റു ജില്ലാ റോഡുകൾ) വിഭാഗത്തിൽ ഉൾപ്പെടുത്തി നിർമ്മാണം/നവീകരണം നടത്താൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒ.ഡി.ആർ വിഭാഗത്തിൽ ഉൾപ്പെടുത്തി ബജറ്റിൽ 20% പ്രൊവിഷൻ മാറ്റിവെക്കുന്ന പ്രവൃത്തികളിൽ, നടപ്പ് സാമ്പത്തിക വർഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഒ.ഡി.ആർ കാറ്റഗറിയിൽ ഉൾപ്പെടുന്ന പി.ഡബ്ള്യൂ.ഡി. റോഡുകളുടെ നിർമ്മാണത്തിനായുള്ള ബജറ്റ് ശീർഷകത്തിൽ ആവശ്യമായ ബജറ്റ് വിഹിതം കൃത്യമായി അനുവദിച്ചിട്ടുണ്ടോ എന്ന് കണക്ക് സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഒ.ഡി.ആർ റോഡ് പ്രവൃത്തികൾക്കായി ഫണ്ട് അനുവദിക്കുന്നതിലോ വിനിയോഗിക്കുന്നതിലോ നിലവിൽ എന്തെങ്കിലും തടസ്സങ്ങളോ കാലതാമസങ്ങളോ നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഒ.ഡി.ആർ റോഡ് നിർമ്മാണങ്ങൾക്കായി അർഹമായ ബജറ്റ് വിഹിതം കൃത്യസമയത്ത് ലഭ്യമാക്കുന്നതിനും ഫണ്ട് വിഹിതം സംബന്ധിച്ചുള്ള അവ്യക്തതകൾ പരിഹരിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതുവരെ അനുവദിച്ച തുകയുടെ കണക്കുകൾ സഹിതം മറുപടി നൽകുമോ?

**പാലാ-പൂഞ്ഞാർ ഹൈവേയിൽ ചെത്തിമറ്റം മുതൽ റോഡ് വീതി കൂട്ടൽ**

1053 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ -പൂഞ്ഞാർ ഹൈവേയിൽ ചെത്തിമറ്റം മുതൽ റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ റോഡിലെ അനധികൃതകയ്യേറ്റങ്ങൾ ഒഴിപ്പിച്ച്, മൂന്നാനി കോടതിക്ക് മുൻവശം ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ റോഡ് ഉയർത്തിനിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**കളരിയമ്മാക്കൽ പാലം അപ്രോച്ച് റോഡ്**

1054 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കളരിയമ്മാക്കൽ പാലം അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി വർഷങ്ങളായി നാട്ടുകാർ അനുഭവിക്കുന്ന ദുരിതം മാറ്റാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**റിവർ വ്യൂ റോഡ് പൂർത്തീകരണം**

1055 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ റിവർ വ്യൂ റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പാലാ ബൈപ്പാസ് പൂർത്തീകരണം**

1056 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത ബൈപാസ് റോഡിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**വളാഞ്ചേരി റിങ് റോഡ് നിർമ്മാണം**

1057 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കുന്ന കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിങ് റോഡ് പ്രവൃത്തിയുടെ നിലവിലെസ്ഥിതി വിശദമാക്കുമോ; പ്രവൃത്തി സംബന്ധിച്ച് പൊതുമരാമത്ത് ഡിസൈൻ ചീഫ് എൻജിനിയറുടെ കാര്യാലയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രവൃത്തിയുടെ അലൈൻമെന്റും ഡി .പി.ആർ -ഉം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

### <u>പുത്തൂർ – ചെനക്കൽ ബൈപ്പാസ്</u>

1058 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ - ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഐ.ആർ.സി. മാനദണ്ഡ പ്രകാരമുള്ള പുതിയ അലൈമെന്റ് തയ്യാറായിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് 2026 ജൂൺ മാസം ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിയുടെ ഫീസിബിലിറ്റി പഠനത്തിനും ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുമായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ പുത്തൂർ - ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് അഞ്ച് കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വികരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

### <u>തീരദേശ ഹൈവേ നിർമ്മാണം</u>

1059 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ എസ്. എച്ച്. ബൈപ്പാസ് ക്രോസിങ് മുതൽ സൗത്ത് ചെല്ലാനം വരെയുള്ള 32.89 കിലോമീറ്ററിൽ അതിർത്തി നിർണ്ണയിച്ച് കല്ലിടൽ പൂർത്തിയാക്കി 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിൽ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ;

(സി) തീരദേശ ഹൈവേ നിർമ്മാണ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പിനായി സർവ്വേ കല്ലുകൾ സ്ഥാപിച്ചതിനാൽ പ്രദേശവാസികൾക്ക് സ്ഥലം വിൽക്കുന്നതിനും ബാങ്ക് വായ്പ എടുക്കുന്നതിനും വീടുകൾ നിർമ്മിക്കുന്നതിനും പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ചുള്ളിമട-മാരാക്കാവ്-മലയപ്പൊതി-ചിതലിപ്പാലം റോഡ് നിർമ്മാണം</u>

1060 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ചുള്ളിമട-മാരാക്കാവ്-മലയപ്പൊതി-ചിതലിപ്പാലം റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

<u>തീരദേശ ഹൈവേ പദ്ധതി</u>

1061 **ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലം കൂടി ഉൾപ്പെടുന്ന തീരദേശ ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതിയുടെ തുടർപ്രവർത്തനം സംബന്ധിച്ച് വിശദീകരിക്കാമോ?

<u>തീരദേശ റോഡ് പദ്ധതി</u>

1062 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡല പരിധിയിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ പദ്ധതിയുടെ അലൈൻമെന്റും പ്രവൃത്തികളുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

**<u>തളിപ്പറമ്പ് - ശ്രീകണ്ഠാപുരം - ഇരിട്ടി സംസ്ഥാന പാതയുടെ വികസനവും നവീകരണവും</u>**

1063 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് - ശ്രീകണ്ഠാപുരം - ഇരിട്ടി സംസ്ഥാന പാതയിൽ പ്രയാസമേറിയ വളവുകൾ മൂലവും വീതിക്കുറവ് മൂലവും ഗതാഗത തടസ്സങ്ങളും അപകടങ്ങളും പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാതയിൽ തളിപ്പറമ്പ് മുതൽ ചൊവ്വാക്കൽ വരെയുള്ള ഭാഗം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) മലയോര മേഖലയിലേക്കുള്ള യാത്രയ്ക്കും തീർത്ഥാടന-ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും പ്രയോജനപ്പെടുന്ന പ്രസ്തുത സംസ്ഥാന പാതയിലെ വളവുകൾ നിവർത്തി വീതികൂട്ടി നവീകരിക്കുന്നതിനായി പ്രത്യേക ഫണ്ട് വകയിരുത്തി പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>പെരുമ്പാവൂർ ബൈപ്പാസിന്റെ രണ്ടാം ഘട്ടം നിർമ്മാണം</u>**

1064 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലേക്കുള്ള പ്രധാനപ്പെട്ട പാതയായ ആലുവ -മൂന്നാർ റോഡിൽ പെരുമ്പാവൂരിൽ എത്തുമ്പോഴുള്ള ഗതാഗതകുരുക്കിന് പരിഹാരമുണ്ടാക്കുന്നതിനായുള്ള പെരുമ്പാവൂർ ബൈപ്പാസിന്റെ ഒന്നാംഘട്ടം പണികൾ നടന്നുവരികയാണെങ്കിലും പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തി നടപടികൾ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രണ്ടാംഘട്ട പണികൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള അലൈൻമെന്റ് നിശ്ചയിക്കുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മലയോര ഹൈവേ**

1065 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ എടപ്പറമ്പ -കോളിച്ചാൽ റീച്ചിൽ എന്തൊക്കെ ജോലിയാണ് ഇനി അവശേഷിക്കുന്നത്;

(ബി) ഈ റീച്ചിൽ വനഭൂമി വിട്ടുകിട്ടാൻ വേണ്ടി പരിവേഷ് പോർട്ടലിൽ സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഈ റീച്ചിൽ വന മേഖലയിൽ എത്ര പാലങ്ങളാണ് നിർമ്മിക്കേണ്ടത്; ആയതിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ;

(ഡി) വനഭൂമി വിട്ടുകിട്ടിയാൽ അവശേഷിക്കുന്ന ജോലികൾ ഒറ്റ ടെണ്ടറായി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ഇലക്ട്രിസിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ബസ് കാത്തിരിപ്പ് കേന്ദ്രം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നീ ജോലികൾ കൂടി പുതിയ ടെണ്ടറിൽ ഉൾപ്പെടുത്തുമോ?

**ആറന്മുള നിയോജക മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

1066 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമെന്നും അവയ്ക്കോരോന്നിനും അനുവദിച്ച തുക എത്ര വീതമാണെന്നും തരം തിരിച്ച് വ്യക്തമാക്കാമോ; അവയുടെ നിലവിലെ നിർമാണപുരോഗതിയും തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത റോഡുകൾ ഏതെല്ലാമാണെന്ന തരംതിരിച്ച് വ്യക്തമാക്കാമോ; അവയുടെ നിർമാണം ആരംഭിക്കുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

**കൂത്തുപറമ്പ് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി**

1067 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന റോഡ് പ്രവൃത്തികളുടെ പുരോഗതി (കിഫ്ബി, പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന ഉൾപ്പെടെ) വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണപുരോഗതി (കിഫ്ബി ഉൾപ്പെടെ) വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പാലങ്ങളുടെ നിർമ്മാണ പുരോഗതി (കിഫ്ബി ഉൾപ്പെടെ) വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

**റോഡ് റീ ടാറിംഗ്**

1068 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാർ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എടുക്കുന്ന കുഴികൾ നികത്തി റോഡ് റീ ടാറിംഗ് ചെയ്യുന്നതിന് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റോഡ് റീ ടാറിംഗ് നിരക്ക് പരിഷ്കരണത്തിനായി നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**നിലമ്പൂർ ബൈപാസിന്റെ രണ്ടാംഘട്ട പ്രവൃത്തി**

1069 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച നിലമ്പൂർ ബൈപ്പാസിൻെറ രണ്ടാംഘട്ട പ്രവൃത്തി ആരംഭിക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>രാമനാട്ടുകര - കോഴിക്കോട് വിമാനത്താവളം എലിവേറ്റഡ് ഹൈവെ</u>**

1070 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര - കോഴിക്കോട് വിമാനത്താവളം എലിവേറ്റഡ് ഹൈവേ നിർമ്മാണപദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) 24 മീറ്റർ വീതിയിലും 12 കിലോമീറ്റർ നീളത്തിലും നാലുവരിപ്പാത നിർമ്മിക്കാനാണോ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ വിഭാവനം ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കലിലെ ഭാരിച്ച ചെലവും സാമൂഹിക പ്രത്യാഘാതങ്ങളും ഒഴിവാക്കുന്നതിന് വേണ്ടിയാണോ ഇപ്പോൾ എലിവേറ്റഡ് രീതിയിലേക്ക് മാറിയത്; വിശദാംശം നല്കാമോ;

(ഡി) പദ്ധതിയുടെ അലൈൻമെന്റിന് കേന്ദ്ര സർക്കാരിന്റെ അലൈൻമെന്റ് അംഗീകാരസമിതിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ റോഡുകൾ</u>**

1071 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ വിശദാംശം അവയുടെ ദൂരമടക്കം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്തിയിട്ടില്ലാത്ത റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിന്റെ പരിധിയിൽ അടിയന്തരമായി നവീകരിക്കേണ്ട റോഡുകളുടെ പേരും അവയ്ക്കായി കണക്കാക്കിയിട്ടുള്ള തുകയും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

**<u>പുനലൂർ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി (റോഡ്സ് ) വിഭാഗത്തിന്റെ പ്രവൃത്തികൾ</u>**

1072 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിൽ നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിൽ നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ളതും എന്നാൽ ടെൻഡർ നടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>ബൈപ്പാസുകളെ നാലുവരിപ്പാതയാക്കാൻ നടപടി</u>**

1073 **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും മികച്ച സാങ്കേതികവിദ്യ ഉപയോഗിച്ച് ബൈപ്പാസുകൾ നാലുവരിപ്പാതയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നാലുവരിപ്പാത വികസനത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തം ഉപയോഗപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പണികളിലെല്ലാം ഊർജ്ജസംരക്ഷണത്തിനും പൈതൃകസംരക്ഷണത്തിനും പരിഗണന നൽകുമോയെന്ന് വിശദമാക്കുമോ?

**<u>റോഡുകളുടെ വീതി കൂട്ടലും വളവുനിവർത്തലും</u>**

1074 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. പാറക്കൽ അബ്ദുല്ല**

**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ജനസാന്ദ്രത ഏറെയുള്ള മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ റോഡുകളുടെ വീതികൂട്ടലും വളവുനിവർത്തലും അനിവാര്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വാഹനത്തിരക്കും ഇടുങ്ങിയ റോഡുകളും കാരണം മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെ യാത്രകൾക്ക് കൂടുതൽ സമയം ചെലവഴിക്കേണ്ടി വരുന്നുണ്ടെന്നത് പരിഗണിച്ച് റോഡുകളുടെ വികസനത്തിനായി അനുകൂലമായ തീരുമാനമെടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) മലബാർ പ്രദേശത്തെ റോഡുകളുടെ വികസനത്തിനായി പ്രത്യേക പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

**റോഡ് വികസന പദ്ധതി**

1075 **ശ്രീ. പി. കെ. ഫിറോസ്**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ജംഗ്ഷനുകളുടെ വികസനം, ഫ്ലൈ ഓവർ നിർമ്മാണം, പുതിയ ബൈപ്പാസുകൾ ഉൾപ്പെടെയുള്ള റോഡ് വികസന പദ്ധതി ശാസ്ത്രീയമായി പഠിച്ച് മുൻഗണന നിശ്ചയിക്കുന്നതിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സമിതിയുടെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്നും എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള റോഡുകളുടേയും പാലങ്ങളുടേയും ശൃംഖല സമഗ്രമായി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ഡി) പ്രധാന ജംഗ്ഷനുകളിലെ ഗതാഗതകുരുക്ക് പരിഹരിക്കുവാൻ പ്രത്യേക പദ്ധതികൾക്ക് രൂപം കൊടുക്കുമോ; വിശദമാക്കുമോ?

**നീലേശ്വരം- എടത്തോട് റോഡ് നിർമ്മാണം**

1076 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച നീലേശ്വരം- എടത്തോട് റോഡ് നിർമ്മാണ കരാറുകാരനെ ടെർമിനേറ്റ് ചെയ്യാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) ടെർമിനേറ്റ് ചെയ്ത സാഹചര്യത്തിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണെന്ന് പറയാമോ;

(ഡി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എപ്പോൾ പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ**

1077 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും അപകടസാധ്യതയുള്ള മേഖലകളിൽ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) റോഡ് അപകടങ്ങളിൽ മരണനിരക്ക് കുറയ്ക്കുന്നതിനായി ‘ബ്ലാക്ക് സ്പോട്ട്’ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി നിലവാരമുള്ള സിഗ്നലുകൾ, സീബ്രാ ക്രോസിംഗുകൾ, തെരുവുവിളക്കുകൾ, ഡിവൈഡറുകൾ എന്നിവ സ്ഥാപിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ഡി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുജനങ്ങളിൽ റോഡ് സുരക്ഷാ ബോധവത്കരണ പരിപാടികൾ കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

**വൈപ്പിൻ മണ്ഡലത്തിലെ റോഡ് സംരക്ഷണ പദ്ധതി**

1078 **ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം, ഉയർന്ന തിരമാല, മഴക്കാല വെള്ളക്കെട്ട് തുടങ്ങിയ പ്രകൃതിദത്ത സാഹചര്യങ്ങൾ മൂലം വൈപ്പിൻ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനായി ദീർഘകാല റോഡ് സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിന്റെ ദ്വീപ്-തീരദേശ ഭൂമിശാസ്ത്രവും വർദ്ധിച്ചുവരുന്ന ഗതാഗത ആവശ്യകതയും പരിഗണിച്ച്, മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ, ഡ്രെയിനേജ്, കാൽനട സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി സമഗ്രമായ ഇന്റഗ്രേറ്റഡ് റോഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**ഇരിങ്ങാലക്കുട മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം**

1079 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിൽ തകർന്നുകിടക്കുന്ന പൊതുമരാമത്ത് റോഡുകളുടെ നവീകരണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ബി.എം & ബി.സി.നിലവാരത്തിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം റോഡുകളുടെ നവീകരണത്തിലുണ്ടാകുന്ന കാലതാമസം പരമാവധി ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡ് നിർമ്മാണം**

1080 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡിന്റെ ബി.എം & ബി.സി. നിലവാരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥ എന്താണെന്നും ഈ റോഡിന്റെ പുനർനിർമ്മാണം അറ്റകുറ്റപ്പണി എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ?

**<u>കുട്ടനാട് മണ്ഡലത്തിലെ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ</u>**

1081 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മണ്ഡലത്തിൽ കെ.എസ്.ടി.പി., കിഫ്ബി, കെ.ആർ.എഫ്.ബി. ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടക്കുന്ന റോഡ്, പാലം, കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; ഇവ തുടങ്ങുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) കെ.സി. പാലം നിർമ്മാണം തുടങ്ങാൻ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ?

**<u>ഡ്രെയിനേജ് നിർമ്മാണവും വെള്ളക്കെട്ട് പരിഹരിക്കലും</u>**

1082 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-കൊല്ലഗൽ ദേശീയപാതയിലെ പതിമംഗലം, മാവൂർ പ്രദേശങ്ങൾ, കോഴിക്കോട്-മാവൂർ റോഡിലെ വിവിധ ഭാഗങ്ങൾ, വെള്ളിപ്പറമ്പിലെ ബൂസ്റ്റർ ടാങ്കിന് സമീപം എന്നീ ഭാഗങ്ങളിൽ ഡ്രെയിനേജിന്റെ (ഓവുചാൽ) അഭാവം മൂലം മഴക്കാലത്ത് വെള്ളക്കെട്ട് രൂപപ്പെടുകയും ഗതാഗതം തടസ്സപ്പെടുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിൽ വെള്ളക്കെട്ട് കാരണം റോഡുകൾ തകരുന്നതും കാൽനട യാത്രികരും വാഹനങ്ങളും നേരിടുന്ന കടുത്ത യാത്രാദുരിതവും പരിഹരിക്കുന്നതിനായി എന്തെല്ലാം ശാശ്വത നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ ഡ്രെയിനേജ് സംവിധാനവും കൾവർട്ടുകളും നിർമ്മിക്കുന്നതിനായി വകയിരുത്തിയ തുകയും ഇതിനായുള്ള പദ്ധതി നിർദ്ദേശങ്ങളുടെ നിലവിലെ അവസ്ഥയും ലഭ്യമാക്കാമോ;

(ഡി) അടുത്ത മഴക്കാലത്തിന് മുന്നോടിയായി പ്രസ്തുത റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ ആവശ്യമായ അടിയന്തര ഡ്രെയിനേജ് നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>**വാഹനയാത്രക്കാരുടെ സുരക്ഷ**</u>

1083 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്ത് പരിധിയിൽ നെയ്യാർഡാം റോഡിൽ നെയ്യാർ റിസർവോയറിനോട് ചേർന്ന് നിരപ്പിൽകാല മുതൽ കണ്ടംതിട്ട വരെയുള്ള ഭാഗത്ത് വാഹനാപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡിന്റെ വശങ്ങളിൽ ആവശ്യമായ സുരക്ഷാ സംവിധാനങ്ങളുടെ അഭാവവും നെയ്യാർ റിസർവോയറിനോട് ചേർന്നുള്ള ഭൂപ്രകൃതിയും വാഹനാപകടങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ടോ; പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗം റോഡ് സുരക്ഷയുടെ ഭാഗമായി അപകടസാധ്യതയേറിയ മേഖലയായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് നടത്തിയിട്ടുള്ള പരിശോധനകളുടെയും അപകടവിശകലനത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിരപ്പിൽകാല മുതൽ കണ്ടംതിട്ട വരെയുള്ള ഭാഗത്ത് ആവശ്യമായ സ്ഥലങ്ങളിൽ ഡബ്ല്യൂ-ബീം മെറ്റൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനായി സാങ്കേതിക പരിശോധന നടത്തി എസ്റ്റിമേറ്റ്

തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) വാഹനയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രസ്തുത ഭാഗത്ത് ആവശ്യമായ റോഡ് സൈൻബോർഡുകൾ, ഹസാർഡ് മാർക്കറുകൾ, റോഡ് മാർക്കിംഗ്, റിഫ്ലക്ടറുകൾ, ഡിലിനേറ്ററുകൾ തുടങ്ങിയ റോഡ് സുരക്ഷാ സംവിധാനങ്ങൾ കൂടി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സി. ആർ. ഐ. എഫ്. 2022-23വർഷത്തെ പദ്ധതി നടത്തിപ്പിലെ കാലതാമസം</u>**

1084 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഐ.എഫ്. 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നെന്മാന-ഒലിപ്പാറ റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി നീണ്ടുപോകുന്നത് മൂലം പ്രദേശവാസികൾക്ക് കടുത്ത യാത്രാക്ലേശവും ആരോഗ്യപ്രശ്നങ്ങളും നേരിടേണ്ടി വരുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നവീകരണ പ്രവൃത്തികൾ നിലവിൽ പൂർണ്ണമായും സ്തംഭനാവസ്ഥയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; നിലവിലെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും ഇതുവരെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡ് നിർമാണ പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനോ അല്ലാത്തപക്ഷം മറ്റ് ബദൽ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ജനങ്ങളുടെ യാത്രാദുരിതത്തിന് അടിയന്തര പരിഹാരം കാണുന്നതിനായി പ്രസ്തുത നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>സർവ്വീസ് റോഡ്</u>**

1085 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ദേശീയപാത വികസന പ്രവർത്തനങ്ങൾ പൂർത്തിയായതിനു ശേഷം ഉപ്പപടന്ന മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗത്ത് ആവശ്യമായ സർവ്വീസ് റോഡ് ഇല്ലാത്തത് പ്രദേശവാസികൾക്കും യാത്രക്കാർക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗത്ത് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള നിലവിലെ പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയപാത വികസന പദ്ധതിയുടെ ഭാഗമായി സർവ്വീസ് റോഡ് ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സർവ്വീസ് റോഡ് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ പ്രദേശത്തിന്റെ ഗതാഗത ആവശ്യകത കണക്കിലെടുത്ത് ഉപ്പപടന്ന-വാടാനപ്പള്ളി ഭാഗത്ത് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് ദേശീയപാത അതോറിറ്റിയോട് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

## വർക്കല മണ്ഡലത്തിലെ ബൈപ്പാസ് നിർമ്മാണ പുരോഗതി

1086 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ വർക്കല ബൈപ്പാസ് നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## നെന്മേനി-സീതാർകുണ്ട് റോഡ് പ്രവൃത്തി

1087 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെന്മേനി-സീതാർകുണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി മുൻകരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്തിരുന്നോ; എങ്കിൽ ശേഷിക്കുന്ന പ്രവൃത്തികൾക്ക്

ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിനു സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) നിലവിലെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ നൽകിയിട്ടുള്ള നിർദേശപ്രകാരമുള്ള തുടർനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ റീ-ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി എന്ന് പുനരാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>മണലൂർ മണ്ഡലത്തിലെ കണ്ടശാംകടവ് ജംഗ്ഷൻ വികസനം</u>

1088 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടശാംകടവ് ജംഗ്ഷനിൽ വാഹനതിരക്ക് മൂലം സ്ഥിരമായി ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജംഗ്ഷനിലെ നിലവിലെ ഗതാഗത സ്ഥിതിഗതികൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ജംഗ്ഷന്റെ വികസനത്തിനും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുമായി ഏതെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ട്രാഫിക് പഠനം നടത്തി ജംഗ്ഷൻ വികസനം, റോഡ് വീതികൂട്ടൽ, ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ, ആവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി സമഗ്രമായ പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ നന്ദായിവനം-ശിവൻമുക്ക്-വെള്ളല്ലൂർ റോഡ് നവീകരണം</u>

1089 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ നന്ദായിവനം-ശിവൻമുക്ക്-വെള്ളല്ലൂർ റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നവീകരണത്തിൽ കാലതാമസം ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**കോഴിക്കോട് വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം**

1090 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ എൻഡ് സേഫ്റ്റി ഏരിയയുടെ വികസനത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ക്രോസ് റോഡ് നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോഴിക്കോട് വിമാനത്താവളത്തിന്റെ പടിഞ്ഞാറുഭാഗത്ത് കുമ്മിണിപറമ്പ് എയർപോർട്ട് റോഡിലുള്ള S വളവ് നേരെയാക്കാൻ നടപടി സ്വീകരിക്കുമോ; നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) കോഴിക്കോട് വിമാനത്താവളത്തിലേക്ക് ദേശീയപാത-66 കോഹിനൂരിൽ നിന്നും പുതിയ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുമെന്ന 2026-27 ബജറ്റ് പ്രഖ്യാപന നിർദ്ദേശത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) കോഴിക്കോട് വിമാനത്താവളത്തിലേക്ക് പോകുന്ന വാഹനങ്ങളുടെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി സ്പിന്നിംഗ് മിൽ എന്ന സ്ഥലത്ത് ദേശീയപാത 66 - ൽ നിന്നും എക്സിറ്റ് അനുവദിക്കാനുള്ള നിർദേശത്തിമേൽ നടപടി അറിയിക്കാമോ?

**കാരപ്പാറ റോഡിന്റെ വികസനം**

1091 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ലെ ജനറൽ ബജറ്റിൽ ഉൾപ്പെടുത്തി എഴുപത്തിയഞ്ച് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കാരപ്പാറ റോഡ് അഭിവൃദ്ധിപ്പെടുത്തൽ

(കി.മീ 0/000 മുതൽ 8/360 വരെ) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) നിരക്ക് വർദ്ധനവിനെത്തുടർന്ന് സമർപ്പിച്ചിട്ടുള്ള പുതുക്കിയ എസ്റ്റിമേറ്റിന് (റിവൈസ്ഡ് എസ്റ്റിമേറ്റ്) അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**അടയമൺ-തൊളിക്കുഴി റോഡിന്റെ നിർമാണം**

1092 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ അടയമൺ-തൊളിക്കുഴി റോഡിന്റെ നിർമ്മാണത്തിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച വകുപ്പുതലനടപടികൾ വ്യക്തമാക്കുമോ?

**മങ്കട മണ്ഡലത്തിലെ ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണം**

1093 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകുമോ;

(സി) ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളത്; ഓരോ പ്രവൃത്തിയും നടപ്പിലാക്കാനുള്ള ഏജൻസി സഹിതം വിശദാംശം ലഭ്യമാക്കുമോ;

(ഡി) ബൈപ്പാസ് നിർമ്മാണം സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

വ്യക്തമാക്കാമോ?

**<u>മലമ്പുഴ-ആനക്കൽ റിംഗ് റോഡ് നവീകരണം</u>**

1094 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അഞ്ച് കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ-ആനക്കൽ റിംഗ് റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്; മുഴുവൻ പണികളും എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

**<u>കഴനി-പഴമ്പാലക്കോട് റോഡ് പ്രവൃത്തി</u>**

1095 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>കഞ്ചിക്കോട് - മലമ്പുഴ റോഡ് നവീകരണ പ്രവർത്തി</u>**

1096 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽ നിന്നും 4.15 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട്-മലമ്പുഴ റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ; മുഴുവൻ പണികളും പൂർത്തിയാക്കി പ്രസ്തുത റോഡ് എന്നത്തേക്ക് ജനങ്ങൾക്ക് തുറന്ന് നൽകാൻ കഴിയും എന്ന് അറിയിക്കാമോ?

**<u>മണപ്പാടം-കണ്ണമ്പ്ര റോഡ് പ്രവൃത്തി</u>**

1097 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ മണപ്പാടം-കണ്ണമ്പ്ര റോഡിന്റെ ഒരു കോടി രൂപയുടെ നവീകരണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>വളപട്ടണം-അലവിൽ റോഡ്</u>**

1098 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസിന്റെ ഭാഗമായി അനുവദിച്ച വളപട്ടണം-അലവിൽ റോഡിന്റെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കുമോ?

**<u>തദ്ദേശ റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടി</u>**

1099 **ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നടപടികൾ അവസാനമായി നടപ്പാക്കിയത് എന്നാണെന്നും ഇപ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങളും വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ ഒറ്റത്തവണയായി നവീകരിച്ച നടപടികൾ എന്നാണ് അവസാനമായി നടപ്പാക്കിയത്; നിലവിലെ സർക്കാർ ഇത്തരം നവീകരണം നടപ്പാക്കിയിട്ടുണ്ടോയെന്നും ഇനി നടപ്പാക്കാൻ ലക്ഷ്യമിടുന്നുണ്ടോയെന്നും അറിയിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിലേക്ക് കൂടുതൽ തദ്ദേശ റോഡുകൾ ചേർക്കുന്നതിന് പദ്ധതിയുണ്ടോ എന്നും ഇതിനായി എന്ത് ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ; പ്രസ്തുത പദ്ധതിയുടെ അർഹതാ മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ;

(ഡി) ദേശീയപാതകളെയും സംസ്ഥാനപാതകളെയും പ്രധാന ജില്ലാ റോഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളായി ഉപയോഗിക്കുന്ന തദ്ദേശ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ ?

**<u>അഴീക്കോട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള റോഡുകൾ</u>**

1100 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ അഴീക്കോട് മണ്ഡലത്തിനായി അനുവദിച്ച റോഡുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ഇതുവരെ പ്രവൃത്തി ആരംഭിക്കാത്ത റോഡുകളുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പ്രവൃത്തി പൂർത്തിയാകാത്ത റോഡുകളുടെ വിശദവിവരങ്ങൾ നൽകാമോ?

**<u>തിരുവനന്തപുരം എം. സി. റോഡ് വികസനം</u>**

1101 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എം.സി. റോഡിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി മണ്ണന്തല മുതൽ തൈക്കാട് വരെയുള്ള റോഡ് വീതികൂട്ടി നവീകരിക്കുന്നതിന് മുൻ സർക്കാറിന്റെ കാലത്ത് ആദ്യഘട്ടമായി 1500 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത ഉത്തരവിന്റെ നമ്പറും തീയതിയും പകർപ്പും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡ് വികസനത്തിനായുള്ള അലൈൻമെന്റ് നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അലൈൻമെന്റ് നിർണ്ണയം വൈകുന്നതിനുള്ള കാരണം എന്താണെന്നും ആയത് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും ഇതിനായി റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നാളിതുവരെയുള്ള ഭൗതികവും സാമ്പത്തികവുമായ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

**<u>ദേശീയപാത 66-ന്റെ നിർമ്മാണ പ്രവൃത്തി</u>**

1102 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് തലപ്പാടി മുതൽ തിരുവനന്തപുരം കാരോട് വരെയുള്ള ദേശീയപാത 66-ന്റെ പല റീച്ചുകളിലും നിർമ്മാണ പ്രവൃത്തി പൂർണ്ണമായും നിർത്തിവച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിർമ്മാണം സമയബന്ധിതമായി പൂർത്തിയാകാത്തതിന് ദേശീയപാത അതോറിറ്റി അധികൃതർ നൽകുന്ന വിശദീകരണം ലഭ്യമാക്കാമോ;

(സി) ദേശീയപാത നിർമ്മാണത്തിനിടെ സംഭവിച്ച അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സർക്കാർ ലഭ്യമാക്കിയ സഹായങ്ങൾ വ്യക്തമാക്കാമോ ?

**<u>കോട്ടക്കൽ റസ്റ്റ് ഹൗസ് നവീകരണം</u>**

1103 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ റസ്റ്റ് ഹൗസ് ഏറെ പരിമിതികളാലും റൂമുകളുടെ അപര്യാപ്തതയാലും വളരെയധികം സൗകര്യക്കുറവ് പൊതുജനങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോട്ടക്കൽ റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട മാസ്റ്റർപ്ലാൻ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ദേശീയപാത കടന്നുപോകുന്നതും രാജ്യാന്തര പ്രശസ്തിയാർജ്ജിച്ച കോട്ടക്കൽ ആര്യവൈദ്യശാല ഉൾപ്പടെ പ്രശസ്തമായ നിരവധി വിദ്യാഭ്യാസ, വ്യവസായ, വാണിജ്യ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതുമായ കോട്ടക്കലിൽ എത്തുന്നവർക്ക് മികച്ച താമസസൗകര്യം

ഇല്ലാതെ പ്രയാസം നേരിടുന്നത് കണക്കിലെടുത്തും വർധിച്ചുവരുന്ന ടൂറിസം സാധ്യതകൾ കൂടി പരിഗണിച്ചും കോട്ടക്കൽ റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>കാട്ടിലങ്ങാടി ഗവ:ഹയർസെക്കണ്ടറി സ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം</u>

1104 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നഗരസഭയിലെ കാട്ടിലങ്ങാടി ഗവ:ഹയർസെക്കണ്ടറി സ്കൂളിലെ പുതിയ കെട്ടിട നിർമ്മാണ സ്ഥലത്ത് നേരത്തെ മുറിച്ചിട്ട മരങ്ങൾ ലേലം ചെയ്യുന്നത് സംബന്ധിച്ചുള്ള നടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ; എത്രതവണ ലേലം നോട്ടിഫിക്കേഷൻ ചെയ്തുവെന്നും വാല്യൂഷൻ ഉയർന്നനിരക്കിലായതിനാൽ അത് ലേലംകൊള്ളാൻ ആളില്ലാത്ത അവസ്ഥയിൽ പ്രസ്തുതമരം നീക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും നൽകാമോ?

(ബി) പ്രസ്തുത ഫയൽ സംബന്ധിച്ചുള്ള കത്തുകളുടേയും ഫയൽ നടപടി ക്രമങ്ങളുടേയും പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത മരങ്ങൾ മാറ്റുന്നത് സംബന്ധിച്ചുള്ള തടസ്സം കാരണമായി കെട്ടിട നിർമ്മാണം തടസ്സപ്പെട്ടത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ജി.എൽ.പി.എസ് രായീരമംഗലം ഈസ്റ്റിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; മരങ്ങൾ മാറ്റുന്നതിന് ജില്ലാതല കമ്മിറ്റിക്ക് കത്ത് നൽകിയെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>പെരുമ്പാവൂർ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുവാൻ നടപടി</u>

1105 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ നിരവധി സർക്കാർ ഓഫീസുകൾ ഇപ്പോഴും വാടകക്കെട്ടിടങ്ങളിലും പരിമിതമായ സൗകര്യങ്ങളുള്ള കെട്ടിടങ്ങളിലുമാണ് പ്രവർത്തിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പ്രവർത്തിച്ചുവരുന്ന ഓഫീസുകൾക്കായി പുതിയൊരുകെട്ടിടം നിർമിച്ചാൽ സർക്കാരിന്റെ വലിയൊരു വാടകബാധ്യത ഒഴിവാകുമെന്നും വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്ക് ഏറെ സൗകര്യപ്രദമാകുമെന്നും വിലയിരുത്തിയിട്ടുണ്ടോ;

(സി) നിലവിലുള്ള പെരുമ്പാവൂർ മിനി സിവിൽ സ്റ്റേഷന് സമീപം അനക്സ് കെട്ടിടം നിർമ്മിച്ചാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പെരുമ്പാവൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിനു സമീപം പുതിയ സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ആറന്മുള മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ</u>**

1106 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾ ഏതെല്ലാമാണെന്നും അവയുടെ അടങ്കൽ തുക എത്രയാണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ; ഒപ്പം അവയുടെ നിലവിലെ നിർമ്മാണ പുരോഗതി തരംതിരിച്ച് വിശദമാക്കാമോ;

(ബി) ആറന്മുള നിയോജക മണ്ഡലത്തിൽ തുക അനുവദിച്ചിട്ടും പ്രവൃത്തികൾ ആരംഭിക്കാത്ത കെട്ടിടങ്ങൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്നും ഓരോ കെട്ടിടത്തിന്റെയും തരംതിരിച്ച് വ്യക്തമാക്കാമോ?

**<u>അമ്പലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ</u>**

1107 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 വരെയുള്ള വർഷങ്ങളിലും 2026-27 സാമ്പത്തിക വർഷത്തിൽ ഇതുവരെയും അമ്പലപ്പുഴ നിയമസഭാ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനു കീഴിൽ നടപ്പാക്കിയതും നടപ്പിലാക്കിവരുന്നതുമായ നിർമ്മാണ, പുനർനിർമ്മാണ, നവീകരണ, അറ്റകുറ്റപ്പണി പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വിശദീകരിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പേരും സ്ഥലവും ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെയും സ്ഥാപനത്തിന്റെയും വിവരങ്ങളും പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതിയും തുകയുമുൾപ്പടെ വ്യക്തമാക്കുമോ;

(സി) ഓരോ വർഷവും ആരംഭിച്ച പ്രവൃത്തികളുടെ എണ്ണം, പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം, നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ എണ്ണം എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, കരാർ തുക, ഇതുവരെ ചെലവഴിച്ച തുക എന്നിവ വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ വൈകുന്നതിനുള്ള കാരണങ്ങൾ, നിലവിലെ സ്ഥിതി, പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി എന്നിവ വ്യക്തമാക്കുമോ?

<u>**പുനലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന്റെ പ്രവൃത്തികൾ**</u>

1108 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിൽ നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (കെട്ടിടങ്ങൾ) വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിൽ നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ളതും എന്നാൽ ടെൻഡർ നടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>**മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന പ്രവൃത്തികൾ**</u>

1109 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2021-26 കാലയളവിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും

അവയിൽ പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നടപ്പിലാക്കാൻ ശേഷിക്കുന്നവ ഏതെല്ലാമെന്നും അവ ആരംഭിക്കുവാൻ തടസ്സങ്ങൾ ഉണ്ടോയെന്നും അറിയിക്കുമോ; ടി പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? വിശദമാക്കുമോ?

<u>നഗരൂർ പോലീസ് സ്റ്റേഷന്റെയും സബ് രജിസ്ട്രാർ ഓഫീസിന്റെയും നിർമ്മാണം</u>

1110 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരൂർ പോലീസ് സ്റ്റേഷന്റെയും സബ് രജിസ്ട്രാർ ഓഫീസിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നു മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>വർക്കല ശ്രീനിവാസപുരം ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം</u>

1111 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശ്രീനിവാസപുരം പട്ടികജാതി ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>തലശ്ശേരി പുതിയ ബസ് സ്റ്റാൻഡ്ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം</u>

1112 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി പുതിയ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭരണാനുമതി നാളിതുവരെ ലഭ്യമാകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ആയതിന്റെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ?

**എറണാകുളം മണ്ഡലത്തിലെ ചേരാനല്ലൂർ ഏലൂർ ചൗക്ക പാലം**

1113 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തെയും കളമശ്ശേരി നിയോജകമണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചേരാനല്ലൂർ ഏലൂർ ചൗക്ക പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടെവരെയായി എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

**ഇരിമ്പിളിയം – കൊട്ടുമുടി – തിരുവേഗപ്പുറ പാലം നിർമ്മാണം**

1114 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും തൂതപ്പുഴയ്ക്ക് കുറുകെയുള്ളതുമായ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറപാലത്തിന് സമാന്തരമായി പുതിയപാലം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കുന്നത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) 2026-27 ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ തിരുവേഗപ്പുറ പാലം നിർമ്മാണത്തിനായി അഞ്ച് കോടിരൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**കണ്ണൂർ തെക്കി ബസാർ മേൽപ്പാലം**

1115 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നഗരത്തിലെ തെക്കി ബസാർ ഫ്ലൈ ഓവർ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാതപഠനത്തിൻറെ

കരട് റിപ്പോർട്ടിലെ പ്രധാന ശുിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച അന്തിമ പുനരധിവാസ പാക്കേജ് പ്രകാരം ഭൂമിയും വ്യാപാര സ്ഥാപനങ്ങളും നഷ്ടപ്പെടുന്ന കച്ചവടക്കാർക്കും ഉടമകൾക്കുമുള്ള നഷ്ടപരിഹാരവിതരണം ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) നിലവിലെ അലൈൻമെന്റിൽ മാറ്റം വരുത്തി വനിത കോളേജ് മുതൽ കണ്ണോത്തുംചാൽ വരെ നീട്ടാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

<u>ആറന്മുള നിയോജക മണ്ഡലത്തിലെ പാലങ്ങൾ</u>

1116 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ ഏതെല്ലാമെന്നും അവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രവീതമാണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ; അവയുടെ നിലവിലെ പുരോഗതി എന്തൊണെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ആറന്മുള നിയോജക മണ്ഡലത്തിൽ തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത പാലങ്ങൾ ഏതെല്ലാമാണെന്ന തരംതിരിച്ച് വ്യക്തമാക്കാമോ അവയുടെ നിർമാണം ആരംഭിക്കുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

<u>മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

1117 **ശ്രീ. എ. കെ. എം. അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമിക്കുന്നതിനായി പൊതുജനങ്ങൾ, ജനപ്രതിനിധികൾ എന്നിവരിൽ നിന്നും ലഭിച്ച നിവേദനങ്ങളും അപേക്ഷകളും മുൻനിർത്തി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനായി സൈറ്റ് സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതും നിലവിൽ സർവ്വേ നടന്നുവരുന്നതുമായ പാലങ്ങൾ ഏതൊക്കെയാണെന്ന് അവയുടെ പേര് വിവരം സഹിതം വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) പുതിയ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക പരിശോധന പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈനിംഗ് ഘട്ടത്തിലുള്ളതും ഡിസൈൻ പൂർണ്ണമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ പാലങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) മംഗൽപ്പാടി - മീഞ്ച പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പട്ടത്തൂർ പാലം, പുത്തിഗെ പഞ്ചായത്തിലെ തുടയാർ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച ഇൻവെസ്റ്റിഗേഷൻ, ഡിസൈനിംഗ്, സർവ്വേ നടപടികളുടെ നിലവിലെ ഘട്ടം ഏതാണെന്നും, ഇവയ്ക്കായി ഭരണാനുമതി ലഭിക്കുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കാമോ;

(എഫ്) പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മരത്തിൻകടവ് - പാലാട് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പുന്നപ്പുഴക്ക് കുറുകെ പാലം</u>**

1118 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ മൂത്തേടം-വഴിക്കടവ് ഗ്രാമപഞ്ചായത്തുകളിലെ ഒറ്റപ്പെട്ടുകിടക്കുന്ന മരത്തിൻകടവ്-പാലാട് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പുന്നപ്പുഴക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് ആവശ്യമായ ഭരണാനുമതി നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചിറക്കൽ -പാറക്കടവ് പാലം നിർമ്മാണം</u>**

1119 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ നിർമ്മാണം പുരോഗമിക്കുന്ന ചിറക്കൽ-പാറക്കടവ് പാലത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>അണ്ടോൾ - പൊതാവൂർകടവ് പാലം നിർമ്മാണം</u>**

1120 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിനാനൂർ, കരിന്തളം എന്നീ പഞ്ചായത്തുകളെ സമീപ മണ്ഡലത്തിലെ കയ്യൂർ, ചീമേനി പഞ്ചായത്തുകളുമായി ബന്ധപ്പെടുത്തുന്ന തരത്തിൽ അണ്ടോൾ-പൊതാവൂർ കടവ് പാലം നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് മുമ്പ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ഒൻപതുലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പാലം നിർമ്മാണത്തിന് നിർദ്ദേശിച്ച സ്ഥലത്ത് വർഷങ്ങൾക്ക് മുമ്പ് തോണി അപകടം നടന്നതിന്റെ ഫലമായി അഞ്ചുപേർ മരിക്കാൻ ഉണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അപ്രോച്ച് റോഡ് ഉള്ളതും മുമ്പ് തോണി കടത്ത് ഉണ്ടായിരുന്നതും പാലം നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമായ അണ്ടോൾ പൊതാവൂർ കടവിൽ റോഡ്/പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ വേഗത്തിലാക്കുമോ; വ്യക്തമാക്കാമോ?

**<u>തോപ്പുംപടി ഹാർബർ പാലത്തിന് സമാന്തര പാലം</u>**

1121 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി ഹാർബർ പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ ഭരണ- സാങ്കേതിക പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സമാന്തര പാലം നിർമ്മാണത്തിനായുള്ള വിശദ പദ്ധതിരേഖ, ഫണ്ട് വിഹിതം, ടെൻഡർ നടപടികൾ എന്നിവ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

**<u>മാഞ്ചിറ പാലം</u>**

1122 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ മാഞ്ചിറ പാലം തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാഞ്ചിറ പാലത്തിന്റെ പുനർനിർമ്മാണത്തിനും പുതിയ പാലം യാഥാർത്ഥ്യമാകുന്നതുവരെ താൽക്കാലിക ഗതാഗത സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി</u>**

1123 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ചിറ്റൂർ കടവ്, ഐരവൺ, ആവണിപ്പാറ, കരിമാൻതോട് പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മലയാലപ്പുഴ റോഡുകൾ, അളിയൻ മുക്ക്-കൊച്ചു കോയിക്കൽ റോഡ്, കലഞ്ഞൂർ-പാടം റോഡ്, പ്ലാപ്പള്ളി-അച്ചൻകോവിൽ റോഡ്, ആനയടി-കൂടൽ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനം ആരംഭിച്ച പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവഹണം നടത്തുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>അണ്ടത്തോട്, കറുകമാട് പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ</u>**

1124 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ അണ്ടത്തോട്, കറുകമാട് പാലങ്ങളുടെ നിർമ്മാണത്തിന് പാലം വിഭാഗത്തിന്റെ ചീഫ് എഞ്ചിനീയർ വിശദമായ എസ്റ്റിമേറ്റ്, ഡിസൈൻ, അനുബന്ധരേഖകൾ എന്നിവ സഹിതം സർക്കാരിന് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ?

**<u>വർക്കല മണ്ഡലത്തിലെ പാലം നവീകരണം</u>**

1125 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ മുത്താന പാലം, മുതല പാലം എന്നിവയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തികൾ</u>**

1126 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരം പാലം, പാറക്കടവ് പാലം എന്നിവയുടെ പുനർനിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തികൾക്കായുള്ള ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഇരിണാവ് പാലം, താവം കാപ്പ് പാലം, മാട്ടൂൽ മടക്കര പാലം, ഇരിണാവ് പാലം അപ്രോച്ച് റോഡ് ഉയർത്തൽ എന്നീ

പ്രവൃത്തികൾക്ക് ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കെ.ആർ.എഫ് .ബി.പ്രവർത്തികൾ**

1127 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി പുതിയ പാലത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; നിർമ്മാണ പ്രവർത്തിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ നൽകാമോ; പ്രവൃത്തി എന്ന് പൂർത്തികരിക്കാൻ സാധിക്കും എന്ന് വ്യകതമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ മൂലക്കിൽകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ; പാലത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

**അരുവിക്കര തോട്ടത്തിൻകടവ്-മൂഴി-മൈലം പാലത്തിന്റെ ടെൻഡർ നടപടികൾ**

1128 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ അരുവിക്കര തോട്ടത്തിൻകടവ്-മൂഴി-മൈലം പാലത്തിന്റെ ടെൻഡർ നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അടിയന്തരമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**പുതുക്കാട് മണ്ഡലത്തിലെ നിർമ്മാണപ്രവൃത്തികൾ**

1129 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ്, നിർദ്ദിഷ്ട മലയോര ഹൈവേ, ചക്കാലക്കടവ് പാലം, നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം എന്നീ വികസന പ്രവൃത്തികളുടെ നിർമ്മാണം അടിയന്തരമായി

ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>അകമല പാലം നിർമ്മാണം</u>**

1130 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ സംസ്ഥാനപാതയിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള അകമല പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**<u>പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ</u>**

1131 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 2018 മുതൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ സെക്ഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) 2020 മുതൽ 2026 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മലപ്പുറം ജില്ലയിലെ ഓഫീസുകളിലെ വിവിധ വിഭാഗങ്ങളിൽ നിന്നും ഉദ്യോഗസ്ഥരെ വർക്കിങ്ങ് അറൈഞ്ച്മെന്റിലും മറ്റും പുനഃക്രമീകരണം നടത്തിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിൽ പുനഃക്രമീകരണം നടത്തി ജില്ലക്ക് ലഭിക്കേണ്ട എച്ച്.ആർ. സേവനം ഇല്ലാതാക്കിയത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>കടവുപുഴ പാലം നിർമാണം</u>**

1132 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ കടവുപുഴ പാലം നിർമാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) വർഷങ്ങളായി നിർമ്മാണം നീണ്ടുപോകുന്ന പ്രസ്തുത പാലത്തിന്റെ നിർമാണം സമയബന്ധിതമായി പൂർത്തിയാക്കി ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

1133 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം നടപ്പിലാക്കാൻ കഴിയാത്ത പൊതുമരാമത്ത് പ്രവൃത്തികളുണ്ടെങ്കിൽ അവയുടെ വിശദവിവരവും സാങ്കേതിക കാരണങ്ങളും വ്യക്തമാക്കാമോ?

**<u>പട്ടാമ്പി മണ്ഡലത്തിലെ പ്രവർത്തികൾ</u>**

1134 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ കീഴിൽ അനുമതി ലഭിച്ചതും നടന്നു വരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**<u>പത്തനാപുരം നിയോജകമണ്ഡലത്തിൽ 2025 -2026 സാമ്പത്തികവർഷം ആരംഭിച്ച പദ്ധതികൾ</u>**

1135 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിൻകീഴിൽ (നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, കിഫ്ബി, കേരള റോഡ് ഫണ്ട് ബോർഡ് ഉൾപ്പെടെ) ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ 2025-26 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം പദ്ധതികൾ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകളിൽ പരിഗണനയിലുണ്ട് ; വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുമരാമത്ത് (കെട്ടിടങ്ങൾ) വിഭാഗത്തിന്റെ പ്രവൃത്തികൾ**

1136 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ 2026-27 സാമ്പത്തിക വർഷം വരെ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ളതും ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് (കെട്ടിടങ്ങൾ) വിഭാഗത്തിന് നിർവ്വഹണ ചുമതലയുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

1137 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിൽ നടപ്പിലാക്കി വരുന്നതും ഭരണാനുമതി ലഭിച്ചതുമായ വിവിധ റോഡ്, പാലം, കെട്ടിടം തുടങ്ങിയ വികസനപ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി,

അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മണ്ഡലത്തിലെ ഗതാഗതസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കേരള റോഡ് ഫണ്ട് ബോർഡ് (KRFB) മുഖേന പ്രസ്തുത മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന റോഡ് വികസന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വിശദീകരിക്കാമോ; നിർമ്മാണത്തിലുള്ള പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനും ഗതാഗത പ്രാധാന്യമുള്ള കൂടുതൽ റോഡുകൾ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1138 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നടത്തി വരുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## മങ്കട മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1139 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മിതികളിൽ ശോച്യാവസ്ഥയിലുള്ളതും നിലവിൽ നവീകരണത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതുമായ നിർമ്മിതികൾ ഏതെല്ലാമാണെന്നും ഇവയിൽ അടിയന്തര പ്രാധാന്യത്തോടെ നവീകരിക്കേണ്ടവ ഏതെല്ലാമാണെന്നുമുള്ള മുൻഗണനാക്രമത്തിലുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ വഴി നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നും പൂർത്തിയാക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

**റെയിൽവേ മേൽപ്പാലങ്ങൾ ആർ.ബി.ഡി.സി.കെ. മുഖേന നടപ്പാക്കുന്നത്**

1140 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ പുതുക്കാട്, ആലത്തൂർ, നെല്ലായി, നന്തിക്കര എന്നിവിടങ്ങളിൽ കിഫ്ബി ധനസഹായത്തോടെ ആർ.ബി.ഡി.സി.കെ. മുഖേന റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി ടെൻഡർ നടപടികൾ സ്വീകരിച്ച പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ടെൻഡർ അംഗീകാരം ലഭ്യമാക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**ശബരിമലയിൽ റോപ് വേ നിർമ്മാണം**

1141 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. രാജൻ. ജെ. പല്ലൻ**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് നൂതന പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ശബരിമലയിൽ ഒരു റോപ്പ് വേ നിർമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ശബരിമല കൂടാതെ കേരളത്തിൽ മറ്റെവിടെയൊക്കെയാണ് റോപ്പ് വേ നിർമ്മിക്കുന്നതെന്നും അത് എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

**കള്ളാടി – ആനക്കാംപൊയിൽ തുരങ്കപാത**

1142 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കള്ളാടി-ആനക്കാംപൊയിൽ തുരങ്കപാതയുടെ നിർമ്മാണോദ്ഘാടനം നടത്തിയത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അന്തിമ അനുമതി ലഭിക്കുന്നതിനു മുൻപാണോ എന്ന് വ്യക്തമാക്കുമോ;

(ബി) അന്തിമാനുമതി കിട്ടിയതിനുശേഷം മാത്രമേ പ്രദേശത്ത് എന്തെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്ന് 2022 ഏപ്രിൽ 11 ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ നിർദ്ദേശം മുൻ സർക്കാർ പാലിച്ചിരുന്നോ; വിശദമാക്കുമോ;

(സി) പദ്ധതി പ്രദേശത്തേക്കുള്ള താൽക്കാലിക പാലം, ക്രഷർ യൂണിറ്റ്, ഇന്ധനടാങ്ക്, ക്യാമ്പ് ഷെഡ് തുടങ്ങിയ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമാനുമതി ഇല്ലാതെ ആരംഭിച്ച എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**തുരങ്കപാതയെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കകൾ**

1143 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് തുരങ്കനിർമ്മാണ പ്രദേശത്തുണ്ടായ മണ്ണിടിച്ചിലിന് ഇടയാക്കിയ ഗുരുതരവീഴ്ചകൾ പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിർമ്മാണ കമ്പനിയുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചതായി ഉയരുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മണ്ണിടിച്ചിലിന്റെ കാര്യകാരണങ്ങൾ പരിശോധിച്ച് തുരങ്കപാത നിർമ്മാണം സുരക്ഷിതമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്ന്

കരുതുന്നുണ്ടോ; ഇനിയൊരു ദുരന്തമുണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(സി) തുരങ്കപാതയെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മഞ്ചേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ**

1144 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ (നിരത്തുകളും പാലങ്ങളും, കെട്ടിട വിഭാഗം, നിരത്തു പരിപാലന വിഭാഗം) കീഴിൽ നിലവിൽ പുരോഗമിക്കുന്നതും ഭരണാനുമതി ലഭ്യമായിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതിയും ഓരോന്നിന്റെയും അടങ്കൽ തുകയും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്ത ഏതെങ്കിലും പ്രവൃത്തികൾ മണ്ഡലത്തിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ നിർമ്മാണം വൈകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണം ആരംഭിച്ചതിൽ കരാർ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇവ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കാമോ?

**വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി**

1145 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; മണ്ണറക്കോണം-കാച്ചാണി റീച്ചിന്റെ സ്ഥലമേറ്റെടുപ്പ് ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടച്ചുമതല ആർക്കാണ്; നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പ്രസ്തുത ഭാഗത്തെ പൊട്ടിപ്പൊളിഞ്ഞ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താതെ പല സ്ഥലങ്ങളിലും തകർന്നുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മഞ്ചേരി സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ പുരോഗതി</u>**

1146 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നഗരത്തിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനായി പ്രഖ്യാപിച്ച 75 കോടി രൂപയുടെ മഞ്ചേരി സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഗതാഗതക്കുരുക്ക് രൂക്ഷമായി അനുഭവപ്പെടുന്ന തുറക്കൽ ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് വിദഗ്ധ സംഘത്തിന്റെ പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) മഞ്ചേരിയിലെ റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി റവന്യൂ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ റവന്യൂ ടീം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>പൊതുമരാമത്ത് വകുപ്പ് മാനുവൽ പരിഷ്കരണം</u>**

1147 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള മാനുവൽ എന്നാണ് അവസാനമായി പരിഷ്ക്കരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന മാനുവൽ പരിഷ്കരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രവൃത്തികളുടെയും മറ്റും റേറ്റ് പുതുക്കുന്നതുൾപ്പെടെയുള്ള മാറ്റങ്ങൾ പ്രസ്തുത മാനുവൽ പരിഷ്ക്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃർത്തികൾ</u>**

1148 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള (RBDCK) നിർമ്മാണ ഏജൻസിയായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ഹോസങ്കടി, മഞ്ചേശ്വരം റെയിൽവേ മേൽപ്പാലങ്ങളുടെ നിർമാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ആവശ്യമുള്ള ഭൂമിയുടെ വിവര ശേഖരണവും സ്ഥലം ഏറ്റെടുക്കൽ നടപടികളും നിലവിൽ ഏത് ഘട്ടത്തിലാണ്; അതിനായി തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഈ രണ്ട് റെയിൽവേ മേൽപ്പാലങ്ങളുടെയും അലൈൻമെന്റ് നിർണ്ണയത്തിനും റെയിൽവേയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് അംഗീകാരത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഭൂമി വിട്ടുനൽകുന്നവർക്കുള്ള നഷ്ടപരിഹാര വിതരണം പൂർത്തിയാക്കി നിർമാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

1149 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിന്റെയും എത്ര ശതമാനം നിർമ്മാണം പൂർത്തിയായെന്നും പൂർത്തിയാകാനുള്ള പ്രവൃത്തികളുടെ നിലവിലെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**<u>മലമ്പുഴ റിംഗ് റോഡും പാലവും</u>**

1150 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് അനുവദിച്ച് കെ.ആർ.എഫ്.ബി. നിർമ്മാണ ചുമതല നിർവഹിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ റിംഗ് റോഡും പാലവും എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നും മുഴുവൻ പണികളും എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും എന്നും വ്യക്തമാക്കാമോ?

**<u>കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡ്</u>**

1151 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് അനുവദിച്ച് കെ.ആർ.എഫ്.ബി. നിർമ്മാണ ചുമതല നിർവഹിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡ് എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നും മുഴുവൻ പണികളും എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും;വ്യക്തമാക്കാമോ ?

**കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

1152 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 വരെ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനു കീഴിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; ഏതൊക്കെ മണ്ഡലങ്ങളിലാണ് പ്രസ്തുത പ്രവൃത്തികൾ നടന്നതെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന എത്ര പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാവും എന്നറിയിക്കാമോ; നിലവിലെ സർക്കാരിന് കിഫ്ബി പദ്ധതികൾ തുടരാൻ ആലോചനയുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിനു കീഴിൽ എത്ര പ്രവൃത്തികൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എത്രയാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ;

(ഡി) കിഫ്ബി ഫണ്ട് അനുവദിച്ചതും ടെൻഡർ നടപടികൾ പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ തുടങ്ങാൻ ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഇ) ഷൊർണ്ണൂർ മണ്ഡലത്തിലെ കുളപ്പുള്ളി-ഷൊർണ്ണൂർ റോഡിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

**ദേശീയപാതവികസനവും നിർമ്മാണപുരോഗതിയും**

1153 **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത വികസനപ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എത്രത്തോളമാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള റീച്ചുകളിലെ നിർമ്മാണ ജോലികൾ ഏത് ഘട്ടത്തിലാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) സർവീസ് റോഡുകളും ഉയരപ്പാതകളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**കേരളത്തിൽ ദേശീയപാതയുടെ വശങ്ങളിലെ കെട്ടിട നിർമ്മാണം**

1154 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ മധ്യരേഖയിൽ നിന്ന് 40 മീറ്റർ പരിധിയിൽ വാസഗൃഹങ്ങൾക്കും 75 മീറ്റർ പരിധിയിൽ വാണിജ്യ കെട്ടിടങ്ങൾക്കും നിർമ്മാണ നിയന്ത്രണം ഏർപ്പെടുത്തണമെന്ന സുപ്രീം കോടതി നിർദേശത്തിന്റെ പശ്ചാത്തലത്തിൽ, കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും പരിമിതമായ ഭൂലഭ്യതയും പരിഗണിച്ച് സർക്കാരിന്റെ നിലപാട് എന്താണ്; വ്യക്തമാക്കുമോ;

(ബി) കേരളത്തിന് പ്രത്യേക ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെയും സുപ്രീം കോടതിയെയും സമീപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

**ഗുരുവായൂർ നിയോജക മണ്ഡലത്തിലെ തീരദേശ ഹൈവേ നിർമ്മാണം**

1155 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുരുവായൂർ നിയോജകമണ്ഡല പരിധിയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അക്വിസിഷൻ അതോറിറ്റി ആവശ്യപ്പെട്ട ഫണ്ട് കൈമാറി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിന് മുന്നിലെ ട്രക്ക് ബേ നിർമ്മാണം**

1156 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിന് മുൻവശം ആറുവരിപ്പാതയുടെ സർവ്വീസ് റോഡിനോട് ചേർന്ന് ആരംഭിച്ചിരിക്കുന്ന ട്രക്ക് ബേയുടെ നിർമാണപ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണം കാരണം മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സമീപത്തെ സ്കൂളുകൾ, ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിസ്ഥിതി മലിനീകരണവും അപകടസാധ്യതകളും സംബന്ധിച്ച് പരിയാരം വികസന സമിതി നൽകിയ നിവേദനം ലഭ്യമായിട്ടുണ്ടോ;

(സി) ഗ്യാസ് കണ്ടെയ്നറുകൾ, രാസവസ്തുക്കൾ, മത്സ്യ ലോറികൾ എന്നിവയുൾപ്പെടെയുള്ള ചരക്കുവാഹനങ്ങൾ ജനവാസ മേഖലയിലും അലക്ഷ്യംതോടിന് സമീപത്തും പാർക്ക് ചെയ്യുന്നത് മൂലമുണ്ടാകുന്ന ഗുരുതരമായ സുരക്ഷാ-പരിസ്ഥിതി പ്രശ്നങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

(ഡി) പ്രദേശവാസികളുടെയും രോഗികളുടെയും പ്രയാസങ്ങൾ കണക്കിലെടുത്ത് നിലവിലെ ട്രക്ക് ബേ നിർമാണം അടിയന്തിരമായി നിർത്തിവെക്കാനും, ഇത് ജനവാസം കുറഞ്ഞ വിജനമായ മറ്റ് പ്രദേശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ചേർത്തല മണ്ഡലത്തിലെ ദേശീയപാത 66 നിർമ്മാണം**

1157 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല തുറവൂർ-പറവൂർ ദേശീയപാത 66 - ന്റെ പൂർത്തീകരണത്തോടെ ചേർത്തല മുനിസിപ്പാലിറ്റിയിൽ പോലീസ് സ്റ്റേഷന് സമീപം എ.എസ്.

കനാലിന് കുറുകേ സർവ്വീസ് റോഡ് മുറിയുന്നത് മൂലം ചേർത്തല നഗരത്തിലേക്ക് വലിയ വാഹനങ്ങൾ പ്രവേശിക്കുന്നതിന് തടസ്സം നേരിടും എന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഈ പ്രശ്നത്തിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പരിശോധനകളോ വിലയിരുത്തലുകളോ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടിയന്തരമായി ഇത് സംബന്ധിച്ച് മന്ത്രി തലത്തിൽ ഒരു അവലോകനയോഗം വിളിച്ച് ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ നേരിട്ട് വകുപ്പിലോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ദേശീയപാത 544-ൽ വാണിയമ്പാറ ജംഗ്ഷനിൽ അടിപ്പാത</u>

1158 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ ദേശീയപാത 544-ൽ വാണിയമ്പാറ ജംഗ്ഷനിൽ ദേശീയപാതാ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള നിർമ്മാണ ക്രമീകരണങ്ങൾ മൂലം പ്രദേശവാസികൾക്കും കാൽനടയാത്രക്കാർക്കും ആംബുലൻസ് ഉൾപ്പെടെയുള്ള അടിയന്തര വാഹനങ്ങൾക്കും ഉണ്ടാകുന്ന യാത്രാക്ലേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജംഗ്ഷന്റെ ഇരുവശങ്ങളിലുമുള്ള ആശുപത്രി, സ്കൂൾ, സഹകരണ സ്ഥാപനം തുടങ്ങിയ പൊതുസ്ഥാപനങ്ങളിലേക്കും മറ്റ് ആവശ്യങ്ങൾക്കുമായി സഞ്ചരിക്കുന്നവർക്ക് അധികദൂരം യാത്ര ചെയ്യേണ്ടിവരുന്ന സാഹചര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വാണിയമ്പാറയിലെ യാത്രാക്ലേശത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി 7×3 മീറ്റർ വലുപ്പത്തിലുള്ള അടിപ്പാത

നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**നാഷണൽ ഹൈവേ 66**

1159 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 66 - ന്റെ വടകര നിയോജക മണ്ഡലത്തിലെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്ന പാളിച്ചകളും പോരായ്മകളും അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.എച്ച് 66 - ന്റെ ഭാഗമായി വടകര മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ യഥാസമയം നടക്കാത്തത് കാരണം ദുരിത പൂർണമായ യാത്രപ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) വടകരയിലെ പ്രധാന കേന്ദ്രങ്ങളിൽ അടിപ്പാതകൾക്കു വേണ്ടി നടക്കുന്ന ജനകീയ സമരങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**സംസ്ഥാനത്തെ ദേശീയപാത നിർമ്മാണം ത്വരിത ഗതിയിലാക്കാൻ നടപടി**

1160 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത പുനരുദ്ധാരണം മന്ദഗതിയിലായതുമൂലം യാത്രക്കാരും പ്രദേശവാസികളും കച്ചവടക്കാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയപാത നിർമ്മാണത്തിലെ ഇതുവരെ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ദേശീയപാത നിർമ്മാണം ഏറ്റവും വേഗം പൂർത്തിയാക്കാൻ ഇനിയെന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; മന:പൂർവ്വം വീഴ്ച വരുത്തുന്നവർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ദേശീയപാതയോരത്തെ വീടുകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും സംരക്ഷണം**

1161 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കാരായി രാജൻ**
**ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ മധ്യഭാഗത്തുനിന്നും വീടുകൾക്ക് 40 മീറ്ററും വാണിജ്യ സ്ഥാപനങ്ങൾക്ക് 75 മീറ്ററും അകലം ഉണ്ടായിരിക്കണമെന്നും അത് അടിയന്തരമായി നടപ്പിലാക്കണമെന്നുമുള്ള ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരമുള്ള സത്യവാങ്മൂലം സംസ്ഥാന സർക്കാർ ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകാൻ പാടില്ലെന്നും പുതിയ സ്ഥാപനങ്ങൾക്ക് സുപ്രീം കോടതി വിധിപ്രകാരമുള്ള എൻ.ഒ.സി. മാത്രമേ നൽകാവൂ എന്നുമുള്ള നിർദേശം കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക രംഗത്തുണ്ടാകുന്ന പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; ആയത് വിശദമാക്കുമോ;

(ഡി) ദേശീയ പാതയോരത്തെ കിടപ്പാടങ്ങളും ജീവനോപാധികളും സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>തീരദേശ ഹൈവേ പദ്ധതി</u>**

1162 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ പദ്ധതിയുടെ ഭാഗമായി അഴീക്കോട് മണ്ഡലത്തിലെ മൂന്ന് ക്ലസ്റ്ററുകളിലെ പ്രവർത്തന പുരോഗതി വിലയിരുത്താമോ;

(ബി) സ്ഥലമേറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കുമോ;

(സി) അതിർത്തി നിശ്ചയിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചോ; അറിയിക്കാമോ?

**ദേശീയപാത 66-ൽ ലെ അപകടങ്ങൾ**

1163 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ൽ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനം നടക്കുന്നതുമൂലം തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുടെയും സംസ്ഥാന പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം വിളിച്ച് സുരക്ഷാ നിർദ്ദേശങ്ങളിൽ ആവശ്യമായ പരിഷ്കാരം വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) തൃശ്ശൂർ കയ്പമംഗലത്ത് ദേശീയപാതയിലുണ്ടായ അപകടത്തിൽ വിദ്യാർത്ഥികൾ ഉൾപ്പെടെ എട്ട് പേർ മരണപ്പെട്ട സംഭവത്തിൽ ദേശീയപാത അതോറിറ്റി എന്ത് വിശദീകരണമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

**സേതുബന്ധൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ**

1164 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേതുബന്ധൻ പദ്ധതി പ്രകാരം ഗായത്രി നദിയിലെ വെങ്ങാനൂർ പാലം നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ കണ്ണാടി-പന്നിക്കോട് റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**മുടങ്ങിക്കിടക്കുന്ന പ്രധാന പദ്ധതികൾ**

1165 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം ആരംഭിച്ചിട്ടും സാങ്കേതിക തടസ്സങ്ങളാലും ഭൂമി ഏറ്റെടുക്കൽ വൈകുന്നതിനാലും മുടങ്ങിക്കിടക്കുന്ന പ്രധാനപാലങ്ങളുടെയും ബൈപാസുകളുടെയും പട്ടികയും അവ പൂർത്തിയാക്കാനുള്ള സമയപരിധിയും വ്യക്തമാക്കാമോ;

(ബി) പഴക്കമേറിയതും അപകടാവസ്ഥയിലുള്ളതുമായ പാലങ്ങൾ കണ്ടെത്തി അവ പുനർനിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ റോഡ് സംരക്ഷണ പദ്ധതി**

1166 **ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം, ഉയർന്ന തിരമാല, മഴക്കാല വെള്ളക്കെട്ട് തുടങ്ങിയ പ്രകൃതിദത്ത സാഹചര്യങ്ങൾ മൂലം കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനായി ദീർഘകാല റോഡ് സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

**മമ്മിയൂർ ഫ്ലൈ ഓവർ**

1167 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ലൈ ഓവറുകൾ, ജംഗ്ഷനുകൾ എന്നിവയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ക്ഷേത്രനഗരിയായ ഗുരുവായൂരിലെ മമ്മിയൂർ ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കേച്ചേരി ജംഗ്ഷനിലുള്ള രൂക്ഷമായ ഗതാഗതക്കുരുക്ക്**

1168 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-ഗുരുവായൂർ റോഡിലെ പ്രധാനപ്പെട്ടതും ഏറ്റവും തിരക്കേറിയതുമായ കേച്ചേരി ജംഗ്ഷനിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേച്ചേരി ജംഗ്ഷൻ വികസനത്തിനായി നിലവിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതി, ഡി.പി.ആർ., എസ്റ്റിമേറ്റ് എന്നിവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിക്ക് ഭരണാനുമതി, സാങ്കേതികാനുമതി, സാമ്പത്തിക അനുമതി എന്നിവ ലഭിച്ചിട്ടുണ്ടോ;

(ഡി) ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഇ) കേച്ചേരി ജംഗ്ഷൻ വികസനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

## ആറ്റിങ്ങൽ ഓട്ടിസം പാർക്ക് നിർമ്മാണം

1169 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഓട്ടിസം പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) നിർമ്മാണം എന്നുമുതൽ ആരംഭിക്കാൻ സാധിക്കുമെന്നാണ് വകുപ്പ് വിലയിരുത്തുന്നത്; വിശദമാക്കാമോ?

## ദേശീയപാതയിലേക്കുള്ള പ്രവേശന സൗകര്യം

1170 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ദേശീയപാതയോട് ചേർന്ന് ഏംഗൽസ് അണ്ടർപാസിന് സമീപം താമസിക്കുന്ന കുടുംബാംഗങ്ങൾക്ക് ദേശീയപാതയിലേയ്ക്ക് കാൽനടയായി പോലും സുരക്ഷിതമായി പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിനായി ദേശീയപാത അതോറിറ്റിയുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) പ്രദേശവാസികൾക്ക് ദേശീയപാതയിലേയ്ക്കും സമീപ പ്രദേശങ്ങളിലേയ്ക്കും സുരക്ഷിതമായി എത്തിച്ചേരുന്നതിനായി കാൽനടപ്പാത, അപ്രോച്ച് റോഡ്, മറ്റ് ആവശ്യമായ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി പ്രദേശവാസികളുടെ നിലവിലുള്ള പ്രവേശന സൗകര്യം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കുന്നതിന് ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ?

**പാറശ്ശാല ഇരട്ടക്കുളം ഹാപ്പിനസ് പാർക്ക് നിർമാണം**

1171 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ ഇരട്ടക്കുളം ഹാപ്പിനസ് പാർക്ക് നിർമ്മാണ പ്രവൃത്തിക്ക് സ.ഉ.(സാധാ )നം .1675/2025/പി.ഡബ്ള്യൂ.ഡി, തീയതി 04.11.2025 പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് തെറ്റായതിനാൽ പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഹെഡ് ഓഫ് അക്കൗണ്ട് തിരുത്തുന്നതിനായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ബിൽഡിങ്സ് വിഭാഗം ചീഫ് എഞ്ചിനീയർ മുഖേന സമർപ്പിച്ച പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി എന്താണെന്ന് ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഹെഡ് ഓഫ് അക്കൗണ്ട് തിരുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനും നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**തലശ്ശേരി സ്മാരക നിർമ്മാണം**

1172 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തു പണികളുടെ വിശദവിവരങ്ങൾ) വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ) ക്രമനമ്പർ 2915 ആയി തലശ്ശേരി സ്മാരകം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് ഭരണാനുമതി

ലഭ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**ശബരിമല കാലത്തെ മുന്നൊരുക്കം**

1173 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സേനാപതി വേണു**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ശബരിമല തീർത്ഥാടന കാലത്തെ മുന്നൊരുക്കം എന്ന നിലയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ;

(ബി) ശബരിമല തീർത്ഥാടനത്തിനായി എത്തുന്ന ഭക്തജനങ്ങൾക്ക് സുഗമമായ യാത്രക്കായി പാതകളുടെ അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് അവലോകനയോഗം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികൾ**

1174 **ശ്രീ. കെ. എം. അഭിജിത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തു വർഷത്തിനിടെ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പൊതുമരാമത്തു വകുപ്പ് മുഖേന കരാർ നൽകിയ പ്രവൃത്തികളുടെയും സേവനങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെയും സേവനങ്ങളുടെയും എസ്റ്റിമേറ്റ് തുകയും ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ തുകയും തരംതിരിച്ച് ലഭ്യമാക്കാമോ;

(സി) 2016-21, 2021-26 സർക്കാരുകളുടെ കാലത്ത് അനുവദിച്ചതും എന്നാൽ ഇതുവരെ പൂർത്തിയാകാത്തതുമായ കരാറുകളുടെ വിശദവിവരം

ലഭ്യമാക്കാമോ; ഈ സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികളിൽ നിർമ്മാണത്തിലെ അപാകത മൂലം തകർന്നതോ പരാതി ഉയർന്നതോ ആയ പ്രവൃത്തികളും സേവനങ്ങളും ഏതെല്ലാമാണ്; വിശദമാക്കാമോ?

**മേൽപ്പാലങ്ങളുടെ നിർമ്മാണം**

1175 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026- 2027 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് ടോക്കൺ തുക വകയിരുത്തിയിട്ടുള്ള നാഷണൽ ഹൈവേയിലെ കാര്യവട്ടം, പോങ്ങുമ്മൂട് എന്നിവിടങ്ങളിൽ പ്രസ്തുതമേൽപ്പാലങ്ങളുടെ നിർമ്മാണം തുടങ്ങുന്നതിന് ആവശ്യമായ തുക ഈ സാമ്പത്തിക വർഷം അനുവദിക്കുമോ; വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരത്ത് ആരംഭിക്കാനിരിക്കുന്ന മെട്രോ പദ്ധതികൂടി കണക്കിലെടുത്തുകൊണ്ടുള്ള മേൽപ്പാലമാണോ ഈ സ്ഥലങ്ങളിൽ വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) യാത്രക്കാർ നിരന്തരം ദുരിതമനുഭവിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്കുള്ള പ്രവേശനകവാടമായ ഉള്ളൂർ ജംഗ്ഷനിലെ മേൽപ്പാലനിർമ്മാണ പദ്ധതിയുടെ തൽസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

**സംസ്ഥാനത്തെ പൊതുമരാമത്ത് പദ്ധതികളുടെ നിലവാരം**

1176 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ ദീർഘകാല പരിപാലനം ഉറപ്പാക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് ഉൾപ്പെടെയുള്ള പുതിയ പരിപാലന സംവിധാനങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി അപകടസാധ്യതയുള്ള റോഡുകളിലും പാലങ്ങളിലും പ്രത്യേക സുരക്ഷാ പ്രവർത്തനങ്ങൾ

നടപ്പാക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ റോഡുകൾ അപകടരഹിതമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) പൊതുമരാമത്ത് വകുപ്പിലേക്ക് പുതിയ റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ റോഡുകൾ എറ്റെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**ചെല്ലാനം മേഖലയിലെ റോഡ് നവീകരണം**

1177 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഭാഗങ്ങളിലെ റോഡുകളിലെ വലിയ കുഴികൾ അടയ്ക്കുന്നതിനുള്ള റണ്ണിങ് കോൺട്രാക്ട് കാലാവധി കഴിഞ്ഞിട്ടും പുതിയ ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കണ്ടക്കടവ് മുതൽ സൗത്ത് ചെല്ലാനം വരെയുള്ള റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന്റെ തൽസ്ഥിതി വ്യക്തമാക്കുമോ;

(സി) ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എപ്പോൾ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പണി ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

**നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം**

1178 **ശ്രീ. റെജി ചെറിയാൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് നിർമ്മാണങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതു വിഭവങ്ങളുടെ ഗുണപരമായ വിനിയോഗവും നിർമ്മാണങ്ങളിലെ ആസൂത്രണ മികവും ഉറപ്പാക്കാൻ ലക്ഷ്യമിട്ട് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് മുൻഗണനാക്രമം നിശ്ചയിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത മുൻഗണനാക്രമം നിശ്ചയിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ എത്ര വർഷത്തേക്കുള്ള ആവശ്യങ്ങൾക്കനുസരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ;

(ഡി) മുൻഗണനാപട്ടികയിൽ ഉൾപ്പെടുന്ന നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം ഏത് ഏജൻസിയെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ കോച്ചിങ് സെന്റർ</u>

1179 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഉദ്യോഗാർത്ഥികൾക്കായി വകുപ്പിന് കീഴിൽ പുതിയ കോച്ചിങ് സെന്റർ (Coaching Centre for Minority Youth - CCMY) അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് പ്രൊപ്പോസൽ/നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഭാഷാന്യൂനപക്ഷങ്ങളും പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങളും ഏറെയുള്ള മഞ്ചേശ്വരം മേഖലയിൽ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ തദ്ദേശീയരായ ഉദ്യോഗസ്ഥരുടെ കുറവ് ഓഫീസുകളുടെ സേവനങ്ങളെയും പൊതുഭരണത്തെയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സരപരീക്ഷകളിൽ തദ്ദേശീയരായ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും അവരുടെ തൊഴിൽപരമായ മുന്നേറ്റത്തിനും വഴിതുറക്കുന്ന രീതിയിൽ മഞ്ചേശ്വരത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് പുതിയ കോച്ചിങ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നൃനപക്ഷ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ

1180 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പാക്കിവരുന്ന സ്കോളർഷിപ്പ്, പരിശീലന, മത്സരപരീക്ഷാ സഹായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവാക്കൾക്ക് തൊഴിൽ ലഭ്യതയും സ്വയംതൊഴിൽ സാധ്യതകളും വർധിപ്പിക്കുന്നതിനായി നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) വടകര നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പരിശീലന കേന്ദ്രങ്ങളും നൈപുണ്യ വികസനവും

1181 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ യുവതീ യുവാക്കൾക്ക് സിവിൽ സർവീസ്, പി.എസ്.സി., ബാങ്കിംഗ് പരീക്ഷകൾക്കായി പ്രവർത്തിക്കുന്ന കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് (CCMY) സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗത്തിലെ പെൺകുട്ടികളുടെ ശാക്തീകരണത്തിനും സ്വയംതൊഴിൽ പരിശീലനത്തിനുമായി നടപ്പിലാക്കുന്ന വിങ്സ് (WINGS), മറ്റ് തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ എന്നിവയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**നൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഉണ്ടായ വീഴ്ചകൾ**

1182 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് മതിയായ തുക വകയിരുത്താതെയും വകയിരുത്തിയ തുക വെട്ടിക്കുറച്ചും തുക പൂർണമായും ചെലവഴിക്കാതെയും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുൻ സർക്കാർ വീഴ്ച വരുത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകയിരുത്തലിന്റെയും ചെലവഴിക്കാതെ ബാക്കിയായ തുകയുടെയും വിശദാംശം സഹിതം മുൻ സർക്കാരിന്റെ വീഴ്ചകൾ വ്യക്തമാക്കാമോ;

(ബി) ഇത്തരം വീഴ്ചകൾ ആവർത്തിയ്ക്കാതിരിക്കാനും ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ന്യൂനപക്ഷ ക്ഷേമത്തിനായി പുതിയ പദ്ധതികൾ**

1183 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വകുപ്പിനുകീഴിൽ പുതിയ പദ്ധതികൾ/സ്കീമുകൾ എന്നിവ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സമഗ്ര രൂപം ആയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ഹജ്ജ് തീർത്ഥാടനം**

1184 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം ഒരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും പുറപ്പെടുന്ന ഹജ്ജ് തീർത്ഥാടകർക്ക് യാത്രാനിരക്കിനത്തിൽ കേരളത്തിലെ മറ്റ് വിമാനത്താവളങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിരുന്ന വർദ്ധനവ് ഇപ്രാവശ്യം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഹജ്ജ് തീർത്ഥാടനത്തിനുശേഷം ഹജ്ജ് ഹൗസും അനുബന്ധ സൗകര്യങ്ങളും പൊതുസമൂഹത്തിന് ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## വഖഫ് നിയമ ഭേദഗതി

1185 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിൽ അമുസ്ലീങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്ന കേന്ദ്ര ബില്ലിനെതിരെ ബഹു. സുപ്രീം കോടതിയിൽ മുൻസർക്കാർ ഹർജി സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഹർജിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് തള്ളിയെന്ന് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വഖഫ് ബോർഡിൽ അമുസ്ലീങ്ങളെ ഉൾപ്പെടുത്തുന്നത് യുക്തിരഹിതമെന്നും ഭരണഘടനയ്ക്കും മൗലികാവകാശങ്ങൾക്കും എതിരാണെന്നും മുൻസർക്കാരിന്റെ കാലത്ത് സമർപ്പിച്ച ഹർജിയിൽ നിലവിലെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

## പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

1186 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന പദ്ധതികളും ആശയങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും ലക്ഷ്യവും നടപ്പാക്കിയ വർഷവും വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ പഠനനിലവാരത്തിലും പഠനഫലങ്ങളിലും ഉണ്ടായ പുരോഗതി ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രതീക്ഷിച്ച ഫലം കൈവരിക്കാത്ത ഏതെങ്കിലും പദ്ധതികൾ ഉണ്ടോ; എങ്കിൽ അവ പുനഃപരിശോധിക്കുന്നതിനും കൂടുതൽ ഫലപ്രദമായ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ബദൽ സ്കൂളുകളും ഏകാധ്യാപക വിദ്യാലയങ്ങളും എൽ.പി. സ്കൂളുകളായി ഉയർത്തുന്നതിന് നടപടി

1187 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ബദൽ സ്കൂളുകളും ഏകാധ്യാപക വിദ്യാലയങ്ങളും എൽ.പി. സ്കൂളുകളായി ഉയർത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്കൂളുകളാണ് ഇത്തരത്തിൽ ഉയർത്തപ്പെട്ടത്; പേര് വിവരം വ്യക്തമാക്കുമോ;

(സി) എന്തെല്ലാം പ്രധാന മാറ്റങ്ങളാണ് ഇതിലൂടെ സ്കൂളുകളിലുണ്ടാവുക എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ?

## ഫ്രീഡം ക്വിസ് 2026

1188 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള-മഞ്ചേശ്വരം ഉപജില്ലകളിൽ നടത്തിയ ഫ്രീഡം ക്വിസ് 2026-ൽ വി.ഡി. സവർക്കറെ സംബന്ധിച്ച ചോദ്യം വിവാദമായതിനാൽ ആയത് തയ്യാറാക്കിയ അധ്യാപകനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അധ്യാപകന്റെ പേര്, തസ്തിക, സ്കൂൾ, സ്വീകരിച്ച നടപടി എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അധ്യാപകനെ 2026 ഓഗസ്റ്റ് 9-ന് സസ്പെൻഡ് ചെയ്തിരുന്നോയെന്നും പിന്നീട് ഹൈക്കോടതി സസ്പെൻഷൻ സ്റ്റേ ചെയ്തിട്ടുണ്ടോയെന്നും നിലവിൽ അദ്ദേഹം സർവീസിൽ തുടരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ വകുപ്പുതല അന്വേഷണം ഇപ്പോഴും തുടരുന്നുണ്ടോയെന്നും എങ്കിൽ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) ചോദ്യാവലി തയ്യാറാക്കുന്നതിൽ മറ്റ് അധ്യാപകർ പങ്കെടുത്തതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ചോദ്യാവലി എ.ഇ.ഒ. ഓഫീസ് വഴി സ്കൂളുകളിലേക്ക് കൈമാറപ്പെട്ട സാഹചര്യം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) അന്വേഷണം പൂർത്തിയാക്കാൻ നിശ്ചയിച്ച സമയപരിധി എത്രയാണെന്നും അന്തിമ വകുപ്പു നടപടി എപ്പോൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

**<u>സ്കൂൾ-കോളേജ് തലങ്ങളിലെ ലഹരി-മൊബൈൽ അഡിക്ഷൻ വിരുദ്ധ മുൻകരുതൽ സംവിധാനങ്ങൾ</u>**

1189 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറയെ ലഹരി ഉപയോഗത്തിൽ നിന്നും മൊബൈൽ ഫോൺ അഡിക്ഷനിൽ നിന്നും തുടക്കത്തിലേ സംരക്ഷിക്കുന്നതിനായി സ്കൂളുകളിലും കോളേജുകളിലും നിലവിലുള്ള ലഹരി വിരുദ്ധ/വിദ്യാർത്ഥി

ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ലഹരി ഉപയോഗവും അമിതമായ മൊബൈൽ ഫോൺ ഉപയോഗവും മൂലം വിദ്യാർത്ഥികളുടെ പെരുമാറ്റത്തിലുണ്ടാകുന്ന മാറ്റങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് തുടക്കത്തിൽ തന്നെ ബോധവൽക്കരണവും കൗൺസിലിംഗും നൽകുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാർത്ഥികൾക്കിടയിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗവും മൊബൈൽ ഫോൺ അഡിക്ഷനും പരിഹരിക്കുന്നതിനായി സ്കൂളുകളിലും കോളേജുകളിലും സ്ഥിരമായി സൈക്കോളജിക്കൽ കൗൺസിലർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയങ്ങളിൽ കൗൺസിലിംഗും മാനസിക പിന്തുണയും നൽകുന്നതിനായി നിലവിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>പെണ്ണുക്കര യു.പി. സ്കൂളിലെ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് അംഗീകാരം</u>

1190 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. എൽ.പി, യു.പി. സ്കൂളുകളിൽ പ്രീ പ്രൈമറി വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2015 മുതൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഗവ. പെണ്ണുക്കര യു.പി. സ്കൂളിൽ നടത്തിവരുന്ന പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>ഓപ്പൺ എയർ ആഡിറ്റോറിയം നിർമ്മാണം</u>

1191 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ചെങ്ങന്നൂർ റിലീഫ് എൽ.പി. സ്കൂൾ പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഒരു ഓപ്പൺ എയർ ആഡിറ്റോറിയം

നിർമ്മിക്കുന്നതിന് സംസ്ഥാന ബജറ്റിൽ 150 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പൊതുവിദ്യാഭ്യാസ വകുപ്പ് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്ന നടപടി വൈകുന്നതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പിന് തനത് വരുമാനം സൃഷ്ടിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സൗജന്യ യൂണിഫോം വിതരണം</u>

1192 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കുള്ള സൗജന്യ യൂണിഫോം വിതരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തുണി നൽകാത്ത സ്കൂളുകളിൽ നൽകിവന്നിരുന്ന അലവൻസ് വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആകെയുള്ളതിൽ ഇനി എത്ര കുട്ടികൾക്കാണ് യൂണിഫോം/അലവൻസ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>പുളിക്കൽ എ. ഇ. ഒ. ഓഫീസ് സ്ഥാപനം</u>

1193 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ പുളിക്കൽ ആസ്ഥാനമാക്കി പുതിയ എ.ഇ.ഒ. ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ ഉപജില്ലകളായ വേങ്ങര, കൊണ്ടോട്ടി എന്നീ ഓഫീസുകളിലെ ജോലിഭാരം കൂടി കണക്കിലെടുത്ത് ശാസ്ത്രീയമായി വിഭജനം നടത്തി പുളിക്കൽ ആസ്ഥാനമാക്കി ഉപജില്ല ഓഫീസ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കൊണ്ടോട്ടി, വേങ്ങര വിദ്യാഭ്യാസ ഉപജില്ലകൾ ശാസ്ത്രീയമായി വിഭജനം നടത്തി പുളിക്കൽ ആസ്ഥാനമാക്കി ഉപജില്ല ഓഫീസ് രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കഴക്കൂട്ടം സൈനിക സ്കൂളിലെ കുടിശ്ശിക അനുവദിക്കാൻ നടപടി</u>**

1194 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം സൈനിക സ്കൂൾ ജീവനക്കാർക്ക് പെൻഷൻ, വിരമിക്കൽ ആനുകൂല്യങ്ങൾ, എൻ.പി.എസ്. തൊഴിലുടമ വിഹിതം എന്നിവ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ഒപ്പുവെച്ച ധാരണാപത്രം (എം. ഒ. എ.) നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2021-22 സാമ്പത്തിക വർഷം മുതൽ 2026-27 വരെയുള്ള കാലയളവിൽ സൈനിക സ്കൂൾ അധികൃതർ ആവശ്യപ്പെട്ട തുകയും സംസ്ഥാന സർക്കാർ ഇതുവരെ അനുവദിച്ച തുകയും ഇനി നൽകാനുള്ള കുടിശ്ശിക തുകയും എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ധാരണാപത്രം പ്രകാരം ആകെ കണക്കാക്കിയ ₹28,34,86,979/-ൽ സംസ്ഥാന സർക്കാർ ഇതുവരെ നൽകിയ ₹13,00,00,000/- കഴിച്ച്, ബാക്കി നിലവിൽ നൽകാനുള്ള ₹15,34,86,979/- ലഭിക്കാത്തതു മൂലം സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സൈനിക സ്കൂൾ പ്രിൻസിപ്പൽ നൽകുന്ന കത്തുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പെൻഷൻ അടക്കമുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്കൂൾ ആവശ്യപ്പെട്ടിട്ടുള്ള കുടിശ്ശിക അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; തുക എന്നത്തേക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി</u>**

1195 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ / എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിച്ച് ലൈബ്രറി സയൻസിൽ ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2001-ൽ ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസിൽ ലൈബ്രേറിയൻ തസ്തിക ഉൾപ്പെടുത്തിയിട്ടും ദീർഘവർഷങ്ങളായി ഈ തസ്തികയിൽ സ്ഥിരം നിയമനം നടപ്പാക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) സ്കൂളുകളിൽ മുഴുവൻ സമയ ലൈബ്രേറിയന്മാരെ നിയമിക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും ഉത്തരവുകളും ഖാദർ കമ്മിറ്റി ഉൾപ്പെടെയുള്ള വിവിധ സമിതികളുടെ ശിപാർശകളും പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) നിലവിൽ സ്കൂളുകളിൽ അധ്യാപകർക്ക് ലൈബ്രറിയുടെ അധിക ചുമതല നൽകുന്ന രീതി കാരണം വിദ്യാർത്ഥികൾക്ക് കൃത്യമായ ലൈബ്രറി സേവനം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂളുകളിൽ പൂർണ്ണസമയ ലൈബ്രേറിയന്മാരെ നിയമിക്കാൻ അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുനഃക്രമീകരിക്കുന്നതിന് നടപടി</u>**

1196 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഡിവിഷൻ ഫാൾ കാരണം തസ്തിക നഷ്ടപ്പെടുന്ന അധ്യാപകരെ സംരക്ഷിക്കുന്നതിനായി അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 എന്നതിൽ നിന്നും 1:25 ആയി പുനഃക്രമീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) എൽ.പി. സ്കൂളുകളിലെ പ്രഥമാധ്യാപക (എച്ച്. എം) പ്രൊമോഷൻ എൽ.പി.സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് (LPST) മാത്രമായി

പരിമിതപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 60-ൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാനും അമിത ജോലിഭാരം കുറയ്ക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് ഇംപ്ലിമെന്റിംഗ് ഓഫീസർ തസ്തിക സൃഷ്ടിച്ച് മുതിർന്ന പ്രഥമാധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കുമോ;

(ഡി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ 1:1 എന്ന അനുപാതത്തിൽ (ഒരു നിയമനം മാനേജ്മെന്റ് നടത്തുമ്പോൾ ഒരെണ്ണം പി.എസ്.സി വഴി) നിർബന്ധമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(ഇ) സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ 24 മണിക്കൂറിനുള്ളിൽ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കൃത്യമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ; പുതിയ റാങ്ക് ലിസ്റ്റ് വരുന്നതിന് മുൻപായി നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തുമോ?

## സമഗ്രശിക്ഷാ കേരളം

1197 **ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. സി. അജയപ്രസാദ്**
**ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രശിക്ഷാ കേരളത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സമഗ്രശിക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ബി ആർ സി കളിൽ പ്രവർത്തിച്ചിരുന്ന ട്രെയിനർമാർ വിദ്യാലയങ്ങളിലേക്ക് തിരികെ പോവുകയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെ പൂർണമായും പിരിച്ചുവിടുകയും ചെയ്തതോടെ പദ്ധതി പൂർണമായും നിശ്ചലമാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പിന്തുണാ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) എസ്.എസ്.കെ.യുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>പി.എം. ശ്രീ പദ്ധതി</u>

1198 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വികസന പദ്ധതിയായ പി.എം ശ്രീ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ നിലപാട് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംസ്ഥാന സർക്കാറുമായി ഒപ്പുവെക്കേണ്ട ധാരണാപത്രത്തിന്റെ (എം.ഒ.യു.) നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാത്തത് മൂലം സമഗ്ര ശിക്ഷാ അഭിയാൻ (എസ്. എസ്. എ.) വഴി സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ഫണ്ട് തടസ്സപ്പെടുകയോ അനിശ്ചിതത്വത്തിലാവുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിദ്യാർത്ഥികളുടെ അക്കാദമിക മികവിനും സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉപകരിക്കുന്ന ഈ പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>വിദ്യാലയങ്ങളിലെ എസ്.എം.സി./പി.ടി.എ. രൂപീകരണം</u>

1199 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിലവിലുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുടെ (എസ്.എം.സി.) രൂപീകരണം, അംഗത്വം, ചുമതലകൾ, പ്രവർത്തനരീതി എന്നിവ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എസ്.എം.സി-കളുടെ രൂപീകരണത്തിലും പ്രവർത്തനത്തിലും രാഷ്ട്രീയ ഇടപെടലുകളോ രാഷ്ട്രീയ താൽപര്യങ്ങളുടെ സ്വാധീനമോ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കി അക്കാദമിക നിലവാരം, അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികളുടെ ക്ഷേമം തുടങ്ങിയ വിഷയങ്ങൾക്ക് മുൻഗണന ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ രക്ഷാകർതൃ-അധ്യാപക സംഘടനകളുടെ (പി.ടി.എ.) രൂപീകരണം, ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, പ്രവർത്തനം എന്നിവ സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളും മാർഗനിർദേശങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പി.ടി.എ.യുടെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെയും അധ്യാപകരുടെയും ജനാധിപത്യപരമായ പങ്കാളിത്തം, വിദ്യാർത്ഥികളുടെ ക്ഷേമം, വിദ്യാഭ്യാസപരമായ സഹകരണം എന്നിവയിൽ കേന്ദ്രീകരിക്കുന്നതിനും രാഷ്ട്രീയ താൽപര്യങ്ങൾ സംഘടനയുടെ പ്രവർത്തനത്തെ സ്വാധീനിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി നിലവിലുള്ള നിയന്ത്രണങ്ങളും മാർഗനിർദേശങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) എസ്.എം.സി.യുടെയും പി.ടി.എ.യുടെയും വ്യത്യസ്തമായ ചുമതലകളും അധികാരപരിധികളും വ്യക്തമായി നിർവചിച്ച് പരസ്പര ചുമതലകളിൽ അനാവശ്യമായ ഇടപെടൽ ഒഴിവാക്കുന്നതിനും ഇരുസമിതികളുടെയും പ്രവർത്തനം കൂടുതൽ സുതാര്യവും ജനാധിപത്യപരവുമാക്കുന്നതിനുമായി നിലവിലുള്ള ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നത് പരിഗണനയിലുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധർ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയ ബന്ധപ്പെട്ട

വിഭാഗങ്ങളുമായി കൂടിയാലോചിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>പത്തനാപുരം ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ല</u>**

1200 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇപ്പോൾ വിദ്യാഭ്യാസ ഉപജില്ല തുടങ്ങാനുള്ള നടപടിയിലേക്ക് കടക്കാനിടയായത് ഏത് നിയമസഭാ സാമാജികന്റെ അഭ്യർത്ഥന പ്രകാരം ആണെന്ന് അറിയിക്കാമോ;

(സി) പത്തനാപുരത്ത് വിദ്യാഭ്യാസ ഉപജില്ല ആരംഭിക്കുന്നതിന് അനുകൂലമായി വിശദമായ റിപ്പോർട്ട് 2003-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ കഴിഞ്ഞ 23 വർഷമായി ഇതിൻമേൽ തുടർനടപടി ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

**<u>അധ്യാപക-വിദ്യാർത്ഥി അനുപാതം</u>**

1201 **ശ്രീ. പി .എം. എ. സമീർ**
**ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ അധ്യാപക സംഘടനകളുടെ അഭിപ്രായം തേടിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) അധ്യാപക-വിദ്യാർത്ഥി അനുപാതം എപ്രകാരം പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>**സ്കൂൾ വിദ്യാഭ്യാസരംഗത്തെ പരിഷ്കരണം**</u>

1202 **ശ്രീ. ടി. വി. ഇബ്രാഹിം**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുടെ അഭിപ്രായം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകളിൽ ലൈബ്രേറിയൻമാരുടെ തസ്തിക സൃഷ്ടിക്കാൻ ആലോചനയുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) അദ്ധ്യാപകരുടെ യോഗ്യതകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>**പൊതുവിദ്യാഭ്യാസ രംഗം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ**</u>

1203 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ മാനുഷിക മൂല്യങ്ങളോടെ പുതുതലമുറയെ വാർത്തെടുക്കുന്നതിനും എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഒരു വ്യക്തി കുഞ്ഞായിരിക്കുമ്പോൾ മുതൽ വാർദ്ധക്യം വരെയുള്ള ജീവിത ഘട്ടങ്ങളിൽ വ്യക്തി നേരിടേണ്ടി വരുന്ന വെല്ലുവിളികൾ, പ്രശ്നങ്ങൾ, സഹജീവി സ്നേഹം വളർത്തൽ എന്നിവയെ അടിസ്ഥാനമാക്കി പ്രാഥമികതലം മുതൽ ലൈഫ് സയൻസ് എന്ന പേരിൽ ഒരു പാഠ്യപദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>**ഹയർസെക്കൻഡറി ടീച്ചർ ഇക്കണോമിക്സ് റാങ്ക് ലിസ്റ്റ്**</u>

1204 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ ഇക്കണോമിക്സ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകി എന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് എച്ച്.എസ്.എസ്.ടി. എക്കണോമിക്സ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>**അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി**</u>

1205 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 25 വർഷങ്ങൾക്ക് മേൽ നല്ല നിലയിൽ പ്രവർത്തിച്ച് വരുന്ന പിന്നാക്ക പ്രദേശങ്ങളിലെ സാധാരണക്കാരുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നല്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യാക്കുമോ;

(ബി) ദേശീയ വിദ്യാഭ്യാസ ചട്ടങ്ങൾ പാലിച്ച് നടത്തുന്ന എൽ.പി., യു.പി. വിഭാഗങ്ങൾക്ക് അടിയന്തരമായി അംഗീകാരം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം ഇതുവരെ ഇങ്ങനെ അംഗീകാരം ലഭിക്കാൻ എത്ര സ്കൂളുകൾ അപേക്ഷ നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇങ്ങനെയുള്ള സ്കൂളുകൾക്ക് അംഗീകാരം നല്കുന്നതിന് തടസ്സമായ അനാവശ്യ വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) പട്ടികസമുദായക്കാർ, ന്യൂനപക്ഷങ്ങൾ, പിന്നാക്കക്കാർ, മത്സ്യതൊഴിലാളികൾ എന്നിവർ തിങ്ങി പാർക്കുന്നതും മറ്റുമായ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളുടെ അംഗീകാരം

അടിയന്തരമായി നല്കുന്നതിന് മുന്തിയ പരിഗണന നല്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സും അടിസ്ഥാന സൗകര്യ വികസനവും</u>**

1206 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് മതിയായ ഫിറ്റ്നസ് ഇല്ലാത്തതിനാൽ അധ്യാപനം നടത്താൻ കഴിയാതെ വന്നിട്ടുണ്ട്; അവയുടെ പേരുവിവരങ്ങളും ഉൾപ്പെടുന്ന ക്ലാസ് മുറികളുടെ എണ്ണവും വ്യക്തമാക്കാമോ;

(ബി) ഫിറ്റ്നസ് ഇല്ലാത്ത സ്കൂൾ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന് എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) 2016 മുതലുള്ള കഴിഞ്ഞ 10 വർഷക്കാലയളവിൽ സ്കൂൾ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേന എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ കൈവരിക്കാൻ സാധിച്ചിട്ടുള്ളത്; പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി കൈവരിച്ച നേട്ടങ്ങൾ തുടർന്നു കൊണ്ടുപോകുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടു പോകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>ഭിന്നശേഷി വിദ്യാർഥികളുടെ വിദ്യാഭ്യാസ സാമൂഹിക ഉന്നമനം</u>**

1207 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിദ്യാർഥികളുടെ വിദ്യാഭ്യാസ സാമൂഹിക ഉന്നമനത്തിനായി നിലവിലെ സർക്കാർ അധികാരമേറ്റതിന് ശേഷം എന്തൊക്കെ നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്?

**<u>ഡിജിറ്റൽ പഠനോപകരണ വിതരണം</u>**

1208 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**

**ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപ്രതിനിധികളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും ഫണ്ടുപയോഗിച്ച് സ്കൂളുകളിലേക്ക് ആവശ്യമായ ലാപ്ടോപ് ഉൾപ്പെടെയുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പഠനോപകരണങ്ങളുടെ പ്രവർത്തനശേഷി, വില, സർവീസ് എന്നിവ സംബന്ധിച്ച് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ ഉപകരണങ്ങളുടെ വില വർധനവിനെ തുടർന്ന് മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ കാലഹരണപ്പെട്ടിട്ടുള്ളതും തന്മൂലം ജനപ്രതിനിധികൾക്ക് സ്കൂളുകളിലേക്ക് അവ വിതരണം ചെയ്യാനാവാത്ത സാഹചര്യമാണുള്ളതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഡിജിറ്റൽ ഉപകരണങ്ങളുടെ വിലയിലും വില്പനാനന്തര സേവന നിരക്കുകളിലും ഉണ്ടായിട്ടുള്ള വർധനവ് കണക്കിലെടുത്ത് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ നിബന്ധനകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**അഴീക്കോട് മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

1209 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ ഗവ. ഹയർ സെക്കന്ററി സ്കൂൾ, അരോളി, ഗവ. യു.പി. സ്കൂൾ, പുഴാതി, ഗവ. വെൽഫെയർ എൽ.പി. സ്കൂൾ, പുഴാതി എന്നിവിടങ്ങളിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പദ്ധതികളുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ;

(ബി) പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ടോ; പുരോഗതി അറിയിക്കുമോ;

(സി) പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിത അധ്യാപകർക്ക് ശമ്പളം യഥാസമയം ലഭ്യമാക്കാൻ നടപടി**

1210 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിത അധ്യാപകർക്ക് കഴിഞ്ഞ കുറച്ച് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയിട്ടും ധനവകുപ്പ് അനുമതി നൽകാത്തതിനാലാണ് ഇവരെ സ്പാർക്കിൽ (SPARK) ഉൾപ്പെടുത്താൻ കഴിയാത്തതെന്നും തന്മൂലമാണ് ശമ്പളം മുടങ്ങിയതെന്നുമുള്ള കാര്യം വസ്തുതാപരമാണോ;

(സി) മുൻപ് സംരക്ഷണാനുകൂല്യം ലഭിച്ചവരും നിലവിൽ വിവിധയിടങ്ങളിൽ പുനർവിന്യസിക്കപ്പെട്ട് ജോലി ചെയ്തുവരുന്നവരുമായ അധ്യാപകർക്ക് സാങ്കേതികത്വത്തിന്റെ പേരിൽ ശമ്പളം മുടങ്ങാൻ ഇടയാകുന്നത് വിദ്യാഭ്യാസ സംരക്ഷണനയത്തിന് വിരുദ്ധമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് പ്രതിസന്ധിയിലായ മുഴുവൻ സംരക്ഷിത അധ്യാപകർക്കും കുടിശ്ശികയുൾപ്പെടെയുള്ള ശമ്പളം അടിയന്തരമായി നൽകാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**പി.എം.ശ്രീ പദ്ധതി**

1211 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ശ്രീ പദ്ധതിയിൽ നിന്ന് പിൻമാറാൻ സംസ്ഥാന സർക്കാരുകൾക്ക് കഴിയുമോ; വ്യക്തമാക്കാമോ;

(ബി) പി.എം.ശ്രീ പദ്ധതി പ്രകാരം സ്കൂളുകളിൽ സംസ്ഥാനങ്ങൾക്ക് സ്വന്തം സിലബസ് നിശ്ചയിക്കാൻ അധികാരമുണ്ടോ; വിശദമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പി.എം.ശ്രീ പദ്ധതി നടപ്പാക്കിയിരുന്നോ; അതിനായി കേന്ദ്ര ഫണ്ട് ലഭിച്ചിരുന്നോ; വ്യക്തമാക്കാമോ?

**ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ**

1212 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ എത്ര; വിശദാംശം ലഭ്യമാക്കാമോ;

(ബി) താൽക്കാലിക ഫിറ്റ്നസ് നൽകി പ്രവർത്തിക്കുന്ന സ്കൂളുകളുടെ പട്ടിക ലഭ്യമാക്കാമോ; പ്രസ്തുത സ്കൂളുകളുടെ താൽക്കാലിക ഫിറ്റ്നസിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി എല്ലാ സ്കൂളുകൾക്കും ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുമോ; വ്യക്തമാക്കാമോ?

**എയ്ഡഡ് സ്കൂൾ നിയമനത്തിനായുള്ള ഇന്റർവ്യൂ പാനലിലെ സർക്കാർ പ്രതിനിധി**

1213 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ നിയമനത്തിനായുള്ള ഇന്റർവ്യൂ പാനലിൽ സർക്കാർ പ്രതിനിധികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മന്ത്രിമാരുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിമാരടക്കമുള്ള പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ പാനലിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെയാണ് ഇപ്രകാരം ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം നിയമനം നടത്തിയത് ബന്ധപ്പെട്ട മന്ത്രിമാരുടെ അനുമതിയോടെയാണോയെന്നും അല്ലെങ്കിൽ ഉത്തരവ് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ മുഖേന വിദ്യാർത്ഥികളുടെ മത്സരപരിപാടികൾ

1214 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ മത്സരപരിപാടികൾ സംഘടിപ്പിക്കാൻ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് വകുപ്പ് അനുമതി നൽകിയിരുന്നോ;വ്യക്തമാക്കാമോ;

(ബി) സ്കൂളുകളിലെ അക്കാദമിക് നിലവാരം തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് ഇതിലൂടെ നടത്തുന്നതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകളിൽ ഇത്തരത്തിലുള്ള മത്സരങ്ങൾ നടത്താൻ വിദ്യാഭ്യാസ വകുപ്പിന്റെ മുൻകൂർ അനുമതി നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## സംസ്ഥാന സ്കൂൾ കായികമേള

1215 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കായിക മേളയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് അറിയിക്കാമോ;

(ബി) മികച്ച രീതിയിൽ സംഘടിപ്പിച്ചു വന്നിരുന്ന സ്കൂൾ ഒളിംപിക്സിനു പകരം കായിക മേളകൾ വിവിധ ജില്ലകളിലേക്ക് വീതിച്ച് നൽകിയപ്പോൾ മൽസരാർത്ഥികൾക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) സ്കൂൾ കായിക മേളയുടെ ഭാഗമായി തൃശ്ശൂരിൽ നടത്തേണ്ടിയിരുന്ന അക്വാട്ടിക് മത്സരങ്ങൾക്ക് ആദ്യം പ്രഖ്യാപിച്ച തീയതിയും വേദിയും മാറ്റിയിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് കാരണം

മത്സരാർത്ഥികൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി അവർക്ക് അധിക അലവൻസും ബത്തയും അനുവദിക്കുമോ?

## സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം

1216 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികളിൽ ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനായി സ്കൂളുകളിൽ സ്ഥിരമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ;

(സി) ലഹരി മാഫിയകളുടെ പിടിയിൽ നിന്നും കുട്ടികളെ മോചിപ്പിക്കുന്നതിനും ലഹരിക്കെണിയിൽപ്പെട്ട കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പി.ടി.എ., പോലീസ്, എക്സ്സൈസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

1217 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നത് അധ്യാപക നിയമനത്തെ ബാധിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>**സ്കൂൾ വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ്**</u>

1218 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദം, പഠനപ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിനായി കൗൺസിലിംഗ് സംവിധാനം എല്ലാ സ്കൂളുകളിലും നിലവിലുണ്ടോ; സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കൗൺസിലർമാരെ നിയമിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര സ്കൂൾ വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ;

(സി) വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യകൾ തടയുന്നതിനായി വകുപ്പ് പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പരീക്ഷാ പേടിയും മാനസിക സമ്മർദ്ദവും കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>**അധ്യാപകരുടെ നിയമനാംഗീകാരം**</u>

1219 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപകരുടെ നിയമനാംഗീകാരം, സേവന വേതന വ്യവസ്ഥകളിലെ തർക്കങ്ങൾ, ഭിന്നശേഷി നിയമനം എന്നീ വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഗോത്രമേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞ്പോക്ക്, സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ?

<u>**മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ മുദ്ര പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ**</u>

1220 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജക മണ്ഡലത്തിലെ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി മുദ്ര പദ്ധതിയുടെ ഭാഗമായി ഏതൊക്കെ പൊതു മേഖല / സ്വകാര്യ കമ്പനികളിൽ നിന്നാണ് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ടുകൾ ലഭ്യമാക്കിയത്; കമ്പനികൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയത് വിശദമാക്കാമോ?

<u>**കുത്തുപറമ്പ് എ.ഇ.ഒ. ഓഫീസ് നിർമ്മാണം**</u>

1221 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ചിട്ടും കുത്തുപറമ്പ് എ.ഇ.ഒ. ഓഫീസ് നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത എ.ഇ.ഒ. ഓഫീസ് നിർമ്മാണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

<u>എ.ഐ. സാങ്കേതിക വിദ്യയും പാഠ്യപദ്ധതി പരിഷ്കരണവും</u>

1222 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. പി. കെ. ഫിറോസ്**

**ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) സാങ്കേതിക വിദ്യയുടെ കാലത്ത് മാറുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തെ പാഠ്യപദ്ധതിയിലും വിദ്യാഭ്യാസ സമ്പ്രദായത്തിലും പരിഷ്കരണങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിലെ പാഠ്യപദ്ധതികൾ കാലോചിതമായി തിരുത്തിയെഴുതുന്നതിനും പുത്തൻ സാങ്കേതിക വിദ്യകൾ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനുമായി എന്തെല്ലാം ഇടപെടലുകളാണ് നിലവിൽ നടത്തിവരുന്നത്;

(സി) സ്കൂൾതലത്തിൽ കുട്ടികൾക്ക് എ.ഐ. കോഡിംഗ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പുതിയ കാലത്തിനനുസരിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണം എപ്പോഴേക്ക് പൂർത്തിയാക്കി നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>സമഗ്ര ശിക്ഷാ കേരളയുടെ പ്രവർത്തനങ്ങൾ</u>

1223 **ശ്രീ. വി. കെ. സനോജ്**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. പി. പി. സുമോദ്**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ കേരളയുടെയും(എസ്.എസ്.കെ) ഇതുമായി ബന്ധപ്പെട്ട ജില്ലാ-ബ്ലോക്ക് തല ഓഫീസുകളുടെയും പ്രവർത്തനം പ്രതിസന്ധിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്

ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം പരിശോധിച്ച് ഇതിന്റെ പ്രധാന കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) ബി.പി.സി. മാരുടെയും ട്രെയിനർമാരുടെയും ആവശ്യമായ നിയമനങ്ങൾ നടത്താതിരിക്കുകയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെ കൂട്ടത്തോടെ പിരിച്ചുവിടുകയും ചെയ്തുവെന്ന ആരോപണങ്ങളിൽ വസ്തുതയുണ്ടോ; നിലവിൽ ബി.ആർ.സി.കളിൽ മേൽ തസ്തികകളുടെ അവസ്ഥ വ്യക്തമാക്കാമോ;

(സി) സമഗ്രശിക്ഷാ കേരളയുടെ പ്രവർത്തന തടസ്സങ്ങൾ കാരണം ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഓണക്കാലത്ത് സംഘടിപ്പിച്ചു വന്നിരുന്ന ഓണച്ചങ്ങാതി എന്ന പരിപാടി ഇത്തവണ മുടങ്ങിപ്പോയിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വർഷങ്ങളായി ജോലി ചെയ്തുവന്നിരുന്ന ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെയും മറ്റ് ജീവനക്കാരെയും പിരിച്ചുവിട്ട നടപടി പിൻവലിക്കുകയും ബാക്കി ഒഴിവുള്ള തസ്തികകളിൽ അടിയന്തര നിയമനം നടത്തുകയും ചെയ്ത് എസ്.എസ്.കെ-യുടെ പ്രവർത്തനം സുഗമമാക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കാമോ?

<u>**തിരുവല്ല നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം**</u>

1224 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ സ്കൂളുകളിലെ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, പുതിയവയുടെ നിർമ്മാണം എന്നീ ഗണത്തിൽ 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കാനായി അനുവദിച്ച പദ്ധതികളിൽ പൂർത്തിയാകാതെ കിടക്കുന്നവയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാതെ കിടക്കുന്നതിന്റെ കാരണം വിശദമാക്കാമോ; തടസങ്ങൾ മാറ്റി നിർമ്മാണപ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

<u>**2021-26-കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**</u>

1225 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ?

**2016 മുതൽ 2026 വരെ സ്കൂൾ കെട്ടിടങ്ങൾക്ക് അനുവദിച്ച തുക**

1226 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2016 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയും 2021 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുമുള്ള കാലയളവിൽ എത്ര സർക്കാർ സ്കൂളുകൾക്ക് പ്ലാൻ ഫണ്ട്, ബഡ്ജറ്റ് പ്രവൃത്തി, കിഫ്ബി ഫണ്ട്, എസ്.എസ്.കെ. ഫണ്ട് എന്നിവ മുഖേന കെട്ടിടം പണിയുന്നതിന് തുക അനുവദിച്ചിട്ടുണ്ട്; ആകെ അനുവദിച്ച തുക എത്രയാണ്; സ്കൂളുകളുടെ പേരും അനുവദിച്ച തുകയും പ്രത്യേകം വ്യക്തമാക്കാമോ; ഇതിൽ ഏതെല്ലാം സ്കൂളുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ട്; ഓരോ സ്കൂളിനും അനുവദിച്ച തുക പ്രത്യേകം വ്യക്തമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവർത്തികൾ**

1227 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ; പൊതുവിദ്യാഭ്യാസ ഫണ്ട് ഉപയോഗിച്ചോ, കിഫ്ബി ഫണ്ട് ഉപയോഗിച്ചോ നടന്നു വരുന്ന സ്കൂൾ കെട്ടിട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**മങ്കട മണ്ഡലത്തിലെ കിഫ്ബി ധനസഹായത്തോടെയുള്ള സ്കൂളുകളുടെ നിർമ്മാണ പുരോഗതി**

1228 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) ഇനിയും നിർമ്മാണം പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; അവ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പി.എം.ശ്രീ പദ്ധതി കേരളത്തിൽ നടപ്പിലാക്കൽ**

1229 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ ആലോചനയുണ്ടോ; പദ്ധതി പ്രകാരം പാഠ്യ പദ്ധതിയിൽ ഏതെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പി.എം.ശ്രീ പദ്ധതി പ്രകാരം സ്കൂളുകളെ തെരഞ്ഞെടുക്കാനുള്ള അധികാരം ആർക്കാണെന്നറിയിക്കുമോ; പദ്ധതിയിൽ ഒപ്പിടുന്നതു വഴി കേരളത്തിന് ലഭിക്കുന്ന കേന്ദ്ര സഹായം എത്രയെന്ന് വിശദമാക്കാമോ; പി.എം.ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് (എം.ഒ.യു. പ്രകാരം)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുണ്ടാക്കിയ വ്യവസ്ഥകൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിലവിൽ അധ്യാപക തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; എത്രയെന്ന് വ്യക്തമാക്കാമോ; അധ്യാപക തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തു പൂർത്തിയായിട്ടുണ്ടോ; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച സ്കൂൾ കെട്ടിടങ്ങളുടെ എണ്ണം എത്ര; എല്ലാ സ്കൂളുകളിലും നിലവിൽ സ്മാർട്ട് ക്ലാസ് റൂം ഉണ്ടോ; വ്യക്തമാക്കാമോ;

(ഡി) വിദ്യാർത്ഥികൾക്കുള്ള യൂണിഫോം, പാഠപുസ്തകം, പഠനോപകരണങ്ങൾ എന്നിവ സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ;

എന്നാണ് വിതരണം പൂർത്തിയായതെന്ന് വ്യക്തമാക്കാമോ;

(ഇ) അൺ എയ്ഡഡ് വിദ്യാലയങ്ങളിലേക്കു കൂടി എസ്. പി. സി. കേഡറ്റുകളെ വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>**പി.എം. ശ്രീ പദ്ധതി**</u>

1230 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം. ശ്രീ പദ്ധതിയോടുള്ള ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) പി.എം. ശ്രീ പദ്ധതി നടത്തിപ്പുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>**മുകുളം പോർട്ടൽ**</u>

1231 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല**
**ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കായി എ.ഐ. അധിഷ്ഠിത പരിശീലനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക ഏജൻസിയായ കൈറ്റ് തയ്യാറാക്കിയ മുകുളം പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നീറ്റ്, ജെ.ഇ.ഇ., സി.യു.ഇ.ടി. തുടങ്ങിയ പ്രവേശന പരീക്ഷകൾക്കായി വിദ്യാർത്ഥികൾക്ക് ഈ പോർട്ടൽ മുഖേന സൗജന്യമായി പരിശീലനം നേടാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ;

(സി) സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഭാഗങ്ങളിലെ പത്തോളം വിഷയങ്ങൾക്കുള്ള ഡിജിറ്റൽ പഠനസാമഗ്രികൾ വെബ്സൈറ്റിൽ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കൂടെ പദ്ധതി**

1232 **ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ തുടർച്ചയായി ഹാജരാകാത്ത കുട്ടികളെ തിരികെ എത്തിക്കുന്നതിനായുള്ള 'കൂടെ പദ്ധതി' ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; കുടുംബ സാഹചര്യം മനസ്സിലാക്കി കുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തുമോ; വ്യക്തമാക്കുമോ;

(സി) ജനപ്രതിനിധികൾ, വിദ്യാഭ്യാസ ഓഫീസർമാർ, സ്കൂൾ അധികൃതർ, പി.ടി.എ. പ്രതിനിധികൾ എന്നിവർ ഇത്തരം കുട്ടികളുടെ വീട് സന്ദർശിക്കുന്നതടക്കമുള്ള പരിപാടികൾ ഇതിന്റെ ഭാഗമായി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**ശാസ്ത്രപഠനം ഫലപ്രദമാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ**

1233 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ടാം ക്ലാസിൽ ശാസ്ത്രവിഷയം അടിസ്ഥാന ശാസ്ത്രം എന്ന ഏകവിഷയമായി അവതരിപ്പിക്കുന്ന നിലവിലെ രീതിയിൽ വിദ്യാർത്ഥികൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ ശാസ്ത്രശാഖകളുടെ അടിസ്ഥാന ആശയങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നതിനും ഓരോ ശാസ്ത്രശാഖയ്ക്കും ആവശ്യമായ പ്രായോഗിക പഠനാനുഭവം ലഭിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ശാസ്ത്രപഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി പാഠ്യപദ്ധതി, പഠനസമയം, ലാബ് സൗകര്യങ്ങൾ എന്നിവയിൽ ആവശ്യമായ പരിഷ്കാരങ്ങൾ പരിഗണിക്കുമോ; വിശദമാക്കാമോ?

## എൽ പി എസ് റ്റി നിയമനം

1234 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം സർക്കാർ എൽ.പി. സ്കൂളുകളിൽ എത്ര ഡിവിഷൻ ഫാൾ ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സർക്കാർ എൽ. പി. സ്കൂളുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:25 ആയി പുനർനിശ്ചയിച്ച് ഡിവിഷൻ ഫാൾ ഒഴിവാക്കി അധ്യാപകരെ സംരക്ഷിക്കുന്നതിനും എൽ.പി.എസ്.റ്റി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ;

(സി) മുൻ എൽ പി എസ് റ്റി റാങ്ക് ലിസ്റ്റിൽ നിന്ന് 4826 പേർക്ക് നിയമനം ലഭിച്ചപ്പോൾ 31.05.2025-ന് നിലവിൽ വന്ന കാറ്റഗറി നമ്പർ 709/2023 റാങ്ക് ലിസ്റ്റിൽ നിന്ന് 239 നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എൽ പി എസ് റ്റി തസ്തികയിലേക്ക് പുതിയ നോട്ടിഫിക്കേഷൻ വൈകിപ്പിക്കുന്നതിന് പി.എസ്.സി.ക്ക് നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## സർക്കാർ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം

1235 **ശ്രീ. വി. ടി. ബൽറാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രൈമറി സ്കൂളുകളിലെ ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ കഴിഞ്ഞ പത്ത് വർഷത്തെ വിദ്യാർഥികളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) നിലവിൽ അൻപതിൽ താഴെ വിദ്യാർഥികളുള്ള സർക്കാർ പ്രൈമറി സ്കൂളുകളുടെ എണ്ണം എത്ര; ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(സി) 51 മുതൽ 100 വരെ വിദ്യാർഥികളുള്ള സർക്കാർ പ്രൈമറി സ്കൂളുകളുടെ എണ്ണം എത്ര; ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ?

**എച്ച്.ടി.വി. തസ്തികയിലെ ഒഴിവുകൾ**

1236 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.ടി.വി. (ഹെഡ് ടീച്ചർ വേക്കൻസി) തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദവിവരം നൽകുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി എച്ച്.ടി.വി. തസ്തികയിൽ എത്ര ഒഴിവുകളാണുള്ളതെന്നും അവ ഏതെല്ലാം സ്കൂളുകളിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികൾ**

1237 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയന വർഷത്തെ അപേക്ഷിച്ച് 2026-27-ൽ സ്കൂളുകളിൽ എത്ര കുട്ടികളുടെ കുറവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഒന്നാം ക്ലാസിൽ ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്നും കഴിഞ്ഞ വർഷം എത്രയായിരുന്നുവെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നെങ്കിൽ ആയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പൊതുവിദ്യാലയങ്ങളിൽ ഉയർന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ?

**ഹയർ സെക്കൻഡറി മേഖലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ പി.എസ്.സി. വഴി നിയമനം**

1238 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി മേഖലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്താൻ സാധ്യതയുണ്ടെന്ന് ഉദ്യോഗാർത്ഥികൾക്കിടയിൽ ആശങ്ക നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹയർ സെക്കൻഡറി മേഖലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ താൽക്കാലിക നിയമനങ്ങൾക്ക് പകരം എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി സ്ഥിരനിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കെ-ടെറ്റ് നിർബന്ധമാക്കിയതുമൂലം സർവീസ് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം**

1239 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ അധ്യാപക നിയമനത്തിന് കെ-ടെറ്റ് നിർബന്ധിത യോഗ്യതയാക്കിക്കൊണ്ടുള്ള ബഹു. സുപ്രീം കോടതി വിധി നിലവിൽ വന്ന സാഹചര്യത്തിൽ, പ്രസ്തുത വിധിക്ക് മുൻപ് സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിൽ പി. എസ്. സി. മുഖാന്തിരവും എയ്ഡഡ് മാനേജ്മെന്റുകൾ വഴിയും സർവീസിൽ പ്രവേശിച്ച അധ്യാപകരുടെ സർവീസ് റെഗുലറൈസേഷൻ, പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ തടസ്സപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമന സമയത്ത് അംഗീകൃത യോഗ്യത ഉണ്ടായിരുന്നിട്ടും ഭിന്നശേഷി സംവരണ റോസ്റ്റർ ക്രമീകരണത്തിലെ കാലതാമസ കാരണങ്ങളാൽ

നിയമന അംഗീകാരവും റെഗുലറൈസേഷനും വൈകിയ അധ്യാപകർക്ക്, കെ-ടെറ്റ് പാസായ തീയതി മുതൽ സർവീസ് പ്രാബല്യം നിശ്ചയിക്കുന്നത് കെ.എസ്.ആർ. പാർട്ട് II ചട്ടങ്ങൾക്ക് വിരുദ്ധമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതുമൂലം അദ്ധ്യാപകരുടെ മുൻകാല സർവീസും സർവീസ് ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(സി) ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കെ-ടെറ്റ് യോഗ്യതാ നിബന്ധന നടപ്പിലാക്കുമ്പോൾ 2025-ന് മുൻപ് സർക്കാർ മാനദണ്ഡപ്രകാരം യോഗ്യത നേടിയിട്ടുള്ള അധ്യാപകരുടെ നിയമനം റദ്ദ് ചെയ്യപ്പെടാതിരിക്കുന്നതിനും സർവീസ് റെഗുലറൈസേഷനും സർവീസ് ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രത്യേക ഉത്തരവോ മാർഗ്ഗനിർദ്ദേശങ്ങളോ പുറപ്പെടുവിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>**അഞ്ചൽ ഈസ്റ്റ് ജി.വി.എച്ച്.എസ്.എസ്സിന് പുതിയ കെട്ടിടം**</u>

1240 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലുൾപ്പെട്ട അഞ്ചൽ ഈസ്റ്റ് ജി.വി.എച്ച്.എസ്.എസ്സിന്റെ വി.എച്ച്.എസ്.ഇ വിഭാഗത്തിന് പുതിയ കെട്ടിടം നിർമ്മിക്കാൻ സ്ഥലം എം.എൽ.എ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) അഞ്ചൽ ഈസ്റ്റ് ജി.വി.എച്ച്.എസ്.എസ്സിന്റെ വി.എച്ച്.എസ്.ഇ വിഭാഗത്തിന് പുതിയ കെട്ടിടം അനിവാര്യമായ സാഹചര്യത്തിൽ പ്രസ്തുത നിവേദനത്തിന് മുൻഗണന നൽകി സ്കൂൾ കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുമോയെന്ന് വിശദമാക്കാമോ?

<u>**കോന്നി നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ നിർമ്മാണ പുരോഗതി**</u>

1241 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കലഞ്ഞൂർ, ചിറ്റാർ എന്നീ ഗവ. ഹയർ സെക്കൻഡറി സ്കൂളുകളിലെ ആധുനിക ലാബുകൾക്കും നിർമ്മാണം ആരംഭിച്ച ജി.എച്ച്.എസ്. ചിറ്റാർ, ജി.എച്ച്.എസ്. മാങ്കൂർ, ജി. എൽ. പി. എസ്. പാടം, ജി.എച്ച്.എസ്. കൂടൽ, ജി.എച്ച്.എസ്. കൈപ്പട്ടൂർ, ജി.എച്ച്.എസ്. തേക്കുതോട്, ജി. എൽ. പി. എസ്. വയലവടക്ക്, എൽ. പി. എസ് കലഞ്ഞൂർ എന്നീ സ്കൂളുകൾക്കും അനുവദിച്ച തുകയും ഓരോ പ്രവർത്തിയുടെയും നിലവിലെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ;

(ബി) കാലതാമസം നേരിടുന്ന പ്രവൃത്തികളുടെ കാരണവും അവയുടെ പൂർത്തീകരണ സമയപരിധിയും വ്യക്തമാക്കാമോ?

**<u>ബേപ്പൂർ മണ്ഡലത്തിലെ ഹയർസെക്കൻഡറി സ്കൂളുകൾക്കായി എൻ.എസ്.ക്യു.എഫ്. കോഴ്സുകൾ</u>**

1242 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഹയർസെക്കൻഡറി സ്കൂളുകളിൽ എൻ.എസ്.ക്യു.എഫ്. പ്രകാരമുള്ള സ്കിൽ കോഴ്സുകൾ, വൊക്കേഷണൽ കോഴ്സുകൾ എന്നിവ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയ കോഴ്സുകൾ നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(സി) ചാലിയാർ തീരത്തെ വിദ്യാർത്ഥികൾക്ക് ലോജിസ്റ്റിക്, ടൂറിസം മേഖലകളിൽ പ്രായോഗിക പരിശീലനം നല്കുവാൻ പദ്ധതി നടപ്പിലാക്കുമോ?

**<u>2026-27-ലെ ഹയർ സെക്കൻഡറി അധിക ബാച്ചുകൾ</u>**

1243 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-27 അധ്യയന വർഷം എത്ര സ്കൂളുകൾക്കാണ് ഹയർ സെക്കൻഡറി അധിക ബാച്ചുകൾ അനുവദിച്ചതെന്നും ഇതിൽ എയ്ഡഡ് /സർക്കാർ സ്കൂളുകളുടെ എണ്ണവും പേരും ലഭ്യമാക്കാമോ;

(ബി) അധിക ബാച്ചുകൾ ലഭിച്ച എയ്ഡഡ് സ്കൂളുകളിൽ പലതും സർക്കാർ സ്കൂളുകൾക്ക് സമീപമാണോ; വ്യക്തമാക്കാമോ;

(സി) തെക്കൻ ജില്ലകളിൽ കുട്ടികളുടെ അഭാവത്താൽ ഇല്ലാതായ ബാച്ചുകളുടെ എണ്ണം എത്രയെന്നും പ്രസ്തുത സ്കൂളുകളിലെ അധ്യാപകരെ പുനർവിന്യസിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## <u>സ്കൂൾ കായികമേളയിൽ സംഭവിച്ച അപകടങ്ങൾ</u>

1244 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സ്കൂൾ കായികമേളയിൽ ഏതെങ്കിലും തരത്തിലുള്ള അപകടങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്നും അതിന്റെ ഭാഗമായി കായികതാരങ്ങളായ വിദ്യാർത്ഥികൾക്കോ അവരുടെ രക്ഷിതാക്കൾക്കോ പരിക്ക് പറ്റിയതായോ ഉള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) സ്കൂൾ കായികമേളയുടെ താല്ക്കാലിക ഷെഡുകൾ നിർമ്മിച്ചതിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കാൻ നടപടി</u>

1245 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ ഹൈസ്കൂൾ, യു.പി., എൽ.പി.വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ കായിക അധ്യാപകരുടെ കുറവ് മൂലം കുട്ടികൾക്ക് കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് ശരിയായ പരിശീലനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കായിക അധ്യാപകരുടെ കുറവ് നികത്തുന്നതിന് സ്ഥിരമായോ കരാറടിസ്ഥാത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ കായിക അധ്യാപകരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മുന്നൂറോളം കുട്ടികൾ പഠിക്കുന്ന ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പെണ്ണുക്കര ഗവ. യു.പി. സ്കൂളിൽ മുഴുവൻസമയ കായിക അധ്യാപകന്റെ സേവനം ലഭ്യമാ ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ പി.എൻ.എം. ഗവ. എച്ച്.എസ്.എസ്. കൂന്തള്ളൂർ നിർമ്മാണ പദ്ധതി</u>**

1246 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ പി.എൻ.എം. ഗവ. എച്ച്.എസ്.എസ്. കൂന്തള്ളൂർ സ്കൂളിന്റെ കിഫ്ബി/കില നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പദ്ധതിയുടെ ഭരണാനുമതി, സാങ്കേതികാനുമതി, ടെൻഡർ നടപടികൾ എന്നിവ പൂർത്തിയായിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?

**<u>അമരമ്പലം ജി.എൽ.പി.എസ്. നോടനുബന്ധിച്ച് ഹോസ്റ്റൽ</u>**

1247 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ അമരമ്പലം ജി.എൽ.പി.എസ്. നോടനുബന്ധിച്ച് സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ) ഫണ്ട് ഉപയോഗിച്ച് ട്രൈബൽ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിച്ചുവെങ്കിലും ഫർണിച്ചറുകളുടെ അഭാവം മൂലം ഹോസ്റ്റൽ പ്രവർത്തനരഹിതമായി പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തുറന്ന് പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

**കുട്ടനാട്ടിലെ സ്കൂൾ കെട്ടിട നിർമ്മാണം**

1248 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ നെടുമുടി പൊങ്ങ ഗവ: എൽ.പി.എസിന്റെയും വെളിയനാട് ഗവ: എൽ.പി.എസിന്റെയും കെട്ടിടങ്ങളുടെ മോശം അവസ്ഥയും സൗകര്യക്കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ;

(സി) ഭരണാനുമതിയ്ക്കായി ഇനിയെന്ത് നടപടിക്രമമാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**വാക്കടപ്പുറം ഗവ. എൽ.പി. സ്കൂളിന് എം എൽ എ ആസ്തി വികസന ഫണ്ടിൽ നിന്നും ബസ് വാങ്ങുന്നതിന് അനുമതി**

1249 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലം 2025-26 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും കരിമ്പുഴ പഞ്ചായത്തിലെ വാക്കടപ്പുറം ഗവ. എൽ.പി. സ്കൂളിന് 22 സീറ്റുള്ള ബസ്സ് വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ 19/05/2026-ന് DDEPKD/1973/2025/E3 നമ്പർ കത്ത് പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരത്തിന് അയച്ചു കൊടുത്തിരുന്നോ; എങ്കിൽ നിലവിൽ പ്രസ്തുത ഫയൽ ആരുടെ കൈവശം ആണ് ഉള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫയൽ എന്നാണ് സർക്കാരിലേയ്ക്ക് സമർപ്പിച്ചത്; സർക്കാരിലെ ഫയൽ നമ്പർ എത്രയാണ്; വിശദവിവരം ലഭ്യമാക്കാമോ?

**കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലെങ്കിൽ നിഷേധിക്കപ്പെടുന്ന ആനുകൂല്യങ്ങൾ**

1250 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂൾ അധ്യാപകർ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലെങ്കിൽ നിഷേധിക്കപ്പെടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യോഗ്യത നേടിയില്ലെങ്കിൽ സ്ഥാനക്കയറ്റമോ ഗ്രേഡോ ലഭ്യമാകുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>സ്ഥലംമാറ്റ ഉത്തരവുകൾ പുനഃപരിശോധിക്കാൻ നടപടി</u>**

1251 **ശ്രീ. വി. ജോയി**

**ശ്രീ. പി. കെ. പ്രവീൺ**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള മാനദണ്ഡങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ഭരണസൗകര്യാർത്ഥം എന്ന പേരിൽ പരസ്പര സ്ഥലംമാറ്റങ്ങൾ (മ്യൂച്വൽ ട്രാൻസ്ഫറുകൾ) നടത്തി ഉത്തരവിറക്കിയതായി പറയപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചട്ടവിരുദ്ധമായി കണക്കാക്കപ്പെടുന്ന പരസ്പര സ്ഥലംമാറ്റങ്ങൾ ഹൈസ്കൂൾ പ്രഥമാധ്യാപകരുടെയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും കാര്യത്തിൽ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) സുതാര്യമായി ഓൺലൈൻ മുഖേന നടന്നുവന്നിരുന്ന സ്ഥലംമാറ്റ പ്രക്രിയ ലംഘിക്കപ്പെടുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഭരണാനുകൂല സംഘടനയിലുള്ളവർക്ക് ഇഷ്ടാനുസരണം സ്ഥലംമാറ്റം നൽകുകയും പ്രതിപക്ഷ സംഘടനകളിൽപ്പെട്ട അധ്യാപകരെ പ്രതികാര ബുദ്ധിയോടെ വിദൂര സ്ഥലങ്ങളിലേക്ക് മാറ്റുകയും ചെയ്യുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ചട്ടവിരുദ്ധമായി നടത്തിയതായി പറയപ്പെടുന്ന ഇത്തരം സ്ഥലംമാറ്റ ഉത്തരവുകൾ പുനഃപരിശോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>ഹയർസെക്കൻഡറി പ്രിൻസിപ്പൽമാരുടെയും അധ്യാപകരുടെയും പൊതുസ്ഥലംമാറ്റം</u>**

1252 **ശ്രീ. സജി ചെറിയാൻ**

**ശ്രീ. പി. പി. സുമോദ്**

**ശ്രീ. എം. വിജിൻ**

**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കൻഡറി പ്രിൻസിപ്പൽമാരുടെ പൊതുസ്ഥലംമാറ്റം ഇതുവരെ പൂർത്തിയാകാത്തതും പ്രിൻസിപ്പൽ സ്ഥാനക്കയറ്റത്തിനുള്ള പ്രമോഷൻ കമ്മിറ്റി ചേരാത്തതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അധ്യയനവർഷം പകുതി പിന്നിട്ടിട്ടും ഹയർസെക്കൻഡറി അധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പുറത്തിറക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അഴിമതി ലക്ഷ്യമിട്ടാണ് അധ്യാപക സ്ഥലംമാറ്റങ്ങൾ അനിശ്ചിതമായി വൈകിപ്പിക്കുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) സെൻസസ് നടപടികളുടെ പേരിൽ മരവിപ്പിക്കുകയും പ്രതിഷേധങ്ങൾക്കൊടുവിൽ പുനരാരംഭിക്കുകയും ചെയ്ത ജില്ലാതല സ്ഥലംമാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>ഭിന്നശേഷി നിയമന വിഷയത്തിന്റെ പേരിൽ അംഗീകാരം ലഭിക്കാത്ത അധ്യാപകർ</u>**

1253 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ട അധ്യാപകരിൽ ഭിന്നശേഷി നിയമന വിഷയം കാരണം അംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ

എണ്ണം വിദ്യാഭ്യാസ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി അധ്യാപക തസ്തികകൾ മാറ്റിവയ്ക്കപ്പെട്ടിട്ടും പ്രസ്തുത തസ്തികകളിലേക്ക് യോഗ്യതയുള്ള ഭിന്നശേഷിക്കാരുടെ ലഭ്യത ഇല്ലാത്തതിനാൽ നിയമനം നടക്കാത്ത വിദ്യാലയങ്ങളുടെ വിവരം ലഭ്യമാക്കാമോ;

(സി) എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി അധ്യാപക തസ്തികകൾ മാറ്റിവയ്ക്കപ്പെട്ടിട്ടും മറ്റ് അധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കാത്ത വിദ്യാലയങ്ങളുടെ വിവരം ലഭ്യമാക്കാമോ;

(ഡി) ഭിന്നശേഷി നിയമനത്തിന് മാനേജ്മെന്റുകൾ തസ്തികകൾ മാറ്റിവെച്ചിട്ടും മറ്റ് അധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഇ) ഭിന്നശേഷി നിയമന വിഷയവുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാത്ത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## <u>കെ-ടെറ്റ്</u>

1254 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ-ടെറ്റ് നിർബന്ധമല്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്കൂളിന്റെ ന്യൂനപക്ഷ പദവി മാത്രം പരിഗണിച്ച് ഇളവ് നൽകുന്നതിൽ അപാകത ഉള്ളതായി കരുതുന്നുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ഹയർ സെക്കൻഡറി സ്കൂളിൽ ഓഫീസ് അറ്റൻഡന്റുമാരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി</u>

1255 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി സ്കൂളിൽ ഓഫീസ് അറ്റൻഡന്റുമാർ ഇല്ലാത്തത് പ്രിൻസിപ്പൽമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആലോചനയുണ്ടോ; വിശദമാക്കാമോ?

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫ് നിയമനം**

1256 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി .എം. എ. സമീർ**
**ശ്രീ. ടി. പി. അഷ്റഫലി**
**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിലേക്കുള്ള നിയമന രീതി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് നിയമനം നടത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**വരന്തരപ്പിള്ളി ഐ.സി.സി. ഇംഗ്ലീഷ് മീഡീയം സ്കൂളിന് എൻ.ഒ.സി.**

1257 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഐ.സി.സി. ഇംഗ്ലീഷ് മീഡീയം സ്കൂളിന് എൻ.ഒ.സി. ലഭിക്കുന്നതിനായി സ്കൂൾ മാനേജർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) സ്വന്തം ഭൂമിയിൽ സ്ഥിതി ചെയ്യുന്നതും ഇരുപത് വർഷമായി സി.ബി.എസ്.സി. സിലബസ്സിൽ പ്രവർത്തിച്ച് വരുന്നതുമായ ഐ.സി.സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ അപേക്ഷ പരിഗണിച്ച് എൻ.ഒ.സി. നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പത്തനാപുരം മണ്ഡലത്തിലെ സർക്കാർ പ്രൈമറി സ്കൂളുകൾ</u>

1258 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിൽ എത്ര സർക്കാർ പ്രൈമറി സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്കൂളിലും ഈ അധ്യയന വർഷം ഒന്നു മുതൽ നാല് വരെ ക്ലാസുകളിലായി ആകെയുള്ള കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച് ലഭ്യമാക്കാമോ?

<u>സംസ്ഥാനത്തെ ഡയറ്റ് ഹോസ്റ്റലുകൾ</u>

1259 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും തീരെ പ്രവർത്തിക്കാത്തതുമായ ഡയറ്റ് ഹോസ്റ്റലുകളുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ 2016 മുതൽ 2026 വരെയുള്ള കാലയളവിൽ താമസിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം അധ്യയന വർഷം തിരിച്ച്, ഹോസ്റ്റൽ തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഡയറ്റ് ഹോസ്റ്റലുകളിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെയും കരാർ ജീവനക്കാരുടെയും വിവരം ഹോസ്റ്റലുകൾ തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) നിലവിൽ ഡയറ്റ് ഹോസ്റ്റലുകൾ നടത്തിക്കൊണ്ടുപോകുന്നതിന് പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ ഡയറ്റ് ഹോസ്റ്റലുകളിൽ നിന്ന് സർക്കാരിന് വരുമാനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ 2016 മുതൽ 2026 വരെയുള്ള കാലയളവിൽ ലഭിച്ച

വരുമാനം എത്രയെന്ന് ഹോസ്റ്റൽ തിരിച്ച്, സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) മേൽപ്പറഞ്ഞ കാലയളവിൽ ഡയറ്റ് ഹോസ്റ്റലുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിച്ച തുക എത്രയെന്ന് ഹോസ്റ്റൽ തിരിച്ച്, സാമ്പത്തികവർഷം തിരിച്ച് വ്യക്തമാക്കാമോ?

**സ്കൂളുകൾ ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി**

1260 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ ആഡിറ്റോറിയം, മിനിഹാളുകൾ എന്നിവയൊന്നുമില്ലാത്ത സ്ഥലത്തെ വിദ്യാലയങ്ങളും പരിസരവും കലാകായിക വിനോദങ്ങൾ, വിവാഹം, യോഗങ്ങൾ എന്നിവയ്ക്കായി അനുവദിച്ചിരുന്നത് സർക്കാർ ഉത്തരവിലൂടെ തടയുകയുണ്ടായെങ്കിലും ഇപ്പോൾ പ്രസ്തുത ആവശ്യത്തിലേക്കായി അത് ആവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ തലത്തിൽ നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) മലയോര മേഖലയായ തിരുവമ്പാടി തൊണ്ടിമ്മൽ പ്രദേശത്ത് ജി.എൽ.പി. സ്കൂൾ, തൊണ്ടിമ്മൽ പ്രസ്തുത ആവശ്യങ്ങൾക്കായി പ്രദേശവാസികൾക്ക് അനുവദിക്കുന്നത് അനുഭാവപൂർവം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**സ്കൂൾ അപ്ഗ്രേഡേഷൻ നിയന്ത്രണങ്ങളിലെ ഇളവുകൾ**

1261 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.കെ. നടത്തിയ സ്കൂൾ മാപ്പിംഗ് വിജ്ഞാപനം അവസാനമായി പുതുക്കിയത് എപ്പോഴാണെന്നും പുതിയ സ്കൂളുകൾ അനുവദിക്കുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ 13.06.2007-ലെ സ.ഉ(പി)നം.107/2007/ പൊവിവ ഉത്തരവിലെ നിയന്ത്രണങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) വൈപ്പിൻ തീരദേശ മേഖലയിലെ വിദ്യാർത്ഥികളുടെ തുടർപഠന സൗകര്യവും യാത്രാ ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് വൈപ്പിൻ കനോസ്സ യു.പി. സ്കൂൾ ഉൾപ്പെടുന്ന പ്രദേശത്തെ വിദ്യാഭ്യാസ വിദൂരപ്രദേശങ്ങളുടെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) തിരുമല ദേവസ്വം (ടി.ഡി) ഹയർ സെക്കണ്ടറി സ്കൂൾ വിഷയം ഉൾപ്പെടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ കുട്ടികൾക്കായി അൺ-എയ്ഡഡ് സ്കൂളുകളെ എയ്ഡഡ് ആക്കുന്നതിന് KER Chapter-V, Rule 6 (vii) ചട്ടത്തിൽ ഇളവ് നൽകാനോ ഭേദഗതി വരുത്താനോ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കൊച്ചി മണ്ഡലത്തിൽ എത്ര അൺ എയ്ഡഡ് ഹയർ സെക്കണ്ടറി ബാച്ചുകൾ നിലവിലുണ്ട്; കൊച്ചി മേഖലയിലെ സീറ്റുകളുടെ കുറവ് പരിഹരിക്കാൻ പുതിയ എയ്ഡഡ് ബാച്ചുകൾ അനുവദിക്കുന്നതിനായി ഏതെങ്കിലും ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## റവന്യൂ ഇ-സേവനങ്ങൾ

1262 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് റവന്യൂ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന റവന്യൂ ഇ-സർവീസസ് പോർട്ടൽ കൂടുതൽ ലളിതമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സേവനങ്ങളെക്കുറിച്ച് സാധാരണക്കാർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി പ്രാദേശിക തലത്തിൽ ക്യാമ്പുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ?

## താനൂർ,നിറമരുതൂർ - ഭൂമിയുടെ വിശദാംശങ്ങൾ സംബന്ധിച്ച്

1263 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ താനൂർ നഗരസഭാ പരിധിയിലും നിറമരുതൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലും, ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലും പരിപാലനത്തിലുമുള്ള സ്ഥാപനങ്ങളും ഭൂമികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഭൂമികളുടെ സർവ്വേ നമ്പറുൾപ്പെടെയുള്ള വിവരങ്ങൾ നൽകുമോ;

(ബി) നിറമരുതൂർ ഫിഷറീസ് കോളനിയുടെയും താനൂരിലെ മറ്റു ഫിഷറീസ് കോളനികളുടെയും ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത കോളനികൾ ആരുടെയെല്ലാം പേരിലാണ് പട്ടയം നൽകിയതെന്നും ബാക്കി ഭൂമി എത്രയുണ്ടെന്നും വ്യക്തമാക്കുമോ; വകുപ്പിന് കീഴിലുള്ള റോഡുകൾ, പാത്ത് വേകൾ എന്നിവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

## സർവോദയ മണ്ഡലം/ഭൂദാൻ ഭൂമി പതിച്ചുനൽകലും തണ്ടപ്പേര് ലഭിക്കുന്നതിലെ തടസ്സങ്ങളും

1264 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് പട്ടയം വിതരണം ചെയ്യുന്ന നടപടികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂരഹിതർ ദീർഘകാലമായി കൈവശം വച്ചുവരുന്ന ഭൂമിക്ക് (പ്രത്യേകിച്ച് സർവോദയ മണ്ഡലം/ഭൂദാൻ ഭൂമി ഉൾപ്പെടെയുള്ളവ) പട്ടയം അനുവദിക്കുന്നതിൽ റവന്യൂ തലത്തിൽ നിലനിൽക്കുന്ന പ്രധാന തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കൈവശാവകാശമുള്ള ഭൂമിക്ക് തണ്ടപ്പേര് ലഭിക്കാത്തതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി താലൂക്ക്/ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേക റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പട്ടയ വിതരണവുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി പ്രത്യേക മിഷൻ അല്ലെങ്കിൽ സമയബന്ധിത പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**റവന്യൂ പുറമ്പോക്ക് ഭൂമി**

1265 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ.(പി) നം. 150/2026/ആർ.ഡി.തീയതി 15-03-2026 പ്രകാരമുള്ള കേരള സർക്കാർ ഭൂമി പതിവ് ഭേദഗതി ചട്ടങ്ങൾ 2026-ന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ അംഗീകരിച്ച് പുറപ്പെടുവിച്ച റവന്യൂ (യു)വകുപ്പ് ഉത്തരവ് സ.ഉ.(കൈ)നം. 230/2026/ആർ.ഡി. തീയതി 31-07-2026-ന്റെ അടിസ്ഥാനത്തിൽ നാളിതുവരെ ഏതെങ്കിലും പട്ടാദാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി) സ.ഉ.(കൈ) നം.230/2026/ആർ.ഡി.തീയതി 31-07-2026 പ്രകാരം പട്ടാദാരൻ അപേക്ഷ സമർപ്പിക്കാതിരിക്കുകയും അത്തരത്തിലുള്ള പട്ടയഭൂമി നാളിതുവരെ അനുവദിക്കപ്പെട്ട ആവശ്യത്തിനുപോലും ഉപയോഗിക്കാതെ കിടക്കുകയും ചെയ്യുന്ന സാഹചര്യം നിയമസഭാംഗം എന്ന നിലയിൽ ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ പ്രസ്തുത ഭൂമി മേൽ ഉത്തരവിലെ ഖണ്ഡിക 1.7-ൽ പരാമർശിച്ചിട്ടുള്ള മറ്റ് ആവശ്യങ്ങൾക്കായി ഏറ്റെടുക്കാൻ കഴിയുമോ; വിശദമാക്കുമോ;

(സി) കേരളത്തിലെ കോർപ്പറേഷൻ, നഗരസഭ, മുനിസിപ്പാലിറ്റി പരിധികളിൽ ഉപയോഗിക്കാതെ കിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തി, അത്തരം ജില്ലകളിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ കണക്കെടുത്ത്, ആവശ്യമായ വിസ്തൃതിയിൽ സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിടങ്ങൾ നിർമ്മിച്ച് ഈ സർക്കാരിന്റെ കാലയളവിൽ തന്നെ പൂർത്തിയാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

(ഡി) ഇത്തരം സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ സാധ്യമായ സ്ഥലങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾക്കായി സ്ഥലം കണ്ടെത്തി കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിലൂടെ സർക്കാരിന് അധിക വാടക വരുമാനം കണ്ടെത്താൻ കഴിയുമോ; വിശദമാക്കുമോ?

**ഡിജിറ്റൽ സർവ്വെ**

1266 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റവന്യൂ വില്ലേജുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുണ്ടെന്നും എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ നടന്നു കൊണ്ടിരിക്കുകയാണെന്നും വ്യക്തമാക്കുമോ;

(സി) സർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിലെ ഭൂവുടമകൾ ചൂണ്ടിക്കാണിക്കുന്ന പ്രശ്നങ്ങൾക്ക് എന്തെങ്കിലും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിൽ അസന്തുലിതാവസ്ഥ</u>

1267 **ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതിയ മൂല്യനിർണ്ണയസംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ;

(സി) ന്യായവില പുന:പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ടൂറിസം പദ്ധതികൾക്ക് ഉപപാട്ടം നൽകുന്നത്</u>

1268 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങാട് മണ്ഡലത്തിൽ തിരുവനന്തപുരം താലൂക്കിലെ അണ്ടൂർക്കോണം വില്ലേജിൽപ്പെട്ട 12.76 ഏക്കർ ആനത്താഴ്ച്ചിറ ജലസംഭരണിയും അതിനോട് ചേർന്ന 4 ഏക്കർ ഭൂമിയും വെള്ളാണിക്കൽ

പാറമുകളിൽപ്പെട്ട 9.37 ഏക്കർ ഭൂമിയും ഉടമസ്ഥാവകാശം മാതൃവകുപ്പുകളിൽ നിലനിർത്തിക്കൊണ്ട് ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കാൻ വിനോദസഞ്ചാര വകുപ്പിന് കൈമാറി ഉത്തരവായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമികളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വിനോദസഞ്ചാര പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ ഉത്തരവുകളിലെ (സ.ഉ. (കൈ) നം. 96/2025/ആർ.ഡി.,സ.ഉ.(കൈ) നം. 112/2025/ആർ.ഡി.) പാട്ടം, ഉപ-പാട്ടം എന്നിവ വിലക്കിക്കൊണ്ടുള്ള നിബന്ധനകൾ തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് ഉപയോഗാനുമതി/ഉപ-പാട്ടം നൽകുവാൻ തക്കവണ്ണം ഉത്തരവുകളിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് വിനോദസഞ്ചാര വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേക്ക് കത്ത് നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ നമ്പർ ഏതാണ്; ആയതിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) സമയബന്ധിതമായി ഉപ-പാട്ടം ഒഴിവാക്കി നൽകുന്നതിന് നേരിടുന്ന പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ഇ.എസ്.എ (പരിസ്ഥിതി ലോല പ്രദേശം)

1269 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി വില്ലേജിലെ ജനവാസ കേന്ദ്രങ്ങളും കാർഷിക കൈവശ ഭൂമികളും ഇപ്പോൾ ഏത് പരിധിയിലാണ് ഉള്ളത്;

(ബി) ഇ.എസ്.എ (പരിസ്ഥിതി ലോല പ്രദേശം) പരിധിയിലാണെങ്കിൽ അതിൽ നിന്ന് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

## വസ്തുതരംമാറ്റൽ വേഗത്തിലാക്കാൻ നടപടി

1270 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ടവർക്ക് ഭൂമി തരം മാറ്റുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി തരം മാറ്റത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് കൂടുതൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതിനോ കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഭൂമി തരം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>ചേലക്കര നിയോജക മണ്ഡലത്തിലെ കൈവശ ഭൂമിയ്ക്ക് പട്ടയം</u>**

1271 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ നിന്ന്, കൈവശ ഭൂമിയ്ക്ക് പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയിട്ടുള്ള എത്ര അപേക്ഷകൾ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കാഫീസിൽ ഇനിയും നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്; ഓരോരുത്തരുടെയും വില്ലേജ്, മേൽവിലാസം എന്നിവ പ്രത്യേകം വ്യക്തമാക്കുമോ;

(ബി) അപേക്ഷകരിൽ ഭൂരിഭാഗവും പട്ടികജാതി,പട്ടികവർഗ്ഗ,പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരാണ് എന്നതു കണക്കിലെടുത്ത് ടി അപേക്ഷകളിൽ സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

**<u>മലയോര ഹൈവേ പദ്ധതികൾ</u>**

1272 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്നതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ മലയോര ഹൈവേ പദ്ധതിയിലെ ഗോപാലപുരം -കൊല്ലങ്കോട് (കന്നിമാരിമേട്-നെടുമണി ഭാഗം), കൊല്ലങ്കോട്-വടക്കാഞ്ചേരി (പനങ്ങാട്ടിരി-വിത്തനശ്ശേരി, അയിനംപാടം-തങ്കം ജംഗ്ഷൻ) എന്നീ റീച്ചുകളുടെ നവീകരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനായി കെ.ആർ.എഫ്.ബി മുഖേന റവന്യൂ അധികൃതർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സർവേയർമാരുടെ അഭാവം മൂലം തടസ്സപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി കൂടുതൽ സർവ്വേയർമാരെ നിയോഗിക്കുകയോ ഇതിനായി പ്രത്യേക സർവ്വേ ടീമിനെ ചുമതലപ്പെടുത്തുകയോ ചെയ്യുമോ; വിശദാംശം അറിയിക്കുമോ?

**മിനി സിവിൽ സ്റ്റേഷനുകളുടെ പ്രവർത്തനം**

1273 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ ഏതെല്ലാം ഓഫീസുകളാണ് പ്രവർത്തിച്ചു വരുന്നത് എന്ന് അറിയിക്കുമോ;

(ബി) അഞ്ചോളം ഓഫീസുകൾ മിനിസിവിൽസ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തിക്കുവാൻ നിർദ്ദേശം നല്കിയെങ്കിലും ആയത് നടപ്പിലായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതെല്ലാം ഓഫീസുകൾ എപ്പോൾ മുതൽ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കുമോ?

**വനാതിർത്തികളിൽ അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് മതിലുകൾ, കെട്ടിടങ്ങൾ, വേലികൾ എന്നിവ പൊളിക്കുന്നത്**

1274 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനത്താരകൾ തടസ്സപ്പെടുത്തിക്കൊണ്ട് വനാതിർത്തികളിൽ അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് മതിലുകൾ, കെട്ടിടങ്ങൾ, വേലികൾ എന്നിവ പൊളിക്കുന്നതിന് ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയോ ജില്ലാ കളക്ടറോ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) മൂന്നാർ, പീരുമേട്, ഉടുമ്പൻചോല തോട്ടം മേഖലകളിൽ വൈകീട്ട് 6 മണി മുതൽ രാവിലെ 6 മണി വരെ സഞ്ചാര നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മേൽ ഉത്തരവുകൾക്കെതിരായ ജനകീയ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**ഭൂമി തരം മാറ്റത്തിനുള്ള കാലതാമസം**

1275 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റുന്നതിനായി നൽകിയ അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അപേക്ഷകൾ തീർപ്പാക്കുന്നതിന് മുൻഗണനാക്രമമോ പ്രത്യേക മാനദണ്ഡങ്ങളോ ഉണ്ടോ; വിശദമാക്കാമോ; ക്രമപ്രകാരമുള്ള അപേക്ഷ നൽകിയിട്ടും ആയത് പരിഗണിക്കാതെ മനപ്പൂർവ്വമായ കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിവാഹം, ഭവനനിർമ്മാണം, വ്യവസായം തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്നതിന് വസ്തുവിന്റെ തരം മാറ്റം അനിവാര്യമായതിനാൽ ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഭൂമി സംബന്ധമായ സേവനങ്ങൾ**

1276 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഭൂമി സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി അധിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ പട്ടയം നൽകുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ആകെ ലഭിച്ച അപേക്ഷകൾ, നൽകിയ

പട്ടയങ്ങളുടെ വിവരങ്ങൾ എന്നിവ വില്ലേജ് അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കുമോ?

**സർക്കാർ ഭൂമിയിലെ അനധികൃത കൈയേറ്റങ്ങൾ**

1277 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) തോട്ടം മേഖലയിൽ ഉൾപ്പെടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഭൂമി വിട്ടുനൽകാത്ത കേസുകളിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനായി ഡിജിറ്റൽ ലാൻഡ് ബാങ്ക് സംവിധാനം ശക്തിപ്പെടുത്തുമോ; സർക്കാർ ഭൂമിയുടെ വിവരങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**എറണാകുളം വട്ടുതല ജനകീയ റോഡ് നിവാസികൾക്ക് പട്ടയം നൽകുന്നത്**

1278 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ വടുതല ജനകീയ റോഡ് നിവാസികളിൽ അവശേഷിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആളുകൾക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**നടക്കാവ് പട്ടികജാതി ഉന്നതിയിലെ കുടുംബങ്ങളുടെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് നടപടി**

1279 **ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് താലൂക്ക് വടക്കേ തൃക്കരിപ്പൂർ വില്ലേജിൽ നടക്കാവ് പട്ടികജാതി ഉന്നതിയിലെ ഇരുപതോളം കുടുംബങ്ങൾക്ക് കൈവശാവകാശം തെളിയിക്കുന്നതിന് പട്ടയരേഖകളോ പകർപ്പോ ആധാരങ്ങളോ ഇല്ലാത്തതിനാൽ ക്രയവിക്രയത്തിന് ബാങ്കുകളിൽ നിന്നോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കാനാകാത്ത സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നികുതി അടച്ച് കൈവശം വച്ച് അനുഭവിക്കുന്ന ഭൂമിക്ക് പട്ടയരേഖകളോ പകർപ്പോ കൈവശമില്ലാത്തതിനാൽ പ്രതിസന്ധിയിലായ പ്രസ്തുത കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>കെ.ഐ.പി കനാൽ പുറമ്പോക്കിലെ കൈവശക്കാർക്ക് പട്ടയം</u>**

1280 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുനലൂർ,പത്തനാപുരം,കൊട്ടാരക്കര താലൂക്കുകളിലെയും പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലെയും കെ.ഐ.പി കനാൽ പുറമ്പോക്കിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി റവന്യൂ (എം) വകുപ്പ് സ.ഉ(കൈ) നം.156/2026/ ആർഡി നമ്പറായി 15/03/2026 ൽ പുറപ്പെടുവിച്ച ഉത്തരവുമായി ബന്ധപ്പെട്ട തുടർനടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായുള്ള നടപടികളിൽ ഇനിയും കാലതാമസമുണ്ടാകുമോയെന്നും പട്ടയം എന്ന് നല്കാൻ കഴിയുമെന്നും അറിയിക്കുമോ;

(സി) മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം പട്ടയം നൽകുന്ന നടപടികളിൽ എന്തെങ്കിലും തടസങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത തടസങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

**<u>പട്ടയ വിതരണം</u>**

1281 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2021 - 2022 കാലഘട്ടം മുതൽ ഇതുവരെ പട്ടയത്തിനായി ലഭിച്ചിട്ടുള്ള ആകെ അപേക്ഷകളുടെ എണ്ണം നഗരസഭ /പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ പട്ടയം നൽകിയതും നിലവിൽ നടപടികൾ നടന്നു വരുന്നതുമായ അപേക്ഷകൾ എത്രയെന്നും നടപടിക്രമങ്ങൾ പൂർത്തിയായി പട്ടയ വിതരണത്തിന് റെഡിയായിട്ടുള്ള അപേക്ഷകൾ എത്രയെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ രൂപീകരിച്ച പട്ടയ മിഷന്റെ ഭാഗമായി നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കുളം, തോട്, റോഡ് പുറമ്പോക്കിൽപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്നവരിൽ നിന്നും പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ നിലവിൽ ഏതൊക്കെ അപേക്ഷകളിന്മേലാണ് നടപടികൾ നടന്നു വരുന്നത് എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) പട്ടയ മിഷന്റെ ഭാഗമായി ഡാഷ്ബോർഡിൽ ഉൾപ്പെട്ട അപേക്ഷകളുടെ എണ്ണവും പേരും മേൽവിലാസവും നിലവിലെ ഘട്ടവും നടപടിക്രമങ്ങളുടെ പുരോഗതിയും വ്യക്തമാക്കുമോ?

## കൊച്ചി നിയോജകമണ്ഡലത്തിലെ തീരദേശ - നഗര പട്ടയ വിതരണവും തുരുത്തി നഗറിലെ ഭൂമി ഏറ്റെടുക്കൽ നടപടികളും

1282 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ സാന്തോം നഗർ, ബീച്ച് റോഡ് മിനി നഗർ, രാമേശ്വരം നഗർ, പനയപ്പള്ളി നഗർ, ചക്കമാടം നഗർ, മുണ്ടംവേലി സൗദി സ്കൂൾ പരിസരം എന്നീ നഗര പ്രദേശങ്ങളിലും ചെല്ലാനം പഞ്ചായത്തിലെ കാട്ടിപ്പറമ്പ്, കണ്ണമാലി, കളത്തറ, ചെല്ലാനം, കണ്ടക്കടവ് എന്നീ തീരദേശ മേഖലകളിലും പട്ടയം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മുൻപ് അറിയിച്ചിരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി റവന്യൂ വകുപ്പ് പ്രത്യേക പരിശോധനയോ സർവേയോ നടത്തിയിട്ടുണ്ടോ; തുടർനടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) തുരുത്തി നഗറിലെ ഭൂമി The Kerala Escheats and Forfeitures Act, 1964 Section 11 പ്രകാരം ഏറ്റെടുത്ത് പുറമ്പോക്കാക്കി മാറ്റുന്നതിന് കൊച്ചി തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ടിൻമേൽ എറണാകുളം ജില്ലാ കളക്ടർ നടത്തിവരുന്ന പരിശോധനയും തുടർനടപടികളും നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) തുരുത്തി നഗറിൽ കോർപ്പറേഷനും ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി (ജി.സി.ഡി.എ)യും വീടുകൾ നിർമ്മിച്ചുനൽകിയ ഗുണഭോക്താക്കൾക്ക് ഭൂമിയുടെ തണ്ടപ്പേരും ബേസിക് ടാക്സ് രജിസ്റ്ററും മാറ്റി നൽകുന്നതിനും അവർക്ക് അടിയന്തരമായി കൈവശരേഖയും പട്ടയവും അനുവദിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള കൃത്യമായ സമയപരിധി വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനവ്യാപകമായി പട്ടയമേളകൾ സംഘടിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്ന് മുൻപ് മറുപടി നൽകിയിരുന്ന സാഹചര്യത്തിൽ കൊച്ചി മണ്ഡലത്തിലെയും തീരദേശമേഖലകളിലെയും ദീർഘകാലമായി കെട്ടിക്കിടക്കുന്ന പട്ടയ അപേക്ഷകൾ പ്രത്യേകമായി പരിഹരിക്കുന്നതിന് ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ്, കൊച്ചി താലൂക്ക് ഓഫീസ് എന്നിവ കേന്ദ്രീകരിച്ച് ഈ വർഷം തന്നെ പ്രത്യേക പട്ടയമേള നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>**പാറശ്ശാല - പട്ടയ അപേക്ഷകൾ**</u>

1283 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 സെപ്റ്റംബർ വരെയുള്ള കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ പട്ടയം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിലും പട്ടയത്തിന്റെ വിഭാഗം തിരിച്ചും വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ ലഭിച്ച അപേക്ഷകളിൽ പട്ടയം അനുവദിച്ചവ, നിരസിച്ചവ, നടപടികൾ പുരോഗമിക്കുന്നവ, നടപടികൾ ആരംഭിക്കാത്തവ എന്നിവയുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിലും പട്ടയത്തിന്റെ വിഭാഗം തിരിച്ചും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ലാൻഡ് ട്രിബ്യൂണൽ പട്ടയം,വനാവകാശ നിയമപ്രകാരമുള്ള പട്ടയം,സർക്കാർ ഭൂമി/പുറമ്പോക്ക് ഭൂമി സംബന്ധിച്ച

പട്ടയം, മിച്ചഭൂമി പട്ടയം, കോളനി/പുനരധിവാസ പട്ടയം, മറ്റ് വിഭാഗങ്ങളിലുള്ള പട്ടയങ്ങൾ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം പ്രത്യേകം വ്യക്തമാക്കുമോ;

(സി) പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ തീർപ്പാക്കാതെ ശേഷിക്കുന്ന അപേക്ഷകൾ എത്രയാണെന്നും ഓരോ അപേക്ഷയും ഏത് തീയതിയിൽ ലഭിച്ചതാണെന്നും നിലവിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നുമുള്ള വിവരം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഡി) പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വിഭാഗം തിരിച്ചും വില്ലേജ് തിരിച്ചും വ്യക്തമാക്കുമോ;

(ഇ) തീർപ്പാക്കാതെ ശേഷിക്കുന്ന പട്ടയ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി അർഹരായ അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികളുടെ വിശദാംശവും ഓരോ വിഭാഗത്തിലെയും അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സമയപരിധിയും വ്യക്തമാക്കുമോ?

## <u>ചാലക്കുടി താലൂക്കിലെ പട്ടയ അപേക്ഷകൾ</u>

1284 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിൽ, ചാലക്കുടി നിയോജകമണ്ഡലം പരിധിയിൽ നിലവിൽ പട്ടയത്തിന് അപേക്ഷിച്ചിട്ടുള്ളവരുടെ പേരും മേൽവിലാസവും അപേക്ഷകളുടെ നിലവിലെ സ്ഥിതിയും വില്ലേജ് തിരിച്ചും ഇനം തിരിച്ചും അറിയിക്കുമോ?

## <u>പട്ടയം ലഭിക്കുന്നതിലെ കാലതാമസം</u>

1285 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയത്തിനായി അപേക്ഷ സമർപ്പിച്ച് അർഹത നേടിയിട്ടും വിവിധ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിനുള്ള കാലതാമസം മൂലം പട്ടയം ലഭിക്കാതെ കാത്തിരിക്കുന്ന അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം ലഭ്യമാക്കുന്നതിനായി നിലവിലുള്ള

നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുന്നതിനും ജില്ലാതലത്തിൽ പ്രത്യേക പരിശോധന നടത്തി തീർപ്പാക്കേണ്ട പട്ടയ അപേക്ഷകൾക്ക് സമയപരിധി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**നദികളിലെ മണൽ വാരൽ**

1286 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ മണൽ അടിഞ്ഞ് കൂടിയത് മൂലം നദികളുടെ സ്വാഭാവിക ഒഴുക്കിനും പരിസ്ഥിതിക്കും ഉണ്ടാകുന്ന ആഘാതം വിലയിരുത്താൻ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നദികളിൽ നിന്ന് മണൽ നീക്കം ചെയ്യുന്നതിന് മുമ്പ് ശാസ്ത്രീയമായ സർവേയും അളവെടുപ്പും നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നദികളിലെ മണൽ വാരുന്നത് സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്നതിനും അതിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

**കുട്ടനാട് നിയോജകമണ്ഡലത്തിലെ ദുരിതാശ്വാസ സഹായധനം**

1287 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ആഗസ്റ്റ് മാസത്തിൽ കുട്ടനാട് നിയോജകമണ്ഡലത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ എത്ര വീടുകൾക്ക് നാശനഷ്ടമുണ്ടായെന്നും ദുരിതാശ്വാസ ക്യാമ്പുകൾ എവിടെയെല്ലാമാണ് പ്രവർത്തിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) കുട്ടനാട് നിയോജകമണ്ഡലത്തിലുൾപ്പെട്ട എത്ര പേർക്ക് ദുരിതാശ്വാസ സഹായധനം ലഭിച്ചുവെന്നും എത്ര തുക വീതമാണ് ലഭ്യമാക്കിയതെന്നും വില്ലേജ് തിരിച്ച് പേരുൾപ്പെടെ വിശദമാക്കുമോ;

(സി) ഇനി എത്ര പേർക്ക് സഹായധനം ലഭിക്കാനുണ്ടെന്നും എത്ര തുക വീതമെന്നും എന്നത്തേക്ക് ലഭ്യമാകുമെന്നും വില്ലേജ്, പേര് എന്നിവ ഉൾപ്പെടെ വ്യക്തമാക്കുമോ?

**കോഴിക്കാട് കൊടിയത്തൂർ വില്ലേജിൽ റീസർവേ നമ്പർ 172**

1288 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ വില്ലേജിൽ റീസർവേ നമ്പർ 172 നിലവിൽ ഏത് സോണിലാണ്;

(ബി) ഉരുൾപൊട്ടലോ,പ്രകൃതി ദുരന്തങ്ങളോ ഉണ്ടായിട്ടില്ലാത്ത പ്രസ്തുത പ്രദേശം റെഡ് സോണിലാണെങ്കിൽ അതിൽ നിന്നൊഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായം

1289 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായത്തിനായി അപേക്ഷിക്കുന്നവരോട് ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർ വരുമാനസർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) രോഗചികിൽസാ സഹായത്തിനായി നൽകുന്ന അപേക്ഷ തുടർ പരിശോധനക്കായി വില്ലേജ് ആഫീസിൽ എത്തുന്നതിനാൽ രോഗം ബാധിച്ച് ദുരിതം അനുഭവിക്കുന്ന അപേക്ഷകരെ മുൻകൂർ വരുമാന സർട്ടിഫിക്കറ്റ് വേണം എന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുമോ?

## മഴക്കെടുതിയിലെ നാശനഷ്ടം

1290 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടങ്ങൾ ജില്ലാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) എത്ര പേർക്കാണ് ധനസഹായം നൽകാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ധനസഹായം നൽകുന്നതിലെ കാലതാമസം പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) അനർഹരായവരുടെ പേരുകൾ പട്ടികയിൽനിന്ന് നീക്കം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പരിശോധനാ സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) അർഹതയുള്ളവരെ ഒഴിവാക്കി അനർഹരെ പട്ടികയിൽ ഉൾപ്പെടുത്തിയതായി ആരോപണമുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

<u>കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടം</u>

1291 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വീടുകളും ജീവനോപാധികളും നഷ്ടമായവർക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) എത്രപേർക്കാണ് ധനസഹായം നൽകാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>2026 ആഗസ്റ്റിൽ പത്തനംതിട്ട ജില്ലയിലെ റാന്നി,ആറന്മുള മേഖലകളിലുണ്ടായ വെള്ളപ്പൊക്കം</u>

1292 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ആഗസ്റ്റ് 1 മുതൽ 4 വരെ പത്തനംതിട്ട ജില്ലയിലെ റാന്നി, ആറന്മുള മേഖലകളിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ സാഹചര്യത്തിൽ ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് നിഷ്കർഷിക്കുന്ന മുൻകരുതൽ

നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ തീയതിയും സമയവും സഹിതം വിശദമാക്കുമോ;

(ബി) ആഗസ്റ്റ് 1-ന് റാന്നി മേഖലയിൽ 300 mm-ൽ അധികം അതിതീവ്ര മഴ ലഭിച്ച സാഹചര്യത്തിൽ മുൻകൂർ ഒഴിപ്പിക്കൽ (Evacuation) നിർദ്ദേശങ്ങൾ നൽകിയിരുന്നോ; ജലനിരപ്പ് ഉയർന്നിട്ടും ഉത്തരവ് നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മൂഴിയാർ, മണിയാർ, കരിക്കയം ഡാമുകൾ തുറക്കുന്നതിന് മുൻപായി ജനങ്ങൾക്ക് അടിയന്തര മുന്നറിയിപ്പുകൾ(സൈറൻ,എസ്.എം.എസ്, പബ്ലിക്/പോലീസ് അനൗൺസ്മെന്റ് ) നൽകിയിരുന്നോ; ഓരോ ആശയവിനിമയ ഉപാധിയും ഉപയോഗിച്ചതിന്റെ ഔദ്യോഗിക ലോഗ് വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഡാമുകൾ തുറക്കുന്ന വിവരവും ജലനിരപ്പ് ഉയരുന്നതും റാന്നി, ആറന്മുള, വടശ്ശേരിക്കര, കോഴഞ്ചേരി മേഖലകളിലെ തദ്ദേശ-താലൂക്ക് അധികൃതരെ മുൻകൂട്ടി അറിയിച്ചിരുന്നോ; സന്ദേശം നൽകിയ സമയവും കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ വിവരങ്ങളും വ്യക്തമാക്കുമോ;

(ഇ) ജില്ലയിൽ ഡിസ്ട്രിക്ട് /താലൂക്ക് ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം ഏത് സമയത്താണ് ആക്ടിവേറ്റ് ചെയ്തതെന്നും പ്രസ്തുത സമയത്ത് ഇൻസിഡന്റ് കമാൻഡർ ആരായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) ഡാം തുറക്കുന്നതിന് മുൻപ് പൊതുജനങ്ങൾക്ക് കൃത്യമായ മുന്നറിയിപ്പ് നൽകുന്നതിലും തദ്ദേശ സ്ഥാപനങ്ങളെ ദുരന്തസാധ്യത മുൻകൂട്ടി അറിയിക്കുന്നതിലും വീഴ്ചയുണ്ടായെന്ന പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകളും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളും വിശദമാക്കുമോ?

<u>റവന്യൂ വകുപ്പ് മുഖേന നദികളുടെ സംരക്ഷണം,പരിപാലനം,പുനരുദ്ധാരണം</u>

1293 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് മുഖേന നദികളുടെ സംരക്ഷണം,പരിപാലനം,പുനരുദ്ധാരണം എന്നിവയ്ക്കായി നിലവിലുള്ള

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പ്രവർത്തനങ്ങളും വിനിയോഗവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് നിലവിൽ വന്ന വർഷം,പ്രധാന വരുമാന സ്രോതസ്സുകൾ,നിലവിലുള്ള മാർഗനിർദേശങ്ങൾ എന്നിവ വ്യക്തമാക്കുമോ;

(സി) 2021-22 മുതൽ 2025-26 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും പ്രസ്തുത ഫണ്ടിലേക്ക് ലഭിച്ച തുകയും ചെലവഴിച്ച തുകയും ജില്ല തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നദീതീര സംരക്ഷണം,മണൽ നീക്കം,വെള്ളപ്പൊക്ക പ്രതിരോധം,നദികളുടെ പുനരുദ്ധാരണം തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പാക്കിയ പദ്ധതികളുടെ എണ്ണം,അനുവദിച്ച തുക,ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കുമോ;

(ഇ) ഫണ്ടിന്റെ വിനിയോഗത്തിൽ നിലവിൽ കുടിശ്ശികയോ ലാപ്സായ തുകയോ ഉണ്ടോ; ഫണ്ടിന്റെ വിനിയോഗവും പദ്ധതികളുടെ നടപ്പാക്കലും നിരീക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**കോഴിക്കോട് - എക്കൽ മണ്ണ് നീക്കം ചെയ്യലും ചാലിയാറിലെ വെള്ളപ്പൊക്ക നിയന്ത്രണവും**

1294 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുഴകളിൽ നിന്ന് എക്കൽ മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് അനുമതിയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എക്കൽ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിൽ നേരിടുന്ന സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) മൺസൂൺ കാലത്ത് ചാലിയാറിൽ വെള്ളം കയറുന്നത് മൂലം പ്രദേശത്ത് വ്യാപകമായ കൃഷിനാശവും പ്രകൃതിദുരന്തങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചാലിയാറിലെ ആഴവും ഒഴുക്കും വർദ്ധിപ്പിച്ച് വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനും എക്കൽ മണ്ണ് അടിയന്തരമായി നീക്കം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## റിവർ മാനേജ്മെൻറ് ഫണ്ട്

1295 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിൽ ഇപ്പോഴുള്ള റിവർ മാനേജ്മെൻറ് ഫണ്ട് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള റിവർ മാനേജ്മെൻറ് ഫണ്ടിന്റെ ധനാഗമന സ്രോതസ്സുകൾ വിശദീകരിക്കുമോ;

(സി) റിവർ മാനേജ്മെൻറ് ഫണ്ട് പദ്ധതിക്ക് കീഴിൽ കഴിഞ്ഞ അഞ്ചുവർഷം അനുവദിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പുതുതായി ഏതെങ്കിലും നദിയിൽ നിന്ന് മണൽ എടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നദികളിൽ നിന്നാണെന്ന് വിശദമാക്കുമോ?

## തരം മാറ്റത്തിന് ഈടാക്കുന്ന തുക

1296 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റുന്നതിന് ഈടാക്കുന്ന തുകയുടെ വിവരം വിശദമാക്കുമോ;

(ബി) ഒരു വ്യക്തിക്ക് സൗജന്യമായി തരം മാറ്റാൻ സാധിക്കുന്ന ഭൂമിയുടെ വിസ്തൃതി എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമി, ഒരു വ്യക്തിക്ക് എത്ര വിസ്തൃതിയിൽ സൗജന്യമായി തരം മാറ്റാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഒരു വ്യക്തി വ്യത്യസ്ത സമയങ്ങളിൽ തരം മാറ്റുന്ന ഭൂമിയുടെ ആകെ വിസ്തൃതി, സൗജന്യമായി തരം മാറ്റാൻ അനുവദിക്കപ്പെട്ട ഭൂമിയുടെ അളവിനുള്ളിലാണെങ്കിൽ, തരം മാറ്റം നടത്തുന്നതിനുള്ള തുക ഈടാക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) സൗജന്യമായി തരം മാറ്റാൻ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തൃതിയെക്കാൾ കൂടുതൽ ഭൂമി ഒരു വ്യക്തിക്ക് ഉണ്ടെങ്കിൽ, തരം മാറ്റത്തിന് ഈടാക്കുന്ന തുക ആകെ ഭൂമിയുടെ വിസ്തൃതി കണക്കാക്കിയാണോ അല്ലെങ്കിൽ അധിക ഭൂമിയുടെ വിസ്തൃതി കണക്കാക്കിയാണോ എന്ന് വ്യക്തമാക്കുമോ?

## തൃക്കരിപ്പൂർ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ

1297 **ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ വിവിധ വില്ലേജുകളുടെ പരിധിയിലുള്ള പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ വില്ലേജ്, സർവ്വേ നമ്പർ എന്നിവ സഹിതം ലഭ്യമാക്കുമോ?

## മാങ്കാവ്-മെതോട്ടുതാഴം റോഡ് പദ്ധതി

1298 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ പ്രധാന ഗതാഗതപാതകളിലൊന്നായ മാങ്കാവ്-മെതോട്ടുതാഴം റോഡ് വികസനത്തിനായി ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമിയേറ്റെടുക്കലിനായി ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകൾ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കി റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് പ്രതീക്ഷിക്കുന്ന സമയപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി - ഭൂമി ഏറ്റെടുക്കൽ

1299 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി വി.ഐ.എസ്.എൽ(വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് )-ന്റെ

നേതൃത്വത്തിൽ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ സ്ഥാപിക്കുന്നതിനോ കണ്ടെയ്നർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്ക് ഗോഡൗൺ സ്ഥാപിക്കുന്നതിനോ വേണ്ടി പാറശ്ശാല നിയോജക മണ്ഡലത്തിലെ കൊല്ലയിൽ വില്ലേജിൽ ഉദിയൻകുളങ്ങര കേന്ദ്രീകരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം, സർവേ നമ്പറുകൾ, ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ;

(ബി) 14.03.2026-ാം തീയതിയിലെ G.O.(എം.എസ്.) No.14./2026/F&P പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പോർട്ട്-ലെഡ് ഇൻഡസ്ട്രിയലൈസേഷന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിന് വി.ഐ.എസ്.എൽ-ന് ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവിൽ കണ്ടെയ്നർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് 100 ഏക്കർ ഭൂമിയിൽ മൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട വിശദാംശം വ്യക്തമാക്കുമോ;

(സി) 16.09.2026-ലെ കേരള ഗസറ്റ് വിജ്ഞാപനം നം.2496 പ്രകാരം തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ കൊല്ലയിൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 42-ൽപ്പെട്ട വിവിധ സർവെ നമ്പരുകളിലുള്ള ഭൂമിയുടെ സർവെ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത സർവെ നമ്പരുകളിൽ 325, 326, 327, 328, 329, 330, 331, 333, 334, 335, 336, 337, 340, 341, 342, 343, 344, 346, 347, 351, 353, 361 എന്നിവ ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത സർവെ നടപടിയുടെ ഉദ്ദേശ്യവും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമി ഏറ്റെടുക്കലിൽ ജനവാസ മേഖലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നുണ്ടോ; ഇതിന്റെ ഭാഗമായി 400-ലധികം വീടുകൾ പൊളിച്ചുമാറ്റേണ്ട സാഹചര്യമുണ്ടാകുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ജനവാസ മേഖലയിൽ ഇത്രയും വലിയ തോതിൽ ഭൂമി ഏറ്റെടുക്കുന്നത് മൂലം ഉണ്ടാകാവുന്ന സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക

ആഘാതങ്ങൾ സംബന്ധിച്ച് പ്രത്യേക പഠനമോ സ്ഥലപരിശോധനയോ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) നിലവിൽ പരിഗണിക്കുന്ന പ്രദേശത്തിന് പകരമായി ജനവാസ മേഖലകൾ, വീടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ പരമാവധി ഒഴിവാക്കി പദ്ധതിക്ക് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി കണ്ടെയ്നർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് /മൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട ഗോഡൗൺ സൗകര്യം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) ജനങ്ങളുടെ വാസസ്ഥലങ്ങളും ജീവനോപാധികളും സംരക്ഷിക്കുന്നതിനും അനാവശ്യമായ കുടിയൊഴിപ്പിക്കൽ ഒഴിവാക്കുന്നതിനുമായി, നിലവിൽ പരിഗണിക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ പുന:പരിശോധിച്ച് അനുയോജ്യമായ മറ്റൊരു സ്ഥലത്തേക്ക് പദ്ധതി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി

1300 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്കായി എത്ര ഹെക്ടർ സ്ഥലമാണ് ആവശ്യമായി വരുന്നത്;

(ബി) പ്രസ്തുത പദ്ധതിക്കായി 3എ, 3ഡി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച തീയതി വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഇതിൽ ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമകൾക്കുള്ള നഷ്ടപരിഹാര വിതരണം താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിജ്ഞാപന പ്രകാരം ഔപചാരികമായി സ്ഥലം ഏറ്റെടുത്തതിനെ തുടർന്ന് വസ്തു ഈട് വെച്ച് വായ്പയെടുക്കാൻ കഴിയാത്ത സാഹചര്യവും പുനരധിവാസം സംബന്ധിച്ച് ഇവർക്കുള്ള ആശങ്കകളും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ

1301 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്ന ഘട്ടങ്ങൾ ഏതെല്ലാമാണെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

**<u>കുന്നംകുളം റിംഗ് റോഡ് വികസനത്തിനായി സാമൂഹ്യാഘാത പഠനം</u>**

1302 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ജംഗ്ഷൻ വികസനത്തിനായി 11(1) വിജ്ഞാപനവും ബി.വി.ആർ (ബേസിക് വാല്യൂഷൻ റിപ്പോർട്ട്) സർവ്വേയും പൂർത്തിയാക്കിയ ശേഷമുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കുന്നംകുളം റിംഗ് റോഡ് വികസനത്തിനായി സാമൂഹ്യാഘാത പഠനം (എസ്.ഐ.എ.) പൂർത്തിയാക്കി അംഗീകരിച്ച പശ്ചാത്തലത്തിൽ തുടർ സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

**<u>തിരുവല്ല- മല്ലപ്പള്ളി- ചേലക്കൊമ്പ് റോഡിനുള്ള സ്ഥലമേറ്റെടുക്കൽ നടപടി</u>**

1303 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല-മല്ലപ്പള്ളി -ചേലക്കൊമ്പ് റോഡിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് വസ്തു ഉടമസ്ഥർ ഏതെങ്കിലും കേസുകൾ നല്കിയിട്ടുണ്ടോ, കേസ് നല്കിയ വസ്തു ഉടമസ്ഥരുടെ പേര് വിവരം സഹിതമുള്ള വിശദാംശം അറിയിക്കുമോ;

(സി) സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഏതൊക്കെ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള തടസങ്ങളെന്തൊക്കെയെന്ന് അറിയിക്കുമോ; ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശം അറിയിക്കുമോ;

(ഡി) പദ്ധതി പ്രഖ്യാപിച്ച് 10 വർഷമാകാറായിട്ടും പൂർത്തിയാക്കാൻ സാധിക്കാത്തതിന് സ്ഥലമേറ്റെടുക്കൽ നടപടികൾ ഒരു തടസമായി

നില്ക്കുന്ന ഗൗരവ സാഹചര്യം കണക്കിലെടുത്ത് ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

**കുന്നംകുളം മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കുന്നംകുളം ജംഗ്ഷൻ വികസന പദ്ധതി**

1304 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കുന്നംകുളം ജംഗ്ഷൻ വികസന പദ്ധതി, റിംഗ്റോഡ് വികസന പദ്ധതി, കേച്ചേരി അക്കിക്കാവ് ബൈപാസ് റോഡ് വികസന പദ്ധതി എന്നിവയ്ക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

**കേച്ചേരി – അക്കിക്കാവ് ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ**

1305 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേച്ചേരി-അക്കിക്കാവ് ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ മുൻകൂറായി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ റോഡ് വികസനത്തിനായി ഭൂമി വിട്ടു നൽകിയ ഉടമകൾക്കുള്ള നഷ്ടപരിഹാര തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനും മറ്റ് കിഫ്ബി പദ്ധതികൾക്കായി സ്ഥലം അതിവേഗം ഏറ്റെടുത്ത് നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

**പീരുമേട് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കൽ**

1306 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി മുഖേന പീരുമേട് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതൊക്കെ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏറ്റെടുക്കേണ്ടുന്ന സ്ഥലത്തിന്റെ അളവ്, ഇനം, സർവ്വേ നമ്പറുകൾ എന്നിവ അറിയിക്കുമോ;

(ഡി) സ്ഥലമേറ്റെടുക്കൽ നടപടികളിൽ ഏതൊക്കെ ഘട്ടം പൂർത്തിയാക്കിയെന്ന് അറിയിക്കുമോ; നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള തടസം പരിഹരിക്കുമോ?

**<u>വൈറ്റില ഹബ്ബ് മുതൽ ഇൻഫോപാർക്ക് വരെയുള്ള റോഡ് വികസനം</u>**

1307 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറ്റില ഹബ്ബ് മുതൽ ഇൻഫോപാർക്ക് വരെയുള്ള റോഡ് വികസനത്തിനായുള്ള സ്ഥലം ഏറ്റെടുപ്പ് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തിക്കായുള്ള സ്ഥലം ഏറ്റെടുപ്പ് പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ;

(ഡി) വൈറ്റില ഹബ്ബ്-ഇൻഫോപാർക്ക് റോഡ് നിർദിഷ്ട കാക്കനാട് -കോതമംഗലം ബൈപ്പാസുമായി ബന്ധിപ്പിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുമോ?

**<u>റയിൽവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ</u>**

1308 **ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേയുടെ പാത ഇരട്ടിപ്പിക്കൽ ഉൾപ്പെടെയുള്ള വികസനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) ആലപ്പുഴ പാത ഇരട്ടിപ്പിന് റെയിൽവേ അംഗീകാരം നൽകുകയും ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടും റവന്യൂ വകുപ്പ്

മുഖേനയുള്ള സ്ഥലമേറ്റെടുപ്പ് മന്ദഗതിയിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ നിയോഗിച്ചിരുന്ന ലാൻഡ് അക്വിസിഷൻ ടീമിനെ റെയിൽവേ ഭൂമിയേറ്റെടുക്കലിന് നിയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

<u>**അങ്കമാലി - എരുമേലി ശബരി റെയിൽപാത**</u>

1309 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിക്കായി ഏറ്റെടുക്കേണ്ട ആകെ ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്; ജില്ല, താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ; ഇതുവരെ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ശേഷിക്കുന്ന ഭൂമി എത്രയാണ്; വിശദമാക്കുമോ;

(സി) ഭൂമിയേറ്റെടുക്കലിനായി ആവശ്യമായ തുക എത്രയാണ്; ഭൂമിയേറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പ്രത്യേക തഹസിൽദാർ ഓഫീസുകളോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>**കേന്ദ്രസർവകലാശാലയുടെ ക്യാമ്പസിന് ഭൂമി കൈമാറുന്നത്**</u>

1310 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് കേന്ദ്രസർവകലാശാലയ്ക്ക് തിരുവനന്തപുരം ജില്ലയിൽ ക്യാമ്പസ് സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം താലൂക്കിലെ ആണ്ടൂർക്കോണം വില്ലേജിൽ ബ്ലോക്ക് 8-ൽ റീസർവേ 94-ൽ ഉൾപ്പെട്ട 2.83 ഹെക്ടർ (7 ഏക്കർ) ഭൂമി വർഷം തോറും ഏക്കറിന് 1 രൂപ കണക്കിൽ 35 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് റവന്യൂ വകുപ്പ്

സ.ഉ.(കൈ) നമ്പർ: 155/2026/ആർ.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് ഇറങ്ങി നാളിതുവരെയായിട്ടും ഭൂമി സർവകലാശാലയ്ക്ക് കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കേരളത്തിലെ വിദ്യാർത്ഥികൾക്ക് പഠന ഗവേഷണ രംഗത്ത് ഏറെ ഗുണകരമാകുന്ന പ്രസ്തുത വിഷയത്തിൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പാട്ടവ്യവസ്ഥകൾ പ്രകാരം നൽകുമ്പോഴുള്ള ഭൂമിവിലയും മറ്റും ഒഴിവാക്കി, പാട്ടവ്യവസ്ഥ നിലനിർത്തിക്കൊണ്ട് ഭൂമി കൈമാറാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) പ്രസ്തുത ഭൂമി സർവകലാശാലയ്ക്ക് എന്നത്തേക്ക് പൂർണ്ണമായും കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മോട്ടൽ ആരാം പദ്ധതിയ്ക്ക് സബ് ലീസ് അനുവദിക്കുന്നത്</u>**

1311 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ഇറിഗേഷൻ പ്രോജക്റ്റിന്റെ ഭാഗമായ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നെടുമങ്ങാട് വില്ലേജിൽപ്പെട്ട 1.53 ഏക്കർ ഭൂമി മോട്ടൽ ആരാം നിർമ്മാണത്തിനായി ടൂറിസം വകുപ്പിന് ഉപയോഗാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നുവെന്നും പ്രസ്തുത ഭൂമിയിൽ 9.5 കോടിയോളം രൂപ ചെലവഴിച്ച് ടൂറിസം വകുപ്പ് മോട്ടൽ ആരാം നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചുവെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാൽ, പ്രസ്തുത ഭൂമി ഉപപാട്ടത്തിന് നൽകാൻ പാടുള്ളതല്ല എന്ന നിബന്ധന (സ.ഉ.(സാധാ) നം.1476/2023/ ആർ.ഡി.തീയതി 10/04/2023) കാരണം ടൂറിസം വകുപ്പിന് പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിനായി ഉപപാട്ടം നൽകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പ് സാധ്യമാക്കുന്നതിനായി ഉപപാട്ട വ്യവസ്ഥയിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടൂറിസം വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് കത്ത് ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ നമ്പർ

ലഭ്യമാക്കുമോ; പ്രസ്തുത അപേക്ഷയിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സമയബന്ധിതമായി പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നേരിടുന്ന പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ആശ്വാസ ധനസഹായം

1312 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ വെള്ളപ്പൊക്കത്തിന്റെ കെടുതികളിൽപ്പെട്ടവർക്കും ദുരന്തബാധിതർക്കും ആശ്വാസ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ ധനസഹായ വിതരണത്തിന്റെ വിശദാംശം താലൂക്ക് തിരിച്ച് ലഭ്യമാക്കുമോ?

## പ്രളയ ധനസഹായ വിതരണം

1313 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ധനസഹായ വിതരണം വേഗത്തിലാക്കാൻ, വിതരണത്തിന്റെ പൂർണ ചുമതല താലൂക്ക് തലത്തിലേക്ക് വികേന്ദ്രീകരിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) അപേക്ഷകൾ വേഗത്തിൽ പരിശോധിച്ച് അർഹരായവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് തുക എത്തിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും പ്രസ്തുത നടപടി ഗുണകരമാകുമോ; വ്യക്തമാക്കുമോ;

(സി) പ്രളയധനസഹായ വിതരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ എന്തൊക്കെ പരിഷ്കരണങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

## കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ

1314 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളെ ഒരേ സ്ഥലത്ത് സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെ വിഭാവനം ചെയ്ത മിനി സിവിൽ സ്റ്റേഷൻ പദ്ധതിയുടെ നിർമ്മാണം ഒരു ദശകത്തോളമായിട്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ വ്യക്തമാക്കുമോ; മിനി സിവിൽ സ്റ്റേഷനു വേണ്ടി കഴക്കൂട്ടം വില്ലേജിൽ കണ്ടെത്തിയ സ്ഥലത്തിന്റെ അവകാശ തർക്കം സംബന്ധിച്ച് 2020-ൽ കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിലെ നടപടികൾ ഇനിയും പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച കേസ് 2023-ൽ ബഹു. ഹൈക്കോടതി ഇടപെട്ട്, മുൻഗണന നൽകി ഒത്തുതീർപ്പാക്കാൻ നിർദ്ദേശിച്ചിട്ടും പ്രസ്തുത കേസിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ തുടർനടപടികൾ സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിലുണ്ടായ വീഴ്ച പരിശോധിക്കുമോ; കേസ് സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>പാട്യം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം</u>**

1315 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>നിലമ്പൂരിൽ റവന്യൂ ടവർ നിർമ്മിക്കുന്നത്</u>**

1316 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി സ്ഥലം മാറ്റി വയ്ക്കുകയും ബഡ്ജറ്റിൽ ആയതിനായി 14.25 കോടി രൂപ നീക്കിവച്ച് ആവിഷ്ക്കരിക്കുകയും ചെയ്ത പദ്ധതി പ്രാവർത്തികമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റവന്യൂ ടവർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ വില്ലേജുകൾ സ്മാർട്ട് ആക്കുന്നതിനുള്ള നടപടി**

1317 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ എല്ലാ വില്ലേജുകളും സ്മാർട്ട് വില്ലേജ് ആയി ഉയർത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്മാർട്ട് വില്ലേജ് അല്ലാത്തവ ഏതെല്ലാമാണെന്നും ആയവ സ്മാർട്ട് വില്ലേജ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**വീരണകാവ് സ്മാർട്ട് വില്ലേജ്**

1318 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ വീരണകാവ് സ്മാർട്ട് വില്ലേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**തരൂർ കാവശ്ശേരി-1 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണ പ്രവൃത്തി**

1319 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരി-1 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കുമോ?

**സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം**

1320 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

**വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തത**

1321 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി ഉൾപ്പെടെയുള്ള വില്ലേജ് ഓഫീസുകളിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്തത് മൂലം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളിൽ വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വില്ലേജ് ഓഫീസിലും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് അറിയിക്കുമോ?

## ഉയർന്ന ഫെയർ വാല്യൂ

1322 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ, വൈക്കം താലൂക്കിൽ ഉൾപ്പെടുന്ന വെച്ചൂർ വില്ലേജിലെ ഉയർന്ന ഫെയർ വാല്യൂ കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നാളിതുവരെ നടപടി എടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ചങ്ങനാശേരി വലിയകുളത്തെ പുറമ്പോക്ക് ഭൂമി കൈയ്യേറ്റം

1323 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ വാഴപ്പള്ളി പഞ്ചായത്തിലുൾപ്പെട്ട വലിയകുളം ജംഗ്ഷനിലെ 82 സെന്റ് സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ചീരഞ്ചിറ റോഡിലെ അപകടകരമായ വളവ് നേരെയാക്കുന്നതിനായി പ്രസ്തുത കയ്യേറ്റഭാഗം പൊളിച്ചുനീക്കി റോഡ് വികസന പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുത്ത് റോഡ് വികസനത്തിനായി പൊതുമരാമത്ത് വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും കൈമാറുന്നതിന് ജില്ലാ ഭരണകൂടം എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കൊടുവള്ളി വ്യവസ്ഥാ ലംഘനം കണ്ടെത്തിയ പതിച്ചുനൽകിയ ഭൂമി തിരിച്ചെടുക്കൽ

1324 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ കൊടുവള്ളി വില്ലേജിൽ സർവേ നമ്പർ 65/7-ൽപ്പെട്ട 35 സെന്റ് ഭൂമി മോഡേൺ വുഡ് ഇൻഡസ്ട്രീസിന് വ്യാവസായിക ആവശ്യത്തിനായി പതിച്ചുനൽകിയതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിന്, 07.07.2016-ലെ സ.ഉ.(എം.എസ്.) നം.401/2016/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 11.01.2023-ന് കോഴിക്കോട് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) മുമ്പാകെ നടന്ന ഹിയറിംഗിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ; തിരിച്ചെടുക്കാൻ ഉത്തരവിട്ട പ്രസ്തുത ഭൂമിയുടെ നികുതി നിലവിലെ വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കാൻ സാധിക്കുമോ; നിലവിൽ പ്രസ്തുത ഭൂമിയുടെ നികുതി ആരിൽനിന്നാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിന് നിലവിൽ നിയമപരമോ ഭരണപരമോ ആയ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ ഭൂമി സർക്കാർ ഉടമസ്ഥതയിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മണൽ വാരൽ</u>**

1325 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാൻഡ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്തെ 17 നദികളിൽ നിന്ന് മണൽ വാരാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയിരുന്നോ; ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആദ്യഘട്ടം മണൽ വാരൽ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; മറ്റു നദികളിലെ മണൽ വാരൽ സംബന്ധിച്ച് നടപടി

സ്വീകരിക്കുമോ;

(സി) മണൽ വാരൽ ഫലപ്രദമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏകോപനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**ചിറ്റിലഞ്ചേരി ആസ്ഥാനമായി പുതിയ വില്ലേജ് രൂപീകരണം**

1326 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യാനുപാതികമായി പരിഗണിക്കുമ്പോൾ ആലത്തൂർ മണ്ഡലത്തിലെ മേലാർകോട് വില്ലേജിൽ റവന്യൂ വകുപ്പിന്റെ സേവനങ്ങൾക്ക് ഒരു വില്ലേജ് ഓഫീസ് മാത്രമാണ് ഉള്ളത് എന്നതിനാൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുവാൻ മേലാർകോട് വില്ലേജ് വിഭജിച്ച് ചിറ്റിലഞ്ചേരി ആസ്ഥാനമായി ഒരു പുതിയ വില്ലേജ് രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(സി) ഭൂരേഖാ വകുപ്പിലെ സർവ്വേയർമാരുടെ കുറവ് കാരണം സർവ്വേ നടപടികളിൽ കാലതാമസമുണ്ടാകുന്നത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

**പുഴമണൽ ഖനനം പുനഃരാരംഭിക്കൽ**

1327 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിക്ക് ആഘാതമില്ലാത്ത രീതിയിൽ പുഴകളിൽ നിന്ന് മണൽ ഖനനം പുനഃരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശം നൽകുമോ?

**ഡിജിറ്റൽ സർവ്വേ**

1328 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേയിലൂടെ എത്ര വില്ലേജുകളിൽ സർവേ ജോലികൾ നടക്കുന്നുണ്ടെന്നും അവ ഓരോന്നിലെയും നിലവിലെ സ്ഥിതിയും അറിയിക്കുമോ;

(ബി) പ്രസ്തുത വില്ലേജുകളിൽ എത്രയെണ്ണം റവന്യ ഭരണത്തിന് കൈമാറിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വില്ലേജിന്റെ വിസ്തീർണ്ണം, പുറമ്പോക്ക് ഭൂമിയുടെ വിവരം, തരിശ് ഉൾപ്പെടെ മറ്റു തരത്തിലുള്ള ഭൂമികളുടെ വിവരം, തണ്ടപ്പേരുകളുടെ എണ്ണം, ലഭിച്ച പരാതികളുടെ എണ്ണം എന്നിവ വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ;

(സി) ഡിജിറ്റൽ സർവ്വേ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണവും ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളും അറിയിക്കുമോ?

<u>**ഡിജിറ്റൽ സർവേ**</u>

1329 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഡിജിറ്റൽ സർവേയുടെ തൽസ്ഥിതി വ്യക്തമാക്കുമോ;

(ബി) നിലവിൽ സർവ്വേ പൂർത്തിയായ ഇടങ്ങളിൽ വ്യാപകമായ പരാതികൾ ഉയർന്നു വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയ്ക്കുള്ള പരിഹാര നടപടികൾ വ്യക്തമാക്കുമോ;

(സി) നിർത്തി വച്ചിരിക്കുന്ന ഡിജിറ്റൽ സർവേ പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>**ജില്ലകളുടെയും താലൂക്കുകളുടെയും പുന:സംഘടന**</u>

1330 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലകളും താലൂക്കുകളും പുന:സംഘടിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ജനസാന്ദ്രത ഏറെയുള്ള മലബാർ മേഖലകൾ വിഭജിച്ച് ജില്ലയും താലൂക്കുകളും രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ

വിശദാംശം ലഭ്യമാക്കുമോ?

**ഡിജിറ്റൽ സർവ്വേ**

1331 **ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വേ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡിജിറ്റൽ സർവ്വേയിൽ വ്യാപകമായി തെറ്റുകൾ കടന്നുകൂടിയതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആധാരത്തിലും ഭൂനികുതി രസീതിലും സർവ്വേ നമ്പരുകൾ,അഡ്രസ്സുകൾ എന്നിവ വ്യത്യസ്തമായി രേഖപ്പെടുത്തിയതായ പരാതികൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) തെറ്റായി രേഖപ്പെടുത്തിയ വിവരങ്ങൾ തിരുത്തി വില്ലേജ് ഓഫീസുകളിൽനിന്നു തന്നെ അവ പരിഹരിച്ചു നൽകുന്നതിന് നിർദ്ദേശം നൽകുമോ; അറിയിക്കാമോ?

**ഒറ്റപ്പാലം താലൂക്കിൽ ഒഴിഞ്ഞ് കിടക്കുന്ന സർവേയർമാരുടെ തസ്തികകൾ**

1332 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ഓഫീസിൽ സർവേയർമാരുടെ എത്ര തസ്തികകളാണ് ഉള്ളത്; പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ഉദ്യോഗസ്ഥർ ഉണ്ട്; ഒഴിഞ്ഞ് കിടക്കുന്നവ എത്ര;

(ബി) ഒറ്റപ്പാലം താലൂക്കിൽ ഒഴിഞ്ഞ് കിടക്കുന്ന സർവേയർമാരുടെ തസ്തികകൾ അടിയന്തരമായി നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

**കൊണ്ടോട്ടി മണ്ഡലത്തിലെ ഡിജിറ്റൽ സർവേ**

1333 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന എന്റെ ഭൂമി ഡിജിറ്റൽ സർവേ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവേ പൂർത്തിയാക്കാൻ നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കൊണ്ടോട്ടി മണ്ഡലത്തിലെ ഡിജിറ്റൽ സർവേ പദ്ധതിയുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള പുരോഗതി വ്യക്തമാക്കുമോ?

**ഡിജിറ്റൽ സർവേയുടെ പുരോഗതി**

1334 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഡിജിറ്റൽ സർവേയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിൽ വിസ്തീർണ്ണത്തിലുള്ള വ്യത്യാസങ്ങൾ പരിഹരിക്കുന്നതിന് അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിൽ വിസ്തീർണ്ണത്തിലുള്ള വ്യത്യാസങ്ങൾ കാരണം നികുതി സ്വീകരിക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) വിസ്തീർണ്ണത്തിലുള്ള വ്യത്യാസങ്ങൾ കാരണം നികുതി സ്വീകരിക്കാത്തതിനാൽ നികുതി രശീത് ആവശ്യമുള്ള കാർഷിക ധനസഹായങ്ങൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് അപേക്ഷിക്കാൻ ഭൂവുടമകൾക്ക് സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

**എന്റെ ഭൂമി (ഡിജിറ്റൽ റീസർവേയും അതിർത്തി തർക്കങ്ങളും)**

1335 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ ഭൂമി (ഡിജിറ്റൽ റീസർവേ)പദ്ധതിയുടെ നിലവിലെ പുരോഗതിയും ഇതുവരെ എത്ര വില്ലേജുകളിൽ സർവേ പൂർത്തിയായി എന്നും

വ്യക്തമാക്കുമോ;

(ബി) ഡിജിറ്റൽ റീസർവേ നടപടികൾക്കിടയിൽ വസ്തു ഉടമസ്ഥർക്ക് ഉണ്ടാകുന്ന അതിർത്തി തർക്കങ്ങളും പോക്കുവരവ് തടസ്സങ്ങളും പരിഹരിക്കാൻ വില്ലേജ്/താലൂക്ക് തലങ്ങളിൽ അപ്പീൽ അതോറിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ?

**ഡിജിറ്റൽ സർവേ**

1336 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളിലാണ് ഡിജിറ്റൽ സർവേ ആരംഭിച്ചത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിജിറ്റൽ സർവേയുടെ പുരോഗതി വിശദമാക്കുമോ;

(സി) ഡിജിറ്റൽ സർവേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

**ഭൂനികുതി സ്വീകരിക്കുന്നതിന് തടസ്സം**

1337 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ റീസർവ്വേ അപാകതകൾ കാരണം ഭൂനികുതി സ്വീകരിക്കുന്നത് തടയപ്പെടുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**ചേലക്കര നിയോജക മണ്ഡലത്തിലെ ഡിജിറ്റൽ സർവേ**

1338 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചേലക്കര നിയോജക മണ്ഡലത്തിൽ ഡിജിറ്റൽ സർവേ ഏതെല്ലാം വില്ലേജുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്; പ്രസ്തുത വില്ലേജുകളുടെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ ഇനി ഡിജിറ്റൽ സർവേ പൂർത്തീകരിക്കാനുണ്ട്; ആയത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും; വിശദാംശം നൽകുമോ?

**ഡിജിറ്റൽ സർവേയിൽ കണ്ടെത്തുന്ന അധികഭൂമിയുടെ ക്രമവത്കരണം**

1339 **ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിജിറ്റൽ സർവേ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; റീസർവേ നടപടികൾ വേഗത്തിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മുൻപുണ്ടായിരുന്ന അളവിനേക്കാൾ ഡിജിറ്റൽ സർവേയിൽ അധികമായി കണ്ടെത്തുന്ന ഭൂമിയുടെ പോക്കുവരവ്, രജിസ്ട്രേഷൻ നടപടികളിൽ ഉടമകൾക്ക് തടസ്സം നേരിടുന്ന ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ;

(സി) ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിൽ ഭൂവുടമകൾക്ക് നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ അധികമായി ഡിജിറ്റൽ സർവേയിൽ കണ്ടെത്തുന്ന ഭൂമി ക്രമവത്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത ക്രമവൽക്കരണ നടപടികൾക്ക് എന്നു മുതലാണ് പ്രാബല്യം നൽകുന്നത്; നടപടികൾക്ക് മുൻകാല പ്രാബല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഡിജിറ്റൽ റീ സർവേ പദ്ധതിയുടെ പ്രവർത്തന പുരോഗതി**

1340 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ റീ സർവേ പദ്ധതിയുടെ പ്രവർത്തന പുരോഗതി ഏതുവരെയായി എന്നും ആയത് പൂർത്തിയാകുന്നതോടെ എന്തെല്ലാം ഗുണങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുക എന്നും വിശദമാക്കുമോ;

(ബി) ഡിജിറ്റൽ റീ സർവേ നടപടികൾ ഏതു വർഷത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഡിജിറ്റൽ റീ സർവേ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂനികുതി അടക്കൽ, ഭൂമി രജിസ്ട്രേഷൻ

എന്നിവ സംബന്ധിച്ച് നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

**എന്റെ ഭൂമി ഡിജിറ്റൽ ലാന്റ് സർവേ പദ്ധതി**

1341 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും ലളിതവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി നടപ്പാക്കുന്ന എന്റെ ഭൂമി ഡിജിറ്റൽ ലാന്റ് സർവേ പദ്ധതിയിലൂടെ നേടിയ പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) റവന്യൂ,രജിസ്ട്രേഷൻ,സർവേ എന്നീ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് ജനങ്ങൾക്ക് വേഗതയേറിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഡിജിറ്റൽ സർവേയ്ക്കൊപ്പം ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചത് സഹായകരമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഡിജിറ്റൽ സർവേയുടെ ഭാഗമായി ഭൂവുടമകളുടെ പക്കൽ അധികഭൂമി കണ്ടെത്തുന്ന അവസരത്തിൽ പ്രസ്തുത അധികഭൂമിയുടെ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഡിജിറ്റൽ സർവേയ്ക്ക് ശേഷമുള്ള ഭൂനികുതി അടയ്ക്കൽ**

1342 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവേ പൂർത്തിയായതിനെ ശേഷം ഭൂനികുതി അടയ്ക്കാൻ കഴിയാതെ പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ കയറിയിറങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ, ഡിജിറ്റൽ സർവേയ്ക്കുശേഷം രേഖപ്പെടുത്തിയ ഭൂവിസ്തൃതിയിൽ വ്യത്യാസം വന്നതിന്റെ പേരിൽ ഭൂനികുതി സ്വീകരിക്കാത്ത സാഹചര്യം ഒഴിവാക്കി ജനങ്ങൾക്ക് നികുതി അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ വീണ്ടും റീസർവേ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**സർവേയർ ഗ്രേഡ് 2 -ന്റെ ഒഴിവുകൾ**

1343 **ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിൽ സർവേയർ ഗ്രേഡ് 2 -ന്റെ എത്ര തസ്തികകൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ബി) സർവേയർ ഗ്രേഡ് 2-തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) 2026,2027,2028 വർഷങ്ങളിൽ പ്രസ്തുത തസ്തികയിൽ പ്രതീക്ഷിക്കപ്പെടുന്ന ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

**ഭൂനിയമങ്ങളുടെ പരിഷ്കരണം**

1344 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ രൂപീകരണത്തോടനുബന്ധിച്ച് നടത്തപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിൽ ഭൂസംബന്ധമായ എല്ലാ നിയമങ്ങളും സമഗ്രമായി പുന:പരിശോധിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നിട്ടും, 23.9.2026 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1880/2026/ആർ.ഡി.പ്രകാരം 1963 ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനാണ് സർക്കാർ നിലവിൽ സമിതിയെ നിയോഗിച്ചിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നയവ്യതിയാനത്തിന് കാരണമെന്താണെന്ന് വിശദമാക്കുമോ;

(ബി) നയപ്രഖ്യാപനത്തിന് വിരുദ്ധമായി നിലവിൽ 1963ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുവാൻ മാത്രമാണ് ഉദ്ദേശിക്കുന്നതെന്ന

ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 1963 ലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഒഴിവ് ലഭിച്ചിട്ടുള്ള മുഴുവൻ ഭൂമിയും മിച്ചഭൂമിയുടെ പരിധിയിൽ വരുന്നവയായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നയപ്രഖ്യാപനത്തിന് അനുസൃതമായി മുഴുവൻ ഭൂനിയമങ്ങളും സാധാരണ ജനങ്ങൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള ചുമതല, 23.9.26 ലെ ഉത്തരവ് പ്രകാരം രൂപീകരിച്ച സമിതിയെ ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഭൂനിയമങ്ങളുടെ സമഗ്ര പരിഷ്കരണം**

1345 **ശ്രീ. റെജി ചെറിയാൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഭൂനിയമങ്ങൾ കാലപ്പഴക്കം ചെന്നതും കാലികമായ ഭൂവിനിയോഗ ആവശ്യങ്ങൾക്ക് അപര്യാപ്തവുമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിയമങ്ങളിലെ സാങ്കേതികതയുടെ പേരിൽ കർഷകർക്ക് കൃഷിഭൂമിയുടെ അവകാശം കൈമോശം വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; അറിയിക്കുമോ;

(സി) തോട്ടഭൂമിയുടെ സ്വാഭാവികത നിലനിർത്തിക്കൊണ്ടുതന്നെ വിള വൈവിധ്യവൽക്കരണത്തിന് അനുമതി നൽകുന്നത് പരിഗണിക്കുമോ;

(ഡി) കർഷകർ ദശാബ്ദങ്ങളായി അധിവസിക്കുകയും കൃഷി ചെയ്യുകയും ചെയ്തുവരുന്ന ഭൂമിയുടെ പട്ടയ ലഭ്യതയ്ക്കുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതുൾപ്പെടെയുള്ള സമഗ്ര നിയമനിർമാണത്തിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

**താനൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

1346 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത സംവിധാനവുമായി ബന്ധപ്പെടുത്തി മലപ്പുറം ജില്ലയിലെ ടൂറിസം സ്ഥലങ്ങളെ കണക്ട് ചെയ്ത് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) താനൂർ മണ്ഡലത്തിലെ ടൂറിസം സ്ഥലങ്ങളെ കണക്റ്റ് ചെയ്ത് 'വൺ ഡേ ഇൻ താനൂർ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും മാർക്കറ്റ് ചെയ്യുന്നതിനും ഡി.റ്റി.പി.സി. രൂപരേഖ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) താനൂരിലെ പൈതൃക സമ്പത്തുകളായ കേരളാധീശ്വരപുരം ശ്രീകൃഷ്ണ ക്ഷേത്രം, താനൂർ വലിയ കുളങ്ങര പള്ളി, താനാളൂർ നരസിംഹ ക്ഷേത്രം, ശ്രീ. തൃക്കൈക്കാട്ട് മഠം എന്നീ പൈതൃകങ്ങളെ സംരക്ഷിക്കുന്നതിനും അവിടെയെത്തുന്ന ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പിൽഗ്രിം ടൂറിസം പദ്ധതി താനൂരിൽ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

**<u>ബേക്കൽ കോട്ടയിൽ അഡോപ്റ്റ് എ ഹെറിറ്റേജ് പദ്ധതി</u>**

1347 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അഡോപ്റ്റ് എ ഹെറിറ്റേജ് 2.0' പദ്ധതി ഉദുമ മണ്ഡലത്തിലെ ബേക്കൽ കോട്ടയിൽ നടപ്പാക്കാൻ ഏതെങ്കിലും സ്ഥാപനം മുന്നോട്ട് വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യക്ക് ബേക്കൽ കോട്ടയ്ക്കകത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഏതെങ്കിലും വിധത്തിൽ തടസ്സമാകുന്ന റവന്യൂ തർക്കങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

**<u>ആറന്മുള നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>**

1348 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ നിലവിൽ ടൂറിസം വകുപ്പിന്റെ നിർമ്മാണത്തിലിരിക്കുന്നതോ തുക അനുവദിച്ചതോ ആയ ഏതെങ്കിലും പ്രവൃർത്തികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവയുടെ നിലവിലെ പുരോഗതി തരംതിരിച്ച് വ്യക്തമാക്കാമോ?

**ആലപ്പുഴ-അമ്പലപ്പുഴ സമഗ്രമായ നൂതന തീരദേശ ടൂറിസം പദ്ധതി**

1349 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ മത്സ്യതൊഴിലാളികൾ വള്ളം അടുപ്പിക്കാത്ത തീരദേശവും ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആലപ്പുഴ ബീച്ച് ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളും സംയോജിപ്പിച്ച് സമഗ്രമായ നൂതന തീരദേശ ടൂറിസം പദ്ധതി നടപ്പാക്കുമോ; വിശമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളെ ഏകീകൃത ടൂറിസം സർക്യൂട്ടായി വികസിപ്പിക്കുന്നതിനുള്ള സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കുമോ;

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പാരച്യൂട്ട് / സ്കൈഡൈവിംഗ്, ബീച്ച് സൈഡ് മോട്ടോർ റൈഡിംഗ്, നാടൻ മത്സ്യബന്ധന വള്ളങ്ങളിൽ കടൽ യാത്ര തുടങ്ങിയ സാഹസിക വിനോദസൗകര്യങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ, ലൈഫ് ഗാർഡുകൾ, പാർക്കിംഗ്, ശുചിത്വം, ലൈറ്റിംഗ് എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സാങ്കേതിക പഠനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി ഘട്ടംഘട്ടമായി പദ്ധതി നടപ്പാക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ആലപ്പുഴ ജില്ലയിലെ വിനോദസഞ്ചാരികളുടെ വരവും പരാതികളും**

1350 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ ആലപ്പുഴ ജില്ലയിൽ വിനോദസഞ്ചാരികളായി എത്തിയവരുടെ എണ്ണം വർഷംതിരിച്ച് ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ വിനോദസഞ്ചാരികൾ നൽകിയ പരാതികൾ, തട്ടിപ്പ്, അമിത നിരക്ക് ഈടാക്കൽ, സുരക്ഷാ പ്രശ്നങ്ങൾ, താമസ-യാത്രാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷംതിരിച്ച് ലഭ്യമാക്കുമോ;

(സി) രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയവ, കുറ്റപത്രം സമർപ്പിച്ചവ, തീർപ്പാക്കിയവ എന്നിവയുടെ വിശദാംശങ്ങൾ വർഷംതിരിച്ച് ലഭ്യമാക്കുമോ;

(ഡി) വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരുടെ പരാതികൾക്ക് അടിയന്തര പരിഹാരം നൽകുന്നതിനുമായി 2021 മുതൽ 2025 വരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>പുനലൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>**

1351 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ തെന്മല ഇക്കോ ടൂറിസം മേഖലയിൽ ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് സംബന്ധിച്ച വികസന പ്രവർത്തനങ്ങളുടെ ഫയൽ ടൂറിസം വകുപ്പ് അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്നും ഫയൽ നമ്പർ സഹിതം അറിയിക്കാമോ;

(ബി) തെന്മല ഇക്കോ ടൂറിസം മേഖലയിൽ ടൂറിസം വകുപ്പും തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ കൗൺസിലും സംയുക്തമായി നടത്താനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുനലൂർ മണ്ഡലത്തിലുൾപ്പെട്ട മലമേൽപ്പാറ ടൂറിസവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പിന്റെ പരിഗണനയും സഹായവും ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പുനലൂർ മണ്ഡലത്തിലെ മലമേൽപ്പാറ ടൂറിസം സെന്ററിൽ നിലവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**<u>ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സമഗ്ര ടൂറിസം വികസനം</u>**

1352 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ–പൊഴിക്കര ഉൾപ്പെടെയുള്ള പ്രകൃതിദത്തവും സാംസ്കാരികവുമായ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് സമഗ്രമായ ഒരു ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ പരവൂർ കായലിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ബോട്ടിംഗ്, വാക്ക് വേ, സൈക്കിൾ ട്രാക്ക്, വിശ്രമകേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പിൽ നിലവിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതോ പൂർത്തീകരിക്കാത്തതോ ആയ പദ്ധതികൾ എത്രയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ചരിത്ര-സാംസ്കാരിക പ്രാധാന്യമുള്ള കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനും അവയെ ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രാദേശിക യുവാക്കൾക്ക് തൊഴിലും

സ്വയംതൊഴിൽ അവസരങ്ങളും ലഭ്യമാക്കുന്നതിനായി ടൂറിസം വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ?

**കാഞ്ഞങ്ങാട് ടൗൺ സ്ക്വയർ**

1353 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കാഞ്ഞങ്ങാട് ടൗൺ സ്ക്വയർ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

**ജലാശയങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതികൾ**

1354 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ജലാശയങ്ങളെ കോർത്തിണക്കി പരിസ്ഥിതി സൗഹൃദമായ ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജലാശയ ടൂറിസം വികസിപ്പിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നദീതീരങ്ങളെയും അണക്കെട്ടുകളെയും കേന്ദ്രീകരിച്ച് പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**തിരുവമ്പാടി ടൂറിസം സർക്യൂട്ട് സാധ്യത പഠനം**

1355 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ടൂറിസം സർക്യൂട്ടിനെപ്പറ്റി പഠിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സാധ്യത പഠനത്തിന് നിർദ്ദേശം നൽകുമോ; സാധ്യത പഠനത്തിന് ആവശ്യമായ തുക അനുവദിക്കുമോ?

**<u>ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ</u>**

1356 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നിർവഹിച്ചുവരുന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>വർക്കല മൈതാനം അണ്ടർപാസ്സേജ് സൗന്ദര്യവത്ക്കരണത്തിനു അനുവദിച്ച ഫണ്ട്</u>**

1357 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മൈതാനം അണ്ടർ പാസ്സേജ് സൗന്ദര്യവത്ക്കരണത്തിന് വിനോദസഞ്ചാര വകുപ്പ് എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആയതിനുള്ള തുക നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയുടെ സമഗ്ര ടൂറിസം വികസനം</u>**

1358 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയുടെ കടൽത്തീരം, ചരിത്ര-പൈതൃക കേന്ദ്രങ്ങൾ, ഭക്ഷണ വൈവിധ്യം, പ്രകൃതി വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സമഗ്ര ടൂറിസം ഹബ്ബായി വികസിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വിശദമാക്കാമോ; ജില്ലയിൽ കൂടുതൽ ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പുതിയ ടൂറിസം

സർക്യൂട്ടുകളും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും പരിഗണിക്കുമോ; വിശദമാക്കാമോ?

**അരുവിപ്പുറം, തെക്കൻ കുരിശുമല തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം**

1359 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളായ അരുവിപ്പുറം, തെക്കൻ കുരിശുമല എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം, സൗന്ദര്യവൽക്കരണം, ടൂറിസം വികസനം എന്നിവ ലക്ഷ്യമിട്ട് സമഗ്രമായ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ വികസനത്തിനായി വകുപ്പ് മുഖേന നിലവിൽ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തീർത്ഥാടകരുടെയും വിനോദസഞ്ചാരികളുടെയും സൗകര്യാർത്ഥം റോഡ്, പാർക്കിംഗ്, ശുചിമുറി, കുടിവെള്ളം, വിശ്രമകേന്ദ്രം, ലൈറ്റിംഗ്, സൗന്ദര്യവൽക്കരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി**

1360 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിക്കായി വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന് വിനോദ സഞ്ചാര വകുപ്പ് അനുവദിച്ച ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് ഫണ്ടിന്റെ ഭരണാനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് സത്വര നടപടി സ്വീകരിക്കുമോ?

**വടക്കാഞ്ചേരി ശിവരാമപാർക്ക് നവീകരണ പ്രവൃത്തി**

1361 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി ശിവരാമപാർക്ക് നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി**

1362 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശികളും വിദേശികളുമായ സഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; 2021 മുതൽ 2026 വരെയുള്ള കാലയളവിൽ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം എത്രയെന്ന് വിശദമാക്കാമോ;

(ബി) റെസ്പോൺസിബിൾ ടൂറിസം പദ്ധതികളിലൂടെ പ്രാദേശിക ജനങ്ങൾക്ക് ലഭിച്ച തൊഴിലവസരങ്ങൾ എത്രയെന്ന് വിശദമാക്കാമോ;

(സി) ടൂറിസം കേന്ദ്രങ്ങളിലെ അനധികൃത കയ്യേറ്റങ്ങളും നിർമാണങ്ങളും പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ടൂറിസം വികസന പദ്ധതികൾ**

1363 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചരിത്രപ്രസിദ്ധമായ ജലമേളകളെയും വള്ളംകളികളെയും അടുത്ത വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഔദ്യോഗിക മത്സരപ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ടൂറിസം വികസനത്തിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിനായി അനുവദിച്ച തുകയും കൈവരിച്ച പുരോഗതിയും എത്രയെന്ന് വിശദമാക്കാമോ;

(സി) ചങ്ങനാശ്ശേരി, കുട്ടനാട്, ആലപ്പുഴ, കോട്ടയം എന്നീ പ്രദേശങ്ങളെ തമ്മിൽ കോർത്തിണക്കിക്കൊണ്ട് സംയോജിത ടൂറിസം വികസനം സാധ്യമാക്കുന്ന ഏതെങ്കിലും പുതിയ സർക്യൂട്ടുകളോ പദ്ധതികളോ ആലോചനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) അപ്പർ കുട്ടനാടിന്റെയും സമീപത്തെ കായൽപരപ്പുകളുടെയും ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ ടൂറിസം കേന്ദ്രങ്ങളോ പദ്ധതികളോ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>സാഹസിക ടൂറിസം</u>

1364 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സാഹസിക ടൂറിസം കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് നിലവിലുള്ളത്; ട്രെക്കിംഗ്, വാട്ടർ സ്പോർട്സ്, പാരാഗ്ലൈഡിംഗ് തുടങ്ങിയ സാഹസിക ടൂറിസം പ്രവർത്തനങ്ങൾക്ക് സുരക്ഷാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പിന് കീഴിൽ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

<u>സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ സുരക്ഷയും നിയന്ത്രണവും</u>

1365 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിനും രജിസ്ട്രേഷൻ നടത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെ സുരക്ഷാ മാനദണ്ഡങ്ങൾ, ജീവനക്കാരുടെ പരിശീലനം, യോഗ്യത എന്നിവ പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ടോ; വ്യകതമാക്കാമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് നിർബന്ധിത അപകട ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സാഹസിക വിനോദസഞ്ചാരത്തിന് ഉപയോഗിക്കുന്ന ബോട്ടുകൾ, സുരക്ഷാ ജാക്കറ്റുകൾ, ഹെൽമെറ്റുകൾ, കയറുകൾ, സുരക്ഷാ ബെൽറ്റുകൾ തുടങ്ങിയ ഉപകരണങ്ങളുടെ സുരക്ഷയും പ്രവർത്തനക്ഷമതയും പരിശോധിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

1366 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ കുടിവെള്ളം, ശുചിമുറി, പാർക്കിംഗ്, താമസസൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യസംസ്കരണവും ശുചിത്വവും ഉറപ്പാക്കുന്നതിനായി പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ടൂറിസം കേന്ദ്രങ്ങളിലെ തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾ

1367 **ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്തെത്തിയ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രയാണ്; സംസ്ഥാനത്ത് ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ ഏറ്റവും കൂടുതൽ സന്ദർശിച്ചിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ടൂറിസം പ്രചരിപ്പിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ദേശീയ, അന്തർദേശീയ തലങ്ങളിൽ ചെലവഴിച്ച തുക സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ; കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾക്കെതിരെ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ടൂറിസം പദ്ധതികളുടെ ഫണ്ട് വിനിയോഗം**

1368 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിൽ ടൂറിസം വകുപ്പിന് അനുവദിച്ച ബജറ്റ് തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; അതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ; വിനിയോഗിക്കാതെ ശേഷിച്ച തുകയുടെ വിശദാംശങ്ങളും ആയതിന്റെ കാരണവും വിശദമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിൽ ആരംഭിച്ചതും നാളിതുവരെ പൂർത്തിയാക്കാത്തതുമായ ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; അനുവദിച്ച തുകയുടെയും ചെലവിന്റേയും പദ്ധതി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

**കുട്ടനാട്ടിലെ ടൂറിസം പദ്ധതികൾ**

1369 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡല പരിധിയിൽ ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) കുട്ടനാട്ടിൽ കൂടുതൽ ടൂറിസം പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കേണ്ട നടപടിക്രമം വിശദമാക്കാമോ;

(ഡി) ഏറെ ടൂറിസ്റ്റുകൾ എത്തുന്ന കുട്ടനാട്ടിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**തരൂർ വാവുമല ടൂറിസം പദ്ധതി**</u>

1370 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം ടോക്കൺ പ്രൊവിഷനിൽ ഒരു കോടി അമ്പത് ലക്ഷം രൂപ വകയിരുത്തിയ തരൂർ നിയോജകമണ്ഡലത്തിലെ വാവുമല ടൂറിസം പദ്ധതി പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>**വടക്കാഞ്ചേരി മണ്ഡലത്തിൽ ടൂറിസം പദ്ധതികൾ**</u>

1371 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**കണ്ണൂർ മുണ്ടേരി കടവ് പക്ഷി സങ്കേതം**</u>

1372 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ പ്രധാന പക്ഷി സങ്കേതമായ മുണ്ടേരിക്കടവിൽ ആരംഭിച്ച മുണ്ടേരിക്കടവ് ഇക്കോ ടൂറിസം പ്രൊജക്റ്റിന്റെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഏതൊക്കെ പ്രവര്‍ത്തങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്താന്‍ നിശ്ചയിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

**മടവൂര്‍പാറ ടൂറിസം പദ്ധതി**

1373 **ശ്രീ. വി. മുരളീധരന്‍** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സാഹസിക ടൂറിസം പദ്ധതിക്ക് വളരെ അനുയോജ്യമായ മടവൂര്‍പാറയിലെ ടൂറിസം സാധ്യതകള്‍ വര്‍ദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികള്‍ വ്യക്തമാക്കാമോ;

(ബി) മടവൂര്‍പാറയിലെ ടൂറിസം പദ്ധതികള്‍ക്കായി സര്‍ക്കാര്‍ ഏറ്റെടുത്ത ഭൂമിയില്‍ യാതൊരു വികസന പരിപാടികളും നടപ്പിലാക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; അവിടെ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്ന പദ്ധതികള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മടവൂര്‍പാറയിലെ വികസനത്തിനായി ടൂറിസം വകുപ്പ് സമര്‍പ്പിച്ചുവെന്ന് പറയപ്പെടുന്ന ഏഴ് കോടി രൂപയുടെ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാന്‍ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) മടവൂര്‍പാറയില്‍ സ്ഥാപിച്ചിട്ടുള്ള കുട്ടികളുടെ പാര്‍ക്കും മുളകൊണ്ട് നിര്‍മ്മിച്ച പാലവും കാലപ്പഴക്കം മൂലം ജീര്‍ണിച്ച അവസ്ഥയിലായത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുവാന്‍ എന്ത് നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മലയോര-സാഹസിക ടൂറിസം കേന്ദ്രങ്ങളില്‍ സഞ്ചാരികളുടെ സുരക്ഷ**

1374 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മലയോര മേഖലകളില്‍ പ്രവര്‍ത്തിക്കുന്ന സാഹസിക ടൂറിസം കേന്ദ്രങ്ങളില്‍ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള രജിസ്ട്രേഷനും സുരക്ഷാ പെര്‍മിറ്റുകളും നിര്‍ബന്ധമാക്കാന്‍ കൈക്കൊണ്ട നടപടികള്‍ എന്തൊക്കെയാണ്;

(ബി) വന്യജീവി സങ്കേതങ്ങൾക്കും കാടുകൾക്കും സമീപമുള്ള ടൂറിസം കേന്ദ്രങ്ങളിൽ വനം വകുപ്പുമായുള്ള ഏകോപനത്തിലൂടെ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്?

ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ വികസനം

1375 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിലൂടെ പ്രാദേശിക ജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) വന്യജീവി സാന്നിധ്യമുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുന്ദമംഗലം മണ്ഡലത്തിൽ ടൂറിസം സർക്യൂട്ട്

1376 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാമ്പുഴ അഥവാ കല്ലായിപ്പുഴ കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതികളുടെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രി നടത്തിയ സ്ഥലം സന്ദർശനത്തിന്റെ തുടർച്ചയായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മാമ്പുഴ അഥവാ കല്ലായിപ്പുഴയുടെ സ്വാഭാവിക ഭംഗിയും പരിസ്ഥിതി സൗഹൃദ അന്തരീക്ഷവും നിലനിർത്തിക്കൊണ്ട് ഇക്കോ-ടൂറിസം, വാട്ടർ കനാൽ/ടൂറിസം സർക്യൂട്ട് എന്നിവ യാഥാർത്ഥ്യമാക്കുന്നതിന് ഏതെങ്കിലും പ്രത്യേക പ്രൊപ്പോസൽ തയാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിൽ ജലഗതാഗതവും വിനോദസഞ്ചാരവും സമന്വയിപ്പിച്ചുകൊണ്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ആലോചിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് പുറമേ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മറ്റ് സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെയും ചാലിയാർ ടൂറിസം, പൊൻപറക്കുന്ന്, ഊർക്കടവ് മുതൽ ആരംഭിച്ച് വരുന്ന കടലുണ്ടി പക്ഷി സങ്കേതം കോർത്തിണക്കി ഒരു പ്രത്യേക 'ടൂറിസം സർക്യൂട്ട്' ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>**വള്ളിക്കുന്നിൽ ഇക്കോ ടൂറിസം പദ്ധതി**</u>

1377 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവിലെ ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് പുതിയ ഇക്കോ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വൈവിധ്യമാർന്ന പ്രകൃതിസമ്പത്തിനെക്കുറിച്ചും തീരദേശ ടൂറിസം സാധ്യതകളെക്കുറിച്ചും ടൂറിസം വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നിരവധി ടൂറിസം സാധ്യതകളുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിനായി പ്രത്യേക ടൂറിസം പാക്കേജ് പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**കേരളത്തിന്റെ വിനോദസഞ്ചാര മേഖല ശക്തിപ്പെടുത്താൻ നടപടികൾ**</u>

1378 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാവി കേരളത്തിന്റെ ഏറ്റവും വലിയ വരുമാനസ്രോതസ്സാകാൻ പോകുന്ന വിനോദസഞ്ചാര മേഖലയുടെ പുത്തൻ ഉണർവിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിന്റെ ടൂറിസം സാധ്യതകൾ മറ്റ് സംസ്ഥാനങ്ങളിലും വിദേശത്തും പരിചയപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

<u>**അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണ പുരോഗതി**</u>

1379 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിലെ യാത്രി നിവാസ് നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതിയില്ലാ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ;

(സി) ആയതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>**വെണ്ടുരുത്തി പഴയ പാലം ഫുഡ് സ്ട്രീറ്റ് ആക്കുന്ന പദ്ധതി**</u>

1380 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ വെണ്ടുരുത്തി പഴയ പാലം നവീകരിച്ച് ഫുഡ് സ്ട്രീറ്റ് ആക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>**പെരുമ്പാവൂരിന്റെ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന പദ്ധതി**</u>

1381 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ ആയിരക്കണക്കിന് വിനോദസഞ്ചാരികൾ വന്നു പോകുന്ന പാണംകുഴി വിനോദസഞ്ചാര കേന്ദ്രം, പാണിയേലി പോര്, കല്ലിൽ ഗുഹാക്ഷേത്രം, നഗര മധ്യത്തിൽ 100 ഏക്കറിൽ അധികം വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ഇരിങ്ങോൾ കാവ്, ക്രൈസ്തവ തീർത്ഥാടന കേന്ദ്രമായ മലയാറ്റൂർ, പ്രകൃതി രമണീയമായ ഒക്കൽ തുരുത്ത്, ശ്രീ ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി, 9 ആനകളെ പരിശീലനം നടത്തുന്നതിന് സൗകര്യമുള്ള കോടനാട് അഭയാരണ്യം, പെരിയാറിന്റെ തീരത്തുള്ള സ്ഥലങ്ങൾ എന്നീ പ്രകൃതിദത്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളെ കൂട്ടി ബന്ധിപ്പിച്ചുകൊണ്ട് ഒരു സമഗ്ര ടൂറിസ്റ്റ് കോറിഡോർ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

(ബി) ടൂറിസം രംഗത്ത് ഏറെ സാധ്യതകൾ ഉള്ള പെരുമ്പാവൂരിന്റെ മൊത്തത്തിലുള്ള വികസനത്തിന് ആക്കം കൂട്ടുന്നതിനും സർക്കാരിന് അധിക വരുമാന മാർഗ്ഗമാകുന്നതിനും ഉതകുന്ന പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠനം നടത്താനും പ്രൊപ്പോസൽ തയ്യാറാക്കാനും നടപടി സ്വീകരിക്കുമോ?

<u>**മലബാർ ട്രാവൽ മാർട്ട്**</u>

1382 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിന്റെ ടൂറിസം വികസനം മുന്നിൽ കണ്ട് 'മലബാർ ട്രാവൽ മാർട്ട്' സംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) നിലവിൽ രണ്ട് വർഷത്തിലൊരിക്കൽ കേരള ട്രാവൽ മാർട്ട് നടക്കുന്ന സാഹചര്യത്തിൽ ഏത് സമയത്തായിരിക്കും മലബാർ ട്രാവൽ മാർട്ട് നടത്താനാകുക എന്നത് വ്യക്തമാക്കുമോ;

(സി) മലബാറിന് മാത്രമായുള്ള ഒരു ടൂറിസം പദ്ധതിയായിരിക്കുമോ ഇത്; വിശദമാക്കുമോ?

<u>**പോത്തുണ്ടി ടൂറിസം വികസന പദ്ധതി**</u>

1383 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പോത്തുണ്ടി ടൂറിസം വികസന പദ്ധതിക്കായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഏത് സാമ്പത്തിക വർഷത്തെ ബജറ്റിലാണ് പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഇറിഗേഷൻ വകുപ്പുമായി ഏകോപിച്ച് ഭരണാനുമതി സംബന്ധിച്ച തടസ്സങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും എന്തെല്ലാം അടിയന്തര തുടർനടിപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കോന്നി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

1384 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഗുരു നിത്യ ചൈതന്യയതി സാംസ്കാരിക കേന്ദ്രം, കുടൽ രാക്ഷസൻ പാറ ടൂറിസം പദ്ധതി എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**പുളിമാത്ത് കടലുകാണിപാറ ടൂറിസം പദ്ധതി**

1385 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് കടലുകാണിപാറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ കഴിഞ്ഞ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

**അരുവിക്കര ഉഴമലയ്ക്കലിൽ സോഫ്റ്റ് അഡ്വഞ്ചറസ് പാർക്ക്**

1386 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിൽ പ്രാദേശിക ടൂറിസം വികസനത്തിന്റെ ഭാഗമായി സോഫ്റ്റ് അഡ്വഞ്ചറസ് പാർക്ക് സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

**മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

1387 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നംചിറ ടൂറിസം പദ്ധതിക്കായി ബജറ്റിൽ അനുവദിച്ച തുകയും പ്രവൃത്തിയുടെ തൽസ്ഥിതിയും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തുന്നത് പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

**വാഗമൺ ടൂറിസം പദ്ധതിയുടെ പുരോഗതി**

1388 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ വാഗമൺ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ ചെയ്തിട്ടുള്ള നിർമ്മാണപ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മൂന്ന് കോടി രൂപയോളം ചെലവഴിച്ച് ഭൂരിഭാഗവും പൂർത്തിയാക്കിയ പ്രസ്തുത പദ്ധതി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2025 അവസാനഘട്ടത്തിൽ സംരംഭകരിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചെങ്കിലും തുടർ നടപടികൾ സ്വീകരിക്കാതെ മുടങ്ങികിടക്കുന്ന സാഹചര്യം കണക്കിലെടുത്ത് പദ്ധതി മുന്നോട്ട് കൊണ്ടുപോകാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ?

**ചൊക്ലി മോന്താൽ പാത്തിക്കൽ തീരദേശ നടപ്പാത നിർമ്മാണം**

1389 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ) വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) 4 കോടി രൂപ നീക്കിവെച്ചിട്ടുള്ള ചൊക്ലി ഗ്രാമപഞ്ചായത്തിലെ മോന്താൽ പാത്തിക്കൽ തീരദേശ നടപ്പാത പദ്ധതി നടപ്പിലാക്കുന്നതിനായി ടൂറിസം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

<u>**മംഗലം ഡാം ടൂറിസം പദ്ധതി**</u>

1390 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷം സംസ്ഥാനത്ത് എത്തിയ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രയാണ്; ഇതിലൂടെ സംസ്ഥാനത്തിന് ലഭിച്ച വരുമാനം കണക്കാക്കിയിട്ടുണ്ടോ;

(ബി) വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർധനവോ കുറവോ ഉണ്ടായിട്ടുണ്ടോ; കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) മംഗലം ഡാം ടൂറിസം പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>**പെരുവണ്ണാമൂഴി ടൂറിസം പദ്ധതി**</u>

1391 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വികസന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**മന്ത്രിമാരുടെ യാത്രകൾക്കായി അനുവദിക്കപ്പെട്ട വാഹനങ്ങൾ**

1392 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി ഉൾപ്പടെയുള്ള മന്ത്രിമാരുടെ യാത്രകൾക്കായി അനുവദിക്കപ്പെട്ടതും ഉപയോഗിച്ചതും ഉപയോഗിക്കുന്നതുമായ വാഹനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങളുടെ ഉടമസ്ഥത തെളിയിക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മന്ത്രിമാർ സ്വകാര്യവാഹനങ്ങൾ ഉപയോഗിച്ചുവെന്നും പ്രസ്തുത വാഹനങ്ങൾക്ക് വാടക, ഇന്ധനം, തുടങ്ങിയ ഇനങ്ങളിൽ സർക്കാർ ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ?

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ടൂറിസം വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി**

1393 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിയും നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കുന്നതിന് സ്ഥലം ഏറ്റെടുപ്പ്, സാങ്കേതിക അനുമതികൾ അല്ലെങ്കിൽ മറ്റ് തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെ പദ്ധതികളെയാണ് ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ തടസ്സങ്ങൾ നേരിടുന്ന പദ്ധതികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പ് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; തടസ്സങ്ങൾ പരിഹരിച്ച് പ്രസ്തുത പദ്ധതികളുടെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഉത്തര മലബാറിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പുതുതായി

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതോ പ്രൊപ്പോസൽ ഘട്ടത്തിലുള്ളതോ ആയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) മഞ്ചേശ്വരം മണ്ഡലത്തിലെ വലിയ സാധ്യതയുള്ള ബീച്ച് ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, ചരിത്രപ്രസിദ്ധമായ ആരിക്കാടി കോട്ട, പരിസ്ഥിതി ടൂറിസം കേന്ദ്രമായ പൊസഡിഗുംബെ എന്നിവയുടെ വികസനത്തിനും സംരക്ഷണത്തിനുമായി ടൂറിസം വകുപ്പ് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികളും ഭാവി പദ്ധതികളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**കലശകല ഇക്കോ ടൂറിസം കേന്ദ്രത്തിൽ ഓഡിറ്റോറിയവും സ്റ്റേജും നിർമ്മാണം**

1394 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലശകല ഇക്കോ ടൂറിസം കേന്ദ്രത്തിൽ ഓഡിറ്റോറിയവും സ്റ്റേജും നിർമ്മിക്കുന്നതിനായി 2025-26-ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയ 150 ലക്ഷം രൂപ വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം സമർപ്പിച്ച ഡിസൈൻ അംഗീകരിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെണ് വിശദമാക്കാമോ;

(ബി) ഡിസൈൻ അംഗീകാരവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ വേഗത്തിൽ നീക്കി നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ നടപടികളിലേക്ക് കടക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

**കുന്നംകുളം മണ്ഡലത്തിലെ കലശകല ഇക്കോടൂറിസം പദ്ധതി**

1395 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കലശകല ഇക്കോടൂറിസം പദ്ധതിക്കായി വിനോദസഞ്ചാര വകുപ്പ് അധികമായി ഏറ്റെടുത്ത ഭൂമി പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ വികസന തുടർ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ?

**തിരുവനന്തപുരം നെല്ലിക്കുഴി പാലം നിർമ്മാണത്തിലെ അപാകത**

1396 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലൂടെ ഒഴുകുന്ന ആമയിഴഞ്ചാൻ തോടിന് കുറുകെ 4.96 കോടി രൂപ ചെലവിട്ട് ടൂറിസം വകുപ്പ് നിർമ്മിച്ച നെല്ലിക്കുഴി പാലം ഏഴ് വർഷത്തിലധികമായി യാതൊരു പ്രയോജനവും ഇല്ലാത്ത ഒരു നിർമ്മിതി ആയി തുടരുന്ന എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലം നിർമ്മിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ ഇരുവശങ്ങളിലും നിലവിൽ അപ്രോച്ച് റോഡുകൾ ഇല്ലെന്നിരിക്കെ എന്തിനാണ് പാലം നിർമ്മിച്ചതെന്ന് വ്യക്തമാക്കാമോ; 10 മീറ്റർ ഉയരത്തിൽ തോടിന് കുറുകെ നിർമ്മിച്ചിരിക്കുന്ന പാലത്തിൽ ഏതു തരത്തിലുള്ള അപ്രോച്ച് റോഡാണ് ഡിസൈൻ ചെയ്യുക എന്ന് വ്യക്തമാക്കാമോ;

(സി) യാതൊരു തരത്തിലുള്ള പഠനങ്ങളും പരിശോധനകളും ഇല്ലാതെയാണോ നെല്ലിക്കുഴി പാലം നിർമ്മിച്ചത്; എങ്കിൽ അതിനുണ്ടായ സാഹചര്യവും അതിന് ഉത്തരവാദികളായവരെയും കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെന്ന് തെളിഞ്ഞാൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ടൂറിസം കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ**

1397 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ കൂടുതൽ സ്ത്രീസൗഹൃദവും സുരക്ഷിതവുമാക്കുന്നതിനായി ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ?

**ചിറയിൻകീഴ് പ്രേംനസീർ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതി**

1398 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് പ്രേംനസീർ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് ആകെ എത്ര രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായി പൂർത്തീകരിക്കുന്നതിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്ര നിർമ്മാണം</u>**

1399 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നവോത്ഥാന നായകനായ വാഗ്ഭാടാനന്ദന്റെ ജന്മദേശമായ പാട്യത്ത് വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈൻ, കൺസെപ്റ്റ് നോട്ട് എന്നിവ തയ്യാറാക്കുന്നതിന് വാസ്തുവിദ്യാ ഗുരുകുലത്തെയും, എസ്.പി.വി. ആയി കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷനെയും പി.എം.സി. ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപറേഷനെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായെങ്കിലും തുടർനടപടികളൊന്നും സ്വീകരിക്കാൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണം എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

**<u>കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്നതിന് പദ്ധതിയിട്ട സാംസ്കാരിക കേന്ദ്രങ്ങൾ</u>**

1400 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി ധനസഹായത്തോടെ ഓരോ ജില്ലയിലും സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്ത 14 ജില്ലകളിലെയും സാംസ്കാരിക കേന്ദ്രങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന എത്ര സാംസ്കാരിക കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത സാംസ്കാരിക കേന്ദ്രങ്ങൾ വഴി എന്ത് സാംസ്കാരിക പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്; നിലവിൽ നിർമ്മാണം പൂർത്തിയായ സാംസ്കാരിക കേന്ദ്രങ്ങളിൽ എന്ത് സാംസ്കാരിക പദ്ധതികളാണ് നടന്നുവരുന്നത്; വിശദമാക്കുമോ;

(ഡി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനായി ഏറ്റെടുത്തിരിക്കുന്ന ഭൂമിയിൽ സാംസ്കാരിക കേന്ദ്രനിർമ്മാണം വൈകുന്നതിന് കാരണം വിശദമാക്കുമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

## <u>സാംസ്കാരിക വകുപ്പിന് കീഴിലെ സ്ഥാപനങ്ങളെ നവീകരിക്കാൻ നടപടി</u>

1401 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസത്തിലും സാമൂഹിക ചുറ്റുപാടിലും വളരെ മുന്നിൽ നിൽക്കുന്ന കേരളത്തിന്റെ സാംസ്കാരിക പെരുമ കൂടുതൽ ഉയരങ്ങളിൽ എത്തിക്കാൻ സാംസ്കാരിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് വർദ്ധിപ്പിക്കാൻ കഴിയുന്ന രീതിയിൽ കൃത്യമായ ഇടവേളകളിൽ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ച് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>പൈതൃക ഗ്രാമം പദ്ധതി</u>

1402 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും ഭരണാനുമതി ലഭിച്ചതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൈതൃകഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലസൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണം

1403 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് സമീപം പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം നിർമ്മിക്കാൻ മുൻ സർക്കാർ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കണ്ണപുരം കലാഗ്രാമം പദ്ധതി

1404 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കണ്ണപുരം കലാഗ്രാമം പദ്ധതിക്ക് 12.01.2026-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 23/2026/സാം.കാ.വ. പ്രകാരം ഭരണാനുമതി ലഭ്യമായിട്ടും ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഫെസ്റ്റിവൽ കേരളം

1405 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവിയുടെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് ഫെസ്റ്റിവൽ കേരളം എന്ന പേരിൽ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ

ആഘോഷങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആഘോഷത്തിന്റെ ഭാഗമായി രാജ്യത്തെ ഏതൊക്കെ നഗരങ്ങളിൽ എന്തൊക്കെ പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന രീതിയിൽ എന്തൊക്കെ കാര്യങ്ങളാണ് ഫെസ്റ്റിവൽ കേരളത്തിന്റെ ഭാഗമായി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

**<u>സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങൾ</u>**

1406 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സാംസ്കാരിക കാര്യവകുപ്പിന്റെ കീഴിലുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സാംസ്കാരിക സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സാംസ്കാരിക സ്ഥാപനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും കുട്ടികളെയും യുവജനങ്ങളെയും കലാരംഗത്തേക്ക് ആകർഷിക്കുന്നതിനും പ്രചോദനം നൽകുന്ന കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ?

**<u>കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ</u>**

1407 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും നൽകിവരുന്ന പെൻഷൻ, ക്ഷേമപദ്ധതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; അർഹരായ എല്ലാവർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാകാരന്മാർക്ക് ചികിത്സാ സഹായവും അടിയന്തര ധനസഹായവും നൽകുന്നതിനുള്ള സർക്കാർ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നാടൻ കലാരൂപങ്ങൾ, അനുഷ്ഠാന കലകൾ, പരമ്പരാഗത കലകൾ എന്നിവയിൽ പ്രവർത്തിക്കുന്ന കലാകാരന്മാരുടെ ഉപജീവനം സംരക്ഷിക്കുന്നതിനായി നിലവിൽ ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>കലാകാരന്മാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ</u>**

1408 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാരുടെ ക്ഷേമനിധിയിൽ അംഗത്വം നേടിയിട്ടുള്ളവരുടെ എണ്ണം എത്രയാണെന്നും ക്ഷേമനിധിയിൽനിന്നുള്ള എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ക്ഷേമനിധി പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയിൽ കുടിശ്ശിക വരുത്തിയിരുന്നോ; വിശദമാക്കുമോ;

(സി) കലാകാരന്മാർക്കുള്ള ആനുകൂല്യങ്ങളും സഹായങ്ങളും കുടിശ്ശികയില്ലാതെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകത്തിന്റെ നിർമ്മാണം</u>**

1409 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകത്തിന്റെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്മാരകത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അത് പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

**<u>പൂവച്ചൽ ഖാദർ സ്മാരക പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

1410 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പൂവച്ചൽ ഖാദർ സ്മാരക പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

**<u>പുലയനാർ കോട്ട സാംസ്കാരിക കേന്ദ്രം</u>**

1411 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ്റാണ്ടുകൾക്ക് മുൻപ് തിരുവനന്തപുരത്തെ പുലയനാർ കോട്ട കേന്ദ്രീകരിച്ച് പുലയ രാജവംശം നിലനിന്നിരുന്നതായും അതിനാൽ പുലയനാർക്കോട്ട കേന്ദ്രീകരിച്ച് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കണമെന്നുമുള്ള പൊതുജനങ്ങളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുലയ രാജവംശത്തിന്റെ കാലഘട്ടത്തെ ഓർമിപ്പിക്കുന്ന ചരിത്ര സ്മൃതികൾ സംരക്ഷിക്കുന്നതിനും മഹാത്മാ അയ്യങ്കാളിയുടെ സംഭാവനകൾ വരും തലമുറയെ ഓർമ്മപ്പെടുത്തുന്നതിനും പുലയനാർ കോട്ട സാംസ്കാരിക കേന്ദ്രത്തോടൊപ്പം അയ്യങ്കാളി മ്യൂസിയവും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഒരുവാതിൽകോട്ട, ആനയറ, ആക്കുളം തുടങ്ങിയ മേഖലകളിൽ വ്യാപിച്ചുകിടക്കുന്ന പുലയ രാജവംശത്തിന്റെ അധീനപ്രദേശം എന്നറിയപ്പെടുന്ന പ്രദേശത്ത് വിവിധ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ സ്ഥാപിതമായിട്ടും ആ പ്രദേശത്തിന്റെ പേര് അന്വർത്ഥമാകുന്ന തരത്തിൽ ഈ പ്രദേശത്തിന്റെ സാംസ്കാരിക തനിമ നിലനിർത്താൻ സർക്കാർ പദ്ധതികൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## മടിക്കൈ സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയ നിർമ്മാണം

1412 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മടിക്കൈ സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ സ്ഥാപനത്തിന്റെ തുടർനടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കുമോ?

## ചേറ്റുവയിൽ രാമു കാര്യാട്ട് സ്മാരക സിനിമ തിയേറ്റർ

1413 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചേറ്റുവയിൽ രാമു കാര്യാട്ട് സ്മാരക സിനിമ തിയേറ്ററിനായി റവന്യൂ ഭൂമി ട്രാൻസ്ഫർ ചെയ്ത് ലഭിയ്ക്കുന്നതിനായി സാംസ്കാരിക വകുപ്പ് അപേക്ഷ നൽകിയിട്ടുണ്ടോ; ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് സിനിമ തിയേറ്റർ നിർമ്മാണത്തിനായി കഴിഞ്ഞ 5 വർഷക്കാലയളവിൽ റവന്യൂ ഭൂമി സാംസ്കാരിക വകുപ്പിന് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ബജറ്റിൽ 20% വകയിരുത്തിയ ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവ രാമു കാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കതിരൂർ പയ്യമ്പള്ളി ചന്തു സ്മാരകത്തിന്റെ നിർമ്മാണം**

1414 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ പയ്യമ്പള്ളി ചന്തു സ്മാരകത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സാംസ്കാരിക വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കെ.എസ്.എഫ്.ഡി.സി. തീയറ്റർ സമുച്ചയ നിർമ്മാണം**

1415 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന ആമ്പല്ലൂർ കെ.എസ്.എഫ്.ഡി.സി.(കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ) തീയറ്റർ സമുച്ചയ നിർമ്മാണം നിലച്ചിട്ട് വർഷങ്ങൾ പിന്നിട്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീയറ്റർ നിർമ്മാണത്തിലുണ്ടായിട്ടുള്ള വലിയ കാലതാമസം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും, നിർമ്മാണം പൂർത്തിയാക്കി തീയ്യറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത തീയറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**സിനിമാ മേഖലയ്ക്ക് വ്യവസായ പദവി**

1416 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമയുടെ കലാ-സാംസ്കാരിക മൂല്യങ്ങളുടെ സംരക്ഷണത്തിനൊപ്പം വിപണന സാധ്യതകൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണോ സിനിമാ മേഖലയ്ക്ക് വ്യവസായ പദവി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ പദവിക്കൊപ്പം ചലച്ചിത്ര മേഖലയിലെ ധനസമാഹരണത്തിനായി ബാങ്ക് വായ്പ ഉൾപ്പെടെയുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സിനിമാ മേഖലയിലെ സ്ത്രീകളുടെ സുരക്ഷയും ജോലിയുടെ സമയക്രമവും ഉറപ്പാക്കുന്നതിനും പരാതിപരിഹാര സെൽ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>

1417 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാകാരന്മാർക്ക് ധനസഹായവും ക്ഷേമപദ്ധതികളും ലഭ്യമാക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടികളിലും യുവാക്കളിലും കലാ-സാംസ്കാരിക അഭിരുചി വളർത്തുന്നതിനായി സാംസ്കാരിക സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്ന പ്രത്യേക പരിപാടികളും പരിശീലന പദ്ധതികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വടകര നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾക്കും കലാ-സാഹിത്യ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്നതിനായി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം, **ഷാജി സി ബേബി**
2026 ഒക്ടോബർ 07, ബുധൻ സെക്രട്ടറി ഇൻചാർജ്

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].